www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2023 ജൂൺ ₹ 12

പുസ്തകം 9 ലക്കം 11



## ഈ വിജയത്തിനു മധുരമേറെ

ഉന്നതവിദ്യാഭ്യാസമേഖലയിലെ എൻഐആർഎഫ് റാങ്കിങ്ങിലും നാക് അക്രഡിറ്റേഷനിലും മികവിലേക്ക് ഉയർന്ന് കേരളം.

കേരളത്തിൽ പഠിക്കാം... കോഴ്സുകൾ അറിയാം പേജ് 15-36



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേക്ഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൌമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**ടി.വി. സുഭാഷ് ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**എൽ. ഹേമന്ത് കുമാർ**
**പ്രഭാത് നായർ**
സർക്കുലേഷൻ ഓഫീസർ
**എൻ. സതീഷ് കുമാർ**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

June 1, 2023, Volume 9, Issue 11
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

**എഡിറ്റർ, സമകാലിക ജനപഥം,**
**സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,**
**തിരുവനന്തപുരം - 695001**
prdmalayalam@gmail.com
**0471 2518171**

**വരിക്കാരാകാൻ**
**120 രൂപയുടെ മണി ഓർഡർ,**
**ഡയറക്ടർ,**
**ഇൻഫർമേഷൻ പബ്ലിക്**
**റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,**
**1-ാം നില, സെക്രട്ടേറിയറ്റ് അനക്സ്-1,**
**തിരുവനന്തപുരം-1**
**എന്ന വിലാസത്തിൽ അയയ്ക്കുക.**

0471 2517036
iocirculation@gmail.com

**ലേഖകരുടെ അഭിപ്രായം**
**സർക്കാരിന്റേതായിരിക്കണമെന്നില്ല.**
**അവയുടെ പൂർണ ഉത്തരവാദിത്വം**
**ലേഖകർക്ക് മാത്രമായിരിക്കും.**

സമകാലിക
ജനപഥം

2023 ജൂൺ 1
പുസ്തകം 9 ലക്കം 11

# ഈ വിജയത്തിനു മധുരമേറെയാണ്



സ്കൂളുകളും കോളേജുകളും തുറന്നു. പുതിയ ഭാവിയിലേക്കുള്ള വറ്റാത്ത പ്രതീക്ഷകളുമായി നമ്മുടെ കുട്ടികൾ ഒരു അക്കാദമികവർഷത്തിലേക്കുകൂടി ചുവടുവച്ചിരിക്കുകയാണ്. നീണ്ട വേനലവധിക്കുശേഷം വിദ്യാലയങ്ങളിൽ സാധാരണയായി നിറയുന്ന ഉത്സാഹാരവങ്ങൾക്കപ്പുറം അഭിമാനാഹ്ലാദങ്ങളുടെ സവിശേഷാന്തരീക്ഷം ഇത്തവണ കേരളത്തിനുണ്ട്. കലാലയങ്ങളുടെ അക്കാദമിക മികവ് പരിശോധിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ മികച്ച പ്രകടനം കാഴ്ചവച്ചതാണ് പ്രധാനം. കേരള സർവകലാശാല ദേശീയതലത്തിൽ 24ലും കോളജുകളുടെ വിഭാഗത്തിൽ തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളജ് 26ലും ഇടംനേടി. നാക് അക്രഡിറ്റേഷനിലും നമ്മുടെ സ്ഥാപനങ്ങൾ മികവിലാണ്. അടിസ്ഥാനസൗകര്യവികസനത്തിലും ഗവേഷണാഭിമുഖ്യത്തിനും ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് സർക്കാർ നൽകുന്ന കരുത്തുറ്റ പിന്തുണയുടെയും ലക്ഷ്യാധിഷ്ഠിതമായ ആസൂത്രണത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെയും ഫലമാണ് ഇതെന്നു പറയാം. പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസമേഖലകളിൽ പഠനമികവ് ഉറപ്പാക്കിയതിനൊപ്പം അക്കാദമിക് കലണ്ടർ പാലിക്കാനും പരീക്ഷയും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും കൃത്യസമയത്ത് നടപ്പാക്കാൻ കഴിഞ്ഞതും ഈ സർക്കാരിന്റെ സുപ്രധാനനേട്ടമാണ്. സാമൂഹികപുരോഗതിയിലേക്കുള്ള പാതയായി വിദ്യാഭ്യാസമേഖലയുടെ വളർച്ചയെ കാണുകയും മികവിനും ഗുണനിലവാരത്തിനുമൊപ്പം സാമൂഹികനീതിയും തുല്യതയും ഉറപ്പാക്കുന്ന കേരളമാതൃകയാണ് നാം പിന്തുടരുന്നത്. അത് ഈ ദേശീയാംഗീകാരത്തിന്റെ മധുരമേറ്റുന്നു. ഉന്നതവിദ്യാഭ്യാസമേഖലയുടെ പുരോഗതിയാണ് ഈ ലക്കം സമകാലിക ജനപഥം കവർസ്റ്റോറി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ അവസരങ്ങളും കോഴ്സുകളും അറിയാൻ ഉൾപ്പെടുത്തിയിരിക്കുന്ന പ്രത്യേക പേജുകളും വിദ്യാർഥികൾക്ക് പ്രയോജനപ്പെടുമെന്ന് പ്രതിക്ഷിക്കുന്നു.

**ടി. വി സുഭാഷ് ഐ.എ.എസ്**
എഡിറ്റർ

# ഉള്ളടക്കം


05 **ആ വാഗ്ദാനവും പാലിക്കപ്പെടുന്നു**
പിണറായി വിജയൻ
മുഖ്യമന്ത്രി

08 **മികവോടെ പഠനം തികവോടെ വിജയം**
വി. ശിവൻകുട്ടി

11 **ഉന്നതവിദ്യാഭ്യാസ ഹബ്ബായി മാറുക ലക്ഷ്യം**
ഡോ. ആർ. ബിന്ദു

16 **നല്ല ഭാവിക്കായി... പഠനവൈവിധ്യമൊരുക്കി കേരളം**
ഡോ. എസ്. രാജൂ കൃഷ്ണൻ

20 **തൊഴിൽനൈപുണ്യം ട്രെൻഡിങ് കോഴ്സുകളിലൂടെ**

22 **ശാസ്ത്രീയമായി പഠിക്കാം നിർമ്മാണം**
ഡോ. ബി. സുനിൽ കുമാർ

24 **വിനോദസഞ്ചാരത്തിലെ തൊഴിൽസാധ്യതകൾ**
ഡോ. ബി. രാജേന്ദ്രൻ

26 **വിദൂരപഠനം എല്ലാവർക്കും എപ്പോഴും**
പി. എം. മുബാറക് പാഷ

28 **കേരളത്തിലെ പ്രധാന സർവകലാശാലകളും കോഴ്സുകളും**

37 **കേരളം തെളിയിക്കുന്നു**
ഡോ. എസ്. നസീബ്

40 **ശ്രേഷ്ഠം രാജകീയം**
അമിയ എം

42 **സമ്പൂർണ്ണ ശുചിത്വ കേരളത്തിനായി കൈകോർക്കാം**
എം. ബി. രാജേഷ്

45 **സംരക്ഷിക്കാം കുട്ടികളുടെ സ്വകാര്യതയും അഭിമാനവും**
കെ. വി. മനോജ് കുമാർ

46 **അഭിമാനം ഈ നിയമസഭാമന്ദിരം**
എം. വിജയകുമാർ

48 **മഴക്കാലമാണ് മറക്കരുത്**
ഡോ. പി. എസ്. ഇന്ദു

50 **സ്നേഹമഴ നനഞ്ഞ കുട്ടി**
കെ.പി രാമനുണ്ണി

51 **ഈറൻ കൂട്ടുപാതകൾ**
അനന്തപത്മനാഭൻ





കവർ ഫോട്ടോ:
**ശ്രീലാസ് സി.പി, ഐപിആർഡി**





# ആ വാഗ്ദാനവും പാലിക്കപ്പെടുന്നു

'എല്ലാവർക്കും ഇന്റർനെറ്റ്' എന്ന കേരളത്തിന്റെ സ്വപ്നം യാഥാർഥ്യമാവുകയാണ്. കേരളത്തിലെ സർക്കാരിന്റെ ജനകീയ ബദൽനയങ്ങളുടെ മറ്റൊരു ഉദാഹരണമായി മാറുകയാണ് കെ-ഫോൺ പദ്ധതി

**പിണറായി വിജയൻ**
മുഖ്യമന്ത്രി

സമൂഹത്തിലെ ഡിജിറ്റൽ അന്തരം അവസാനിപ്പിക്കാൻ നാം കണ്ടെത്തിയ തനതായ മാർഗം അതാണ് കെ-ഫോൺ പദ്ധതി. ഇന്റർനെറ്റ് ജനങ്ങളുടെ അവകാശമാണ് എന്ന് പ്രഖ്യാപിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമായ കേരളം കെ-ഫോണിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംസ്ഥാനത്തെ 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയാണ്. ഡിജിറ്റൽ അന്തരം അവസാനിപ്പിക്കും എന്നത് കേവലം പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നില്ല എന്നുറപ്പുവരുത്താനാണ് സർക്കാർ കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. അതിലൂടെ എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ്. അങ്ങനെ ഇന്റർനെറ്റ് എന്ന അവകാശം എല്ലാവർക്കും പ്രാപ്യമാകുന്നു എന്ന് ഉറപ്പുവരുത്തുകയാണ്. അതാകട്ടെ ഈ സർക്കാരിന്റെ വാഗ്ദാനപാലനത്തിന്റെയും പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിന്റെയും ഉത്തരവാദിത്തബോധമുള്ള ഭരണനിർവഹണത്തിന്റെയും മറ്റൊരു ഉദാഹരണം കൂടിയാവുകയാണ്.

കെ-ഫോൺ പദ്ധതിയുടെ ഭാഗമായ അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനാവശ്യമായ കാറ്റഗറി 1 ലൈസൻസും ഔദ്യോഗികമായി ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ എസ് പി) കാറ്റഗറി ബി യൂണിഫൈഡ് ലൈസൻസും നേരത്തെ തന്നെ നമ്മൾ നേടിയെടുത്തിരുന്നു. നിലവിൽ 17,412 സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കി. 9,000 ത്തിലധികം വീടുകളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള സാങ്കേതിക പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 2,105 വീടുകൾക്ക് കണക്ഷൻ നൽകി. ഇവിടെയെല്ലാം ഇന്റർനെറ്റ് സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

ലോകത്തേറ്റവും അധികം ഇന്റർനെറ്റ് ഷട്ട്ഡൗണുകൾ നടക്കുന്ന രാജ്യമാണ് ഇന്ത്യ. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 700 ലധികം ഇന്റർനെറ്റ് ഷട്ട്ഡൗണുകളാണ് ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്.




അങ്ങനെയുള്ള രാജ്യത്താണ് എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കി സംസ്ഥാനസർക്കാർ സവിശേഷമായി ഇടപെടുന്നത്. ആ നിലയ്ക്ക്, കേരളത്തിലെ സർക്കാരിന്റെ ജനകീയ ബദൽനയങ്ങളുടെ മറ്റൊരു ഉദാഹരണമായി മാറുകയാണ് കെ-ഫോൺ പദ്ധതി.

കോവിഡാനന്തര ഘട്ടത്തിൽ പുതിയ തൊഴിൽസംസ്കാരം രൂപപ്പെട്ടുവരികയാണ്. വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം, വർക്ക് എവേ ഫ്രം ഹോം എന്നിങ്ങനെയുള്ള പ്രവൃത്തിരീതികൾ വർധിച്ച തോതിൽ നിലവിൽ വരികയാണ്. അവയുടെ പ്രയോജനം നമ്മുടെ ചെറുപ്പക്കാർക്ക് ലഭിക്കണം എന്നുണ്ടെങ്കിൽ മികച്ച ഇന്റർനെറ്റ് സേവനങ്ങൾ നാട്ടിൽ എല്ലായിടത്തും ഉണ്ടാകണം. അതിനുള്ള ഉപാധിയാണ് കെ-ഫോൺ പദ്ധതി.

മികച്ച വാസസ്ഥലമായി കണക്കാക്കപ്പെടുന്ന കേരളത്തിലേക്ക് വരുന്ന ടൂറിസ്റ്റുകളിൽ പലരും ഇവിടെ തന്നെ താമസിക്കാനും ഇവിടെ നിന്ന് ജോലി ചെയ്യാനും ഒക്കെ ആഗ്രഹിക്കുന്നവരാണ്. ആ ചിന്താഗതി ഉള്ളവരെ കൂടി ആകർഷിച്ചുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ ചലനം ഉണ്ടാക്കാൻ കെ-ഫോണിലൂടെ നമുക്ക് കഴിയും. അതേസമയം തന്നെ ഇടമലക്കുടി ഉൾപ്പെടെയുള്ള ഇടങ്ങളിൽ കണക്ടിവിറ്റി ഉറപ്പാക്കി ആരും പിന്തള്ളപ്പെട്ടു പോകുന്നില്ല എന്നും എല്ലാവരും ഈ റിയൽ കേരള സ്റ്റോറിയുടെ ഭാഗമാകുന്നു എന്നും ഉറപ്പുവരുത്തുകയാണ്. മാറുന്ന ലോകത്തിനൊപ്പം മുന്നോട്ടു കുതിക്കാൻ സാർവത്രികമായ ഇന്റർനെറ്റ് സൗകര്യം അനിവാര്യമാണ്. വിജ്ഞാന സമ്പദ്ഘടന യായും നൂതനത്വ സമൂഹമായും കേരളത്തെ പരിവർത്തിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യം ഒരുക്കുകയാണ് കെ-ഫോണിലൂടെ സംസ്ഥാന സർക്കാർ ചെയ്യുന്നത്. അതിലൂടെ കേരളത്തെയാകെ ഗ്ലോബൽ ഇൻഫർമേഷൻ ഹൈവേയുമായി ബന്ധിപ്പിക്കുകയാണ് നമ്മൾ. അങ്ങനെ ആഗോളമാനങ്ങളുള്ള നവകേരള നിർമ്മിതിക്ക് അടിത്തറയൊരുക്കുകയാണ്.

ടെലികോം മേഖലയിലെ കോർപ്പറേറ്റ് ശക്തികൾക്കെതിരെയുള്ള ജനകീയ ബദൽ മാതൃക കൂടിയാണ് കെ-ഫോൺ പദ്ധതി എന്ന് നാം കാണണം. സ്വകാര്യമേഖലയിലെ കേബിൾ ശൃംഖലകളുടെയും മൊബൈൽ സേവനദാതാക്കളുടെയും ചൂഷണത്തിൽ നിന്ന് ജനങ്ങൾക്ക് മോചനം നൽകണം എന്ന നിശ്ചയ ദാർഢ്യത്തോടെയാണ് സർക്കാർ കെ-ഫോൺ പദ്ധതിക്ക് തുടക്കമിടുന്നത്.

നമ്മുടെ രാജ്യത്ത് 50 ശതമാനത്തിൽ താഴെ ആളുകൾക്ക് മാത്രമാണ് ഇന്റർനെറ്റ് ഉപയോഗം സാധ്യമാകുന്നത്. 33 ശതമാനം സ്ത്രീകൾക്കു മാത്രമാണ് ഇന്റർനെറ്റ് അക്സസ് ഉള്ളത്. ഗ്രാമപ്രദേശത്താകട്ടെ അത് 25 ശതമാനം മാത്രമാണ്. മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് 30 ശതമാനം കുറഞ്ഞ തോതിൽ മാത്രമേ ആദിവാസി ജന വിഭാഗങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാകുന്നുള്ളൂ. ഇത്രയേറെ ആഴത്തിൽ ഡിജിറ്റൽ വിടവ് നിലനിൽക്കുന്ന ഒരു രാജ്യത്താണ് കേരളത്തിലെ സർക്കാർ അതില്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. സ്വകാര്യ കമ്പനികൾ ഈ മേഖലയിൽ ഉള്ളപ്പോൾ സംസ്ഥാന സർക്കാർ എന്തിനാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത് എന്ന് ചോദിച്ചവർ ഇവിടെയുണ്ട്. അവർക്ക് എളുപ്പം മനസ്സിലാവുന്നതല്ല കേരളത്തിന്റെ ബദൽ. അതേ ആളുകൾ തന്നെയാണ് മലർപ്പൊടിക്കാരന്റെ സ്വപ്നം എന്ന് വിളിച്ച് കിഫ്ബിയെ ആക്ഷേപിക്കാൻ ശ്രമിച്ചത്.
ആ കിഫ്ബിയിലൂടെയാണ് കഴിഞ്ഞ ഏഴ് വർഷം കൊണ്ട് 80,000 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുത്തിട്ടുള്ളത്. ഈ കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതും കിഫ്ബിയിലൂടെ വിഭവസമാഹരണം നടത്തിക്കൊണ്ടാണ്.

ഇന്റർനെറ്റ് ജനങ്ങളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ചും എല്ലാവർക്കും ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കിയും മുന്നേറുമ്പോൾതന്നെ അതൊക്കെ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉപകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ കൂടിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആ കാഴ്ചപ്പാടോടെയാണ് ഓൺലൈനായി പൊതുസേവനങ്ങൾ ലഭ്യമാക്കുന്നത്. ഇതിനോടകം 900 ത്തിൽ അധികം സേവനങ്ങളാണ് ഓൺലൈനായി മൊബൈൽ ആപ്പ് മുഖേനയോ വെബ് സൈറ്റ് മുഖേനയോ ഒക്കെ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. അതേസമയം അവശർക്കും അംഗപരിമിതർക്കുമായി സർക്കാർ സേവനങ്ങളെ അവരുടെ വാതിൽപ്പടിയിൽ എത്തിക്കുന്നു.




പൊതുഇടങ്ങളിൽ സൗജന്യ വൈഫൈയും വീടുകളിലും ഓഫീസുകളിലും ബ്രോഡ്ബാൻഡ് കണക്ടിവിറ്റിയും ഹൈസ്പീഡ് ഇന്റർനെറ്റും പൊതുജനങ്ങൾക്ക് ഓൺലൈൻ സേവനങ്ങളും എല്ലാം ലഭ്യമാക്കി മാത്രമല്ല കേരളത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയായും നൂതനത്വസമൂഹമായും പരിവർത്തിപ്പിക്കുന്നത്. കേരളത്തിന് വലിയ സാധ്യതകളുള്ള ഐ.ടി മേഖലയിലാകെ വലിയ മാറ്റങ്ങളുണ്ടാക്കിക്കൊണ്ട് കൂടിയാണ്.

ഐ.ടി മേഖലയുടെ പ്രാധാന്യം വളരെ മുമ്പുതന്നെ തിരിച്ചറിഞ്ഞ് അതിലേക്ക് ചുവടുവെച്ച ആദ്യ സംസ്ഥാനമാണ് കേരളം. വലിയ ദീർഘവീക്ഷണ ത്തോടെയാണ് 33 വർഷം മുമ്പ് 1990ൽ, രാജ്യത്തെ ആദ്യത്തെ ഐ.ടി പാർക്കിന് അന്നത്തെ സർക്കാർ തിരുവനന്തപുരത്തു തുടക്കം കുറിച്ചത്. ഇന്നിപ്പോൾ രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും കേരളത്തിൽ തന്നെയാണ് സ്ഥാപിതമായിരി ക്കുന്നത്. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് ആരംഭിക്കുന്നതും കേരളത്തിലാണ്.

2016 മുതൽ കേരളത്തിന്റെ ഐ.ടി മേഖല കൈവരിച്ചത് സമാന തകളില്ലാത്ത മുന്നേറ്റമാണ്. 2016 ൽ ഐ.ടി പാർക്കുകൾ വഴിയുള്ള നമ്മുടെ കയറ്റുമതി 9,753 കോടി രൂപയായിരുന്നു. 2022 ൽ അത് 17,536 കോടി രൂപ യായി വർധിച്ചിരിക്കുന്നു. ഐ.ടി ജീവനക്കാരുടെ എണ്ണത്തിലും വലിയ തോതിലുള്ള വർധനവാണു ണ്ടായിട്ടുള്ളത്. 2016 ൽ 78,068 പേരാണ് ഐ.ടി പാർക്കുകളിൽ തൊഴിലെടുത്തിരുന്നത് എങ്കിൽ ഇന്നത് 1,35,288 ആയി ഉയർന്നിരിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തെ അപേക്ഷിച്ചു 2022-23 ൽ 1,274 കോടി രൂപ യുടെ വളർച്ചയാണ് ഐ.ടി കയറ്റുമതിയുടെ കാര്യത്തിൽ മാത്രം നമ്മൾ നേടിയിരിക്കുന്നത്.

**കേരളത്തിലാകമാനം നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഉയർന്ന സ്പീഡിലും ഒരേ ഗുണനിലവാരത്തോടു കൂടിയും കെ-ഫോണിന്റെ സേവനങ്ങൾ ലഭ്യമാക്കും**

കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ 78 കമ്പനികളാണ് 2,68,301 ചതുരശ്ര അടി സ്ഥലത്തായി കേരളത്തിൽ പുതിയ ഐ.ടി ഓഫീസുകൾ ആരംഭിച്ചത്. ജി.എസ്.ടി കൃത്യമായി ഫയൽ ചെയ്തതിന് കേന്ദ്ര സർക്കാരിന്റെയും ക്രെഡിറ്റ് റേറ്റിങ് ഇൻഫർമേഷൻ സർവീസ് ഓഫ് ഇന്ത്യയുടെയും (ക്രിസിൽ) അംഗീകാരങ്ങൾ കേരളത്തിന് ഈ ഘട്ടത്തിൽ ലഭിച്ചു. 2023 ജൂൺ വരെ ക്രിസിൽ എ പ്ലസ് ഗ്രേഡ് ലഭിച്ചത് മറ്റൊരു അഭിമാനകരമായ നേട്ടമാണ്.

സമസ്ത മേഖലകളിലും മുന്നേറ്റം കൈവരിക്കാൻ ഉതകുന്ന സമഗ്രമായ ഇടപെടലുകളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അവയിലൂടെ അടുത്ത 25 വർഷം കൊണ്ട് കേരളത്തെ മധ്യവരുമാന വികസിത രാജ്യങ്ങൾക്ക് തുല്യമായ നിലയിലേക്ക് ഉയർത്തുകയാണ്. അതിനായി കാർഷിക നവീകരണം, വ്യവസായ പുനഃസംഘടന, നൈപുണ്യ വികസനം എന്നിവയിൽ ഊന്നുകയാണ്. അതിനൊക്കെ ഉത്തേജനം പകരുന്നതാണ് കെ-ഫോൺ പദ്ധതി.

കേരളത്തിലാകമാനം, നഗര-ഗ്രാമ വ്യത്യാസമില്ലാതെ, ഉയർന്ന സ്പീഡിലും ഒരേ ഗുണ നിലവാരത്തോടു കൂടിയും കെ-ഫോണിന്റെ സേവനങ്ങൾ ലഭ്യമാക്കും. മറ്റ് സർവീസ് പ്രൊവൈഡർമാർ നൽകുന്നതിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാവും കെ-ഫോൺ സേവനങ്ങൾ ലഭ്യമാക്കുന്നത്. കേരളത്തിലെ എല്ലാ വീടുകളിലും സർക്കാർ ഓഫീസുകളിലും എത്രയും വേഗം തന്നെ ബ്രോഡ്ബാൻഡ് കണക്ടിവിറ്റിയും ഇന്റർനെറ്റ് സേവനങ്ങളും ലഭ്യമാക്കും. സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിനും ഇ-ഗവേണൻസ് സാർവത്രികമാക്കുന്നതിനും കെ-ഫോൺ സഹായകമാവും. അങ്ങനെ ഇത് നവകേരള നിർമ്മിതിയെ കൂടുതൽ വേഗത്തിലാക്കുകയും ചെയ്യും. ■




# മികവോടെ പഠനം തികവോടെ വിജയം

ഫോട്ടോ: സന്തോഷ്‌കുമാർ തൈക്കടപ്പുറം, ഐപിആർഡി

**പൊതുവിദ്യാഭ്യാസത്തെ നവീകരിക്കുക, ഏറ്റവും മികവുള്ളതാക്കി മാറ്റുക എന്നതാണ് സംസ്ഥാനസർക്കാരിന്റെ നയം. അതുകൊണ്ടാണ് കഴിഞ്ഞ ആറു വർഷമായി പൊതുവിദ്യാലയങ്ങളിലേക്ക് വലിയതോതിലുള്ള കുട്ടികളുടെ പ്രവേശനം**






**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി


പൊതുവിദ്യാലയങ്ങളെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് മാറുകയാണ്, മാറിവരികയാണ്. പൊതുവിദ്യാഭ്യാസത്തെ നവീകരിക്കുക, ഏറ്റവും മികവുള്ളതാക്കി മാറ്റുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. അതുകൊണ്ടാണ് കഴിഞ്ഞ ആറു വർഷമായി പൊതുവിദ്യാലയങ്ങളിലേക്ക് വലിയതോതിലുള്ള കുട്ടികളുടെ പ്രവേശനം. കുട്ടികൾക്ക് ഏറ്റവും മികച്ച പഠനപരിസരം ഒരുക്കാനുള്ള പരിശ്രമത്തിലാണ് സർക്കാർ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും സ്കൂൾ ഭൗതികസൗകര്യത്തെ പുതിയ മാനത്തിലേക്കു യർത്തി. 3800 കോടി രൂപ ഭൗതികസൗകര്യ വികസനത്തിനായി മാത്രം കഴിഞ്ഞ ഏഴുവർഷത്തിനിടയിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് സർക്കാർ നിലപാട്. ഏതു കുടുംബസാഹചര്യത്തിൽനിന്ന് വന്നാലും ശാരീരികമോ മാനസികമോ ആയ ഭിന്നശേഷികൾ ഉണ്ടായാലും അവരെയെല്ലാം ഉൾച്ചേർക്കുന്നതും ഉൾക്കൊള്ളുന്നതുമായ വിദ്യാഭ്യാസപദ്ധതിയാണ് നടപ്പിലാക്കുന്നത്. അവസരസമത്വം ഉറപ്പാക്കുകയാണ്. പഠനകാര്യത്തിൽ കുറെക്കൂടി മുന്നോട്ടുപോകാൻ കഴിയണം. അക്കാര്യം വിദ്യാർഥികൾ ഏറ്റെടുത്തേ മതിയാകൂ.

## ഡിജിറ്റൽ വിടവില്ലാത്ത സ്കൂളുകൾ

ഡിജിറ്റൽ വിടവില്ലാത്ത ആധുനികവൽക്കരണ മാണ് സ്കൂളുകളിൽ നടപ്പാക്കിയത്. സെക്കൻഡറിയിൽ എല്ലാ ക്ലാസുകളിലും സാങ്കേതിക വിദ്യ ഉപകരണങ്ങൾ സ്ഥാപിച്ചു. പ്രൈമറിയിൽ ലാബുകളും. ലിംഗവേർതിരിവില്ലാതെ, ധനിക–ദരിദ്ര കുടുംബപശ്ചാത്തലം എന്ന ഭേദമില്ലാതെ, കുട്ടികളുടെ സാമൂഹിക പശ്ചാത്തലം എന്തായാലും അവർക്കെല്ലാം ഒരുപോലെ നിർഭയമായി ഡിജിറ്റൽ സങ്കേതങ്ങളെ പ്രാപ്യമാക്കിയ അവസ്ഥ കേരളത്തിൽ യാഥാർഥ്യമാക്കാൻ കഴിഞ്ഞു. ഇതാണ് നാം മുന്നോട്ട് വയ്ക്കുന്ന ബദൽ.

## ആധുനിക സാങ്കേതികവിദ്യ ഉറപ്പാക്കി

ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ അധ്യാപകർക്കു നൽകിയിട്ടുണ്ട്. നാലാംക്ലാസ്

- കുട്ടികൾക്ക് ഏറ്റവും മികച്ച പഠനപരിസരം ഉണ്ടാക്കാനുള്ള പരിശ്രമത്തിലാണ് സർക്കാർ. 3800 കോടി രൂപ ഭൗതികസൗകര്യ വികസനത്തിനായി മാത്രം കഴിഞ്ഞ ഏഴു വർഷത്തിനിടയിൽ നിക്ഷേപിച്ചിട്ടുണ്ട്.
- ഏതു കുടുംബസാഹചര്യത്തിൽനിന്ന് വന്നാലും ശാരീരികമോ മാനസികമോ ആയ ഭിന്നശേഷികൾ ഉണ്ടായാലും അവരെയെല്ലാം ഉൾച്ചേർക്കുന്നതും ഉൾക്കൊള്ളുന്നതുമായ വിദ്യാഭ്യാസ പദ്ധതിയാണ് നടപ്പിലാക്കുന്നത്
- കൃത്യമായി പരീക്ഷയും മൂല്യനിർണ്ണയവും നടത്തുക എന്ന വലിയ ഉത്തരവാദിത്വമാണ് വിദ്യാഭ്യാസവകുപ്പ് ഏറ്റെടുത്ത് വിജയിപ്പിക്കുന്നത്.

വരെയുള്ള കുട്ടികൾക്കായി സമഗ്രഗുണതാപദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. സ്കൂൾതല മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് ഇത് നടപ്പാക്കേണ്ടത്. സംസ്ഥാനത്ത് ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളിലേക്ക് എത്തി, പഠനത്തുടർച്ച ഉറപ്പാക്കി. ഏറ്റവും മികച്ച വിദ്യാഭ്യാസം, അതിനുള്ള അനുഭവങ്ങൾ ക്ലാസ്മുറിയിൽ ഒരുക്കാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം. പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാനുമാകണം. അധ്യാപകരുടെ മനോഭാവത്തിലും മാറ്റങ്ങൾ അനിവാര്യമാണ്.

കുട്ടികൾക്ക് അവകാശപ്പെട്ട പഠനദിനങ്ങൾ ഉറപ്പാക്കും. പഠനം പാഠപുസ്തകത്തിലേക്ക് മാത്രം ചുരുങ്ങരുത്. ശരിയായ അറിവുകളെ പ്രയോജനപ്പെടുത്തി അവരവരുടെ ജീവിതപരിസരവുമായി ബന്ധിപ്പിച്ച് അറിവ് ഉൽപാദിപ്പിക്കുകയാണ് പ്രധാനം. അതിനുള്ള സഹായകസംവിധാനം എന്ന നിലയിലാണ് ആധുനിക സാങ്കേതികവിദ്യ എല്ലാ സ്കൂളുകളിലും ഉറപ്പാക്കിയത്. സ്കൂളുകളിൽ ലാബ് സൗകര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും ഒരുക്കി പുതുകാലത്തിനു ചേർന്ന പഠനസാഹചര്യമാണ് സൃഷ്ടിച്ചത്.

ശുചിത്വശീലം വളർത്തിയെടുക്കാനും വിദ്യാർഥികൾ ശ്രദ്ധിക്കണം. ശുചിമുറിപരിപാലന അവബോധവും പ്രധാനമാണ്. മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുക അവരവരുടെ കൂടി ഉത്തരവാദിത്വമാണ് എന്ന ബോധ്യം കുട്ടിക്കാലം മുതലേ ഉണ്ടാകണം. ഉറവിടത്തിൽതന്നെ വേർതിരിക്കാൻ പഠിക്കുക വളരെ പ്രധാനമാണ്. ജൈവമാലിന്യങ്ങളെയും അജൈവമാലിന്യങ്ങളെയും വേർതിരിക്കാൻ മുഴുവൻ കുട്ടികളും ശീലിക്കണം. മലിനജലം ഭാവനയോടെ ക്രമീകരിച്ചാൽ സ്കൂൾ പച്ചക്കറിത്തോട്ടങ്ങൾക്കും പൂന്തോട്ടങ്ങൾക്കും ആവശ്യമുള്ള ജലസ്രോതസ്സാക്കി മാറ്റാം. ജീവിതശൈലിരോഗങ്ങളെ അകറ്റാൻ വ്യായാമം ശീലമാക്കണം.

കുട്ടികളിൽ പൗരബോധം വളർത്തുന്നതിന് സഹായകമായ അറിവുകൾ പകരാൻ പാഠ്യപദ്ധതി തയ്യാറാക്കുന്ന ഘട്ടത്തിൽ ആലോചിക്കുന്നുണ്ട്. ബഹുസ്വരമായ ഒരു സമൂഹത്തിൽ മതനിരപേക്ഷത, ജനാധിപത്യം തുടങ്ങിയ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്ന സമൂഹത്തെ വളർത്തിക്കൊണ്ടുവരാൻ സ്കൂൾ വിദ്യാഭ്യാസത്തിന് കഴിയണം. അതിനെല്ലാമുള്ള സാമൂഹികമായ അന്തരീക്ഷം വികസിപ്പിക്കാനുള്ള സാഹചര്യവും ഉണ്ടാകണം. ഇതിനെല്ലാമായി പുതിയ പ്രായോഗികപദ്ധതികൾ സമൂഹത്തിന്റെ കൂടി പിൻബലത്തോടെ രൂപവൽക്കരിക്കാനുള്ള പ്രവർത്തനത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ്. പഠനത്തോളംതന്നെ പ്രധാനപ്പെട്ടതാണ് മൂല്യനിർണ്ണയം. കൃത്യമായി പരീക്ഷയും മൂല്യ നിർണ്ണയവും നടത്തുക എന്ന വലിയ ഉത്തരവാദിത്വമാണ് വിദ്യാഭ്യാസവകുപ്പ് ഏറ്റെടുത്ത് വിജയിപ്പിക്കുന്നത്. നിശ്ചയിച്ച തീയതിയിൽ തന്നെ പരീക്ഷ നടത്താനും റിസൾട്ട് പ്രഖ്യാപിക്കാനും കഴിഞ്ഞു. ഇത്തവണ എസ്.എസ്.എൽ.സിക്ക് 99.70%, ഹയർസെക്കൻഡറിക്ക് 82.95 %, വി.എച്ച്.എസ്.ഇ-ക്ക് 78.39 % വിജയമുണ്ട്. മികച്ച വിദ്യാഭ്യാസം നൽകി മികച്ച റിസൾട്ട് നേടാനായി എന്ന് ഇത്തവണത്തെയും വിജയശതമാനം ചൂണ്ടിക്കാട്ടുന്നു. ■

**കൃത്യമായി പരീക്ഷയും മൂല്യനിർണ്ണയവും നടത്തുക എന്ന വലിയ ഉത്തരവാദിത്വമാണ് വിദ്യാഭ്യാസവകുപ്പ് ഏറ്റെടുത്ത് വിജയിപ്പിക്കുന്നത്. നിശ്ചയിച്ച തീയതിയിൽ തന്നെ പരീക്ഷ നടത്താനും റിസൾട്ട് പ്രഖ്യാപിക്കാനും കഴിഞ്ഞു**

# ഉന്നതവിദ്യാഭ്യാസ ഹബ്ബായി മാറുക ലക്ഷ്യം




ഫോട്ടോ: ശ്രീദാസ് സി.പി, ഐപിആർഡി

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ വളർച്ചക്ക് സർക്കാർ നൽകുന്ന മികച്ച പിന്തുണയുടെയും ആസൂത്രണങ്ങളുടെയും ഫലമാണ് എൻ.ഐ.ആർ.എഫ് റാങ്കിങ് അടക്കമുള്ള സമീപകാല നേട്ടങ്ങളിലെല്ലാം പ്രതിഫലിക്കുന്നത്**



**ഡോ. ആർ ബിന്ദു**
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി

ഉന്നതവിദ്യാഭ്യാസമെന്നത് ഒരു രാഷ്ട്രത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ വളർച്ചയെ നിശ്ചയിക്കുന്ന ഘടകങ്ങളിൽ ഏറ്റവും നിർണ്ണായകമായതായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം. അതുകൊണ്ടുതന്നെ ഉന്നതവിദ്യാഭ്യാസമേഖലയിൽ കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരികയെന്നത് അന്താരാഷ്ട്രതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള വികസനലക്ഷ്യങ്ങളിൽ ഒന്നാണ്.

മുമ്പെങ്ങുമില്ലാത്ത രീതിയിൽ വികസിച്ചു കൊണ്ടിരിക്കുകയാണ് നമ്മുടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല. രാജ്യത്തെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക പരിതസ്ഥിതി സവിശേഷമായി കണക്കിലെടുത്താണ് ഈ വികസനത്തിന് കേരളം അരങ്ങൊരുക്കുന്നത്. വിദ്യാഭ്യാസവികസനം നടപ്പാക്കുമ്പോൾ എല്ലാവർക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കേണ്ട ഉത്തരവാദിത്വം സർക്കാരിന് ഉണ്ടെന്ന കാഴ്ചപ്പാടിലാണിവ മുന്നേറുന്നത്. അങ്ങനെ, വികസിത രാജ്യങ്ങളുടെ മാതൃകയിൽ നിന്നും വേറിട്ടുനിൽക്കുന്നതാണ് കേരളം മുന്നോട്ടുവയ്ക്കുന്ന മാതൃക.

വികസിതരാജ്യങ്ങളിൽ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികാസം എന്നത് ഗുണനിലവാരത്തിലും മികവിലും മാത്രം ഊന്നിയാണ് നിർണ്ണയിക്കപ്പെടുന്നത്. ഇന്ത്യ പോലൊരു മൂന്നാംലോകരാജ്യത്ത് അത് മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയെയും തുല്യതയെയും കൂടി അടിസ്ഥാനമാക്കി വേണം വിലയിരുത്താൻ. സാമൂഹികനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ, എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യമായ തുല്യത ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉന്നതവിദ്യാഭ്യാസമെന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. അറിവിനെ സമൂഹത്തിന് ഉപയോഗപ്പെടുത്തുക, കേരളത്തെ സാമ്പത്തിക ശക്തിയായി വളർത്തുക, അതിൽ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുക- ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാം ഈ തത്വത്തിലാണ് വേരുറപ്പിച്ചിരിക്കുന്നത്.

> **സാമൂഹിക നീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ, എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യമായ തുല്യത ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാര ത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉന്നത വിദ്യാഭ്യാസമെന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്**

ഈയൊരു കാഴ്ചപ്പാടിന് പ്രായോഗികരൂപം നൽകാനാണ് സർക്കാർ അധികാരത്തിൽ വന്നപാടെ ഉന്നതവിദ്യാഭ്യാസ പരിഷ്കരണത്തിനായി മൂന്ന് കമ്മിഷനുകളെ നിയോഗിച്ചത്. മൂന്നു കമ്മിഷനുകളും റിപ്പോർട്ടുകൾ സമർപ്പിച്ചു. പ്രൊഫസർ ശ്യാം.ബി. മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മിഷൻ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂലവും സമഗ്രവുമായ പരിവർത്തനത്തിനാവശ്യമായ നിർദേശങ്ങൾ ആണ് സമർപ്പിച്ചിട്ടുള്ളത്. 10 അധ്യായങ്ങളിൽ ഉന്നതവിദ്യാഭ്യാസമേഖലയുടെ മാറ്റങ്ങൾക്കായി സ്വീകരിക്കേണ്ട നടപടികൾ സമഗ്രമായിതന്നെ സൂചിപ്പിച്ചിട്ടുണ്ട്.

## കമ്മിഷൻ ശിപാർശകൾ പ്രവൃത്തിപഥത്തിലേക്ക്

സർക്കാർ ഈ കമ്മിഷൻ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവഹണ സെൽ രൂപവൽക്കരിച്ചു. കമ്മിഷൻ റിപ്പോർട്ടുകൾ പൊതുസമൂഹത്തിൽ വിശദമായ ചർച്ചകൾ നടത്തി നടപ്പിൽ വരുത്താവുന്നവ മുൻഗണനാക്രമത്തിൽ നടപ്പിലാക്കിവരികയാണിപ്പോൾ. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷി വിഭാഗക്കാരുടെയും, എസ്.സി./എസ്.ടി. വിഭാഗക്കാരുടെയും പ്രാപ്യതയും തുല്യതയും വർധിപ്പിക്കുന്നതിനും അവരുടെ ഗ്രോസ് എൻറോൾമെന്റ് വർധിപ്പിക്കുന്നതിനും സർക്കാർ ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രാപ്യതയിൽ നിലനിൽക്കുന്ന പ്രാദേശിക അസമത്വം കുറയ്ക്കുന്നതിനും ഗ്രോസ് എൻറോൾ വർധിപ്പിക്കുന്നതിനുമായി കൂടുതൽ സീറ്റുകളും കോഴ്സുകളും സർക്കാർ അനുവദിച്ചുവരുന്നു.

ഉന്നതവിദ്യാഭ്യാസരംഗം സൗഹാർദപരമാക്കാനും മാന്യമായ വിദ്യാർഥി-അധ്യാപക ജീവിതം ഉറപ്പു വരുത്തുന്നതിനുമായി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. വിദ്യാർഥികൾക്ക് സർവകലാശാലകളിൽ നിന്ന് ലഭിക്കേണ്ട സേവനം നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിന് സേവനാവകാശ നിയമപ്രകാരം ചട്ടങ്ങൾ രൂപവൽക്കരിച്ചു. സേവനങ്ങൾ പോർട്ടൽ വഴി ലഭ്യമാക്കാൻ സാധിക്കുന്ന തരത്തിൽ എല്ലാ സർവകലാശാലകൾക്കുമായി കെ-റീപ് എന്ന പേരിൽ ഒരു ഇ.ആർ.പി. അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സോഫ്റ്റ് വെയർ സംവിധാനം വികസിപ്പിച്ചുകൊണ്ടിരിക്കുന്നതും ഇതിന്റെ ഭാഗമാണ്. ഒപ്പം, വിദ്യാർഥികളുടെ ഒരു അവകാശരേഖ സർവകലാശാലാനിയമങ്ങളുടെ ഭാഗമാക്കാനുള്ള നടപടികളും ആരംഭിച്ചു.




**ബാർട്ടൺ ഹിൽ എഞ്ചിനീയറിങ്ങ് കോളജിലെ വിദ്യാർഥികൾ രൂപകൽപന ചെയ്ത പ്രകൃതിസൗഹാർദ റേസിങ്ങ് കാർ പ്രകാശനവേളയിൽ**

നിലവിലെ മൂന്നുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം പൂർണ്ണമായും പുനഃക്രമീകരിച്ചുകൊണ്ട് നാലുവർഷ ബിരുദ പ്രോഗ്രാമുകളാക്കുകയാണ് അടുത്ത വർഷം മുതൽ. ഇതിന് കരിക്കുലം പരിഷ്കരണം പൂർത്തീകരിച്ചു തുടർ നടപടികൾക്കായി സർവകലാശാലകൾക്ക് കൈമാറിയിട്ടുണ്ട്. ബിരുദാനന്തരബിരുദത്തിന്റെയും ഗവേഷണ പ്രോഗ്രാമുകളുടെയും കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന നടപടികളും പുരോഗമിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷി വിഭാഗക്കാരുടെയും, എസ്.സി./എസ്.ടി. വിഭാഗക്കാരുടെയും പ്രാപ്യതയും തുല്യതയും വർധിപ്പിക്കുന്നതിനും അവരുടെ ഗ്രോസ് എൻറോൾമെന്റ് വർധിപ്പിക്കുന്നതിനും സർക്കാർ ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്**

## വിദ്യാർഥികേന്ദ്രിതം, ഗവേഷണോന്മുഖം

സംസ്ഥാനത്തെ ശാസ്ത്ര, സാമൂഹിക, മാനവിക വിഷയങ്ങളിലെ ഗവേഷണപുരോഗതിക്കായി ഏഴോളം പുതിയ ഗവേഷണ സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിൽ സംസ്ഥാനത്ത് ഈ വർഷം ആരംഭിക്കും. സംസ്ഥാനത്തെ മികച്ച ഇരുപത് കോളജുകളുടെ നിലവാരം ഉയർത്തുന്നതിനായി ഈ വർഷം അവയെ കോൺസ്റ്റിറ്റുവന്റ് കോളജുകൾ ആക്കി മാറ്റും. ഗവേഷണവിദ്യാർഥികൾക്ക് ബോധവൽക്കരണങ്ങൾക്കായും ഗവേഷണ പ്രവർത്തനങ്ങൾക്കുമായും വിദേശസന്ദർശനം നടത്തുന്നതിന് ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുവരുന്നു. ഇതിനെല്ലാമൊപ്പം, സർവകലാശാലാനിയമങ്ങൾ സമഗ്രമായി മാറ്റുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

സംസ്ഥാനത്തെ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളിലുമായി മുഴുവൻ സമയ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർഥികൾക്ക് ഫെലോഷിപ്പ് ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ ബിരുദ-ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർഥികൾക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ നൽകുന്നതിനുമുള്ള പദ്ധതികൾ സജീവ പരിഗണനയിലുണ്ട്.

## അടിമുടി മാറിയ ഭൗതികസൗകര്യങ്ങൾ

സംസ്ഥാനത്തെ ഗസ്റ്റ് അധ്യാപകരുടെ ശമ്പളം വർധിപ്പിക്കാൻ തീരുമാനമായി. അധ്യാപകരുടെ നിയമന പ്രായപരിധി ഉയർത്തിക്കൊണ്ടുള്ള ഉത്തരവും ഇറങ്ങി. ഇതിനുപുറമെ ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ വലിയ മുന്നേറ്റമാണ് ഇക്കാലയളവിൽ നടന്നത്. റൂസ ധനസഹായത്തോടെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളജുകൾ ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചു. കിഫ്ബി ധനസഹായത്തോടെ സർക്കാർ കോളജുകളിലും സർവകലാശാലകളിലും അത്യാധുനിക ഗവേഷണ ലബോറട്ടറികളും ക്ലാസ് മുറികൾ, ലൈബ്രറികൾ തുടങ്ങി വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര ഹോസ്റ്റലുകൾ അടക്കം 1500-ൽപരം ഹോസ്റ്റൽ മുറികൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച്

ലാബുകൾ വികസിപ്പിക്കുന്ന പദ്ധതികൾ ആരംഭിച്ചു.

## ഉന്നതവിദ്യാഭ്യാസ ഹബ്ബാകാൻ കേരളം

സാമൂഹികപുരോഗതിയിലേക്കുള്ള വഴിയായി ഉന്നതവിദ്യാഭ്യാസവളർച്ചയെ കാണുന്നതിന്റെ ഭാഗമായാണ് ഇപ്പറഞ്ഞ പരിഷ്കാരങ്ങളെല്ലാം. ആ കാഴ്ചപ്പാടോടെ ഉന്നതവിദ്യാഭ്യാസമേഖലയുടെ വളർച്ചക്ക് സർക്കാർ നൽകുന്ന മികച്ച പിന്തുണയുടെയും ആസൂത്രണങ്ങളുടെയും ഫലമാണ് എൻ.ഐ.ആർ.എഫ് റാങ്കിങ് അടക്കമുള്ള സമീപകാലനേട്ടങ്ങളിലെല്ലാം പ്രതിഫലിക്കുന്നത്.

കേരളത്തിന്റെ സവിശേഷമാതൃകയിൽ, ജനപങ്കാളിത്തമുള്ള വിജ്ഞാന സമൂഹം എന്നതിലൂന്നി നടക്കുന്ന പ്രവർത്തനങ്ങൾ കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറ്റുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള വഴി അതിവേഗം വെട്ടിത്തെളിക്കുന്നതാണെന്നു കാണാനാവും. സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും ഗവേഷണങ്ങളും ട്രാൻസ്‌ലേഷണൽ റിസർച്ചിലൂടെ സമൂഹത്തിന് പ്രയോജനപ്പെടുന്ന ഉൽപന്നങ്ങളാക്കി, അതിനെ ഇൻക്യുബേറ്റ് ചെയ്ത് സ്റ്റാർട്ടപ്പ് പദ്ധതികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ നടപടികൾ കൈക്കൊള്ളുന്നത്. ഇതിന്റെ ഭാഗമായാണ് ട്രാൻസ്‌ലേഷണൽ റിസർച്ച് ലാബുകൾ തുടങ്ങാൻ സർവകലാശാലകൾക്ക് സർക്കാർ തുക അനുവദിച്ചിട്ടുള്ളത്. കൂടാതെ ട്രാൻസ്‌ലേഷണൽ റിസർച്ചിന്റെ ഭാഗമായുണ്ടാകുന്ന സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ തുടങ്ങാൻ 2023-ലെ സംസ്ഥാന ബജറ്റിൽ റിസ്ക് ഫണ്ട് കൂടി സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നു.

സ്റ്റാർട്ടപ്പ് നയത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടു ചേർന്ന് ഗവേഷണ പാർക്കുകൾ ആരംഭിക്കുന്നുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനൊപ്പവും ഓരോ സ്റ്റാർട്ട് അപ്പ് പാർക്ക് എന്ന ആശയവും സർക്കാർ മുന്നോട്ട് വയ്ക്കുന്നു. ഇതിന്റെ ഭാഗമായി സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം വിളപ്പിൽശാലയിലെ എ. പി. ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ക്യാമ്പസിനോട് ചേർന്ന് 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഒപ്പം ട്രസ്റ്റ് പാർക്കും ഒരുങ്ങുന്നുണ്ട്. ഈ മാതൃകയിൽ മറ്റ് സർവകലാശാലകൾക്കും റിസർച്ച് പാർക്കുകൾ അനുവദിക്കും. കോളേജ് ഓഫ് എഞ്ചിനീയറിങ്, തിരുവനന്തപുരത്ത് ഇപ്പോൾ തന്നെ ട്രിവാൻഡ്രം റിസർച്ച് പാർക്ക് എന്ന പേരിൽ കമ്പനിയായി രജിസ്റ്റർ ചെയ്ത സ്ഥാപനം നിലവിലുണ്ട്. ട്രാൻസ്‌ലേഷണൽ റിസർച്ചിലൂടെയും ഇൻക്യുബേഷനിലൂടെയും ഗവേഷണമേഖലയിലെ അറിവുകളെ സമൂഹത്തിന് പ്രയോജനകരമായ വിധത്തിൽ വിനിയോഗിക്കുക. ഗവേഷണത്തെ ട്രാൻസ്‌ലേഷണൽ റിസർച്ചിലേക്കും ഇൻക്യുബേഷനിലേക്കും പിന്നെ സ്റ്റാർട്ടപ്പിലേക്കും എത്തിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം.

**സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും ഗവേഷണങ്ങളും ട്രാൻസ്‌ലേഷണൽ റിസർച്ചിലൂടെ സമൂഹത്തിന് പ്രയോജനപ്പെടുന്ന ഉൽപന്നങ്ങളാക്കി, അതിനെ ഇൻക്യുബേറ്റ് ചെയ്ത് സ്റ്റാർട്ടപ്പ് പദ്ധതികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ നടപടികൾ കൈക്കൊള്ളുന്നത്**

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇത്തരത്തിലുള്ള രണ്ട് മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യത്തേത് തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിലാണ്. ഒരുകോടി രൂപ ചെലവിലാണ് വേസ്റ്റ് മെറ്റീരിയൽ ഉപയോഗിച്ച് കരകൗശല ഉൽപന്നങ്ങളുണ്ടാക്കുന്ന ഈ യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത്. എട്ട് പോളിടെക്നിക്കുകളിലും ഐ.എച്ച്.ആർ.ഡി.യുടെ നാല് കോളേജുകളിലും ഉൾപ്പെടെ 13 മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകളാണ് ഈ വർഷം സജ്ജമാക്കുന്നത്.

ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവകലാശാലകൾ, കോളേജുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ അക്കാദമിക്, ഭരണകാര്യങ്ങൾ ഒരു കുടക്കീഴിലാക്കുകയാണ്. ഇതിനായാണ് കേരള റിസോഴ്സ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് അഥവാ കെ-റീപ് എന്ന സമഗ്ര സോഫ്റ്റ് വെയർ. ഇതോടെ മുഴുവൻ സർവകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും വിദ്യാർഥികൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും അതത് പോർട്ടൽ വഴി ലഭ്യമാകും. പ്രവേശനം മുതൽ പരീക്ഷാസർട്ടിഫിക്കറ്റ് വരെയുള്ള അക്കാദമിക് ജീവിതത്തിലെ മുഴുവൻ കാര്യങ്ങളും സോഫ്റ്റ് വെയർ വഴി ലഭ്യമാക്കും. വിദ്യാർഥി പ്രവേശനം, കോഴ്സ് രജിസ്ട്രേഷൻ, കോഴ്സിന്റെ പുരോഗതി, വിദ്യാർഥിയുടെ വിലയിരുത്തൽ, പരീക്ഷ, മൂല്യനിർണ്ണയം, പരീക്ഷാഫലം, ക്രെഡിറ്റ് സമ്പാദനവും കൈമാറ്റവും, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. ■

സമകാലിക

# ജനപഥം

## പഠിക്കാം കേരളത്തിൽ അറിയാം കോഴ്സുകൾ



പേജ്
15 – 36



# നല്ല ഭാവിക്കായി...

## പഠനവൈവിധ്യമൊരുക്കി കേരളം

**വിവിധ വിഷയങ്ങളിൽ/മേഖലകളിൽ, നൂതന, തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന ഒട്ടേറെ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. പരമ്പരാഗത കോഴ്സുകൾക്കൊപ്പം നിർമ്മിത ബുദ്ധി (AI) മുതൽ സിനിമ വരെ.. ബയോമെഡിക്കൽ ഇലക്ട്രോണിക്സ് മുതൽ ഫാഷൻ ഡിസൈനിങ്ങ് വരെ..തൊഴിൽ ഉറപ്പിക്കുന്ന നവീനമായ ചില കോഴ്സുകൾ അറിയാം**






**ഡോ. എസ്. രാജു കൃഷ്ണൻ**

കൊളിജിയറ്റ് എഡ്യുക്കേഷൻ മുൻ ഡെപ്യൂട്ടി ഡയറക്ടർ–എൻട്രൻസ് പരീക്ഷ മുൻ ജോയിന്റ് കമ്മിഷണർ, വിദ്യാഭ്യാസ വിദഗ്ധൻ


## കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്

കേരള സർക്കാർ സ്ഥാപനമായ, കോട്ടയം (തേക്കുംതല) കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്, സിനിമ മേഖലയിലെ വിവിധ ഡിപ്ലോമ, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാമുകൾ നടത്തുന്നു.

ആക്റ്റിംഗ്, ആനിമേഷൻ & വിഷ്വൽ ഇഫക്ട്സ് എന്നീ രണ്ട് ഡിപ്ലോമ പോഗ്രാമുകൾക്ക്, പ്ലസ് ടു/തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

സ്ക്രിപ്റ്റ് റൈറ്റിങ്ങ് & ഡയറക്ഷൻ, എഡിറ്റിങ്ങ്, സിനിമറ്റോഗ്രഫി, ഓഡിയോഗ്രഫി എന്നിവയിലാണ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാമുകൾ. അംഗീകൃത ബിരുദമുള്ളവർക്ക് അപേക്ഷിക്കാം.

**https://www.krnnivsa.com**

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂർ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (എൻ.ഐ.എഫ്.ടി) കണ്ണൂർ കേന്ദ്രത്തിൽ ബിരുദതലത്തിൽ, ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡസ്) –ഫാഷൻ ഡിസൈൻ, ടെക്സ്റ്റൈൽ ഡിസൈൻ, നിറ്റ് വിയർ ഡിസൈൻ, ഫാഷൻ കമ്യൂണിക്കേഷൻ; ബാച്ചിലർ ഓഫ് ഫാഷൻ ടെക്നോളജി (ബി.എഫ്.ടെക്.) എന്നീ പ്രോഗ്രാമുകളും മാസ്റ്റേഴ്സ് തലത്തിൽ മാസ്റ്റർ ഓഫ് ഡിസൈൻ (എം.ഡസ്), മാസ്റ്റർ ഓഫ് ഫാഷൻ മാനേജ്മെന്റ് (എം.എഫ്.എം) എന്നീ പ്രോഗ്രാമുകളും നടത്തുന്നു.

**https://www.nift.ac.in/kannur/**

## കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കൊല്ലം

കേരള സർക്കാർ തൊഴിൽ നൈപുണ്യ വകുപ്പിന്റെ സ്ഥാപനമായ, കൊല്ലം ചന്ദനത്തോപ്പിലെ കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെ.എസ്.ഐ.ഡി), നാല് വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡിസ്) പ്രോഗ്രാമും രണ്ടര വർഷം ദൈർഘ്യമുള്ള ഡിസൈൻ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാമുകളും നടത്തുന്നു. ഡിപ്ലോമ പ്രോഗ്രാമുകൾ ഐ.ടി.ഇന്റഗ്രേറ്റഡ് കമ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ, ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആൻഡ് അപ്പാരൽ ഡിസൈൻ എന്നീ സവിശേഷമേഖലകളിലാണ്. കോഴ്സ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ രൂപപ്പെടുത്തിയ പാഠ്യപദ്ധതി അനുസരിച്ചുള്ളതാണ്.

**https://ksid.ac.in**

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള, കൊല്ലം

കേരള സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എജ്യൂക്കേഷന്റെ കീഴിലുള്ള, കൊല്ലം കുണ്ടറ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള (ഐ.എഫ്.ടി.കെ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) -യുടെ സഹകരണത്തോടെ നാലു വർഷ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡിസ്) – ഫാഷൻ ഡിസൈൻ പ്രോഗ്രാം നടത്തുന്നു.

**https://iftk.ac.in**

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്‌നോളജി, കണ്ണൂർ

കേരള സർക്കാർ സ്ഥാപനമായ കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്‌നോളജി, വിവിധ തലങ്ങളിലുള്ളവർക്കായി വസ്ത്ര രൂപകൽപന, നിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ടെക്‌സ്‌റ്റൈൽ, ഡിസൈൻ, ടെക്‌നോളജി കോഴ്‌സുകൾ നടത്തുന്നു. ഡിപ്ലോമ ഇൻ ഹാൻഡ്‌ലൂം ആൻഡ് ടെക്‌സ്‌റ്റൈൽ ടെക്‌നോളജി, ക്ലോത്തിങ് ആൻഡ് ഫാഷൻ ടെക്‌നോളജി, പാറ്റേൺ മേക്കിങ് ആൻഡ് ഗാർമെന്റ് കൺസ്ട്രക്ഷൻ, കംപ്യൂട്ടർ എയ്‌ഡഡ് ഫാഷൻ ഡിസൈനിങ്, കംപ്യൂട്ടർ എയ്‌ഡഡ് ടെക്‌സ്‌റ്റൈൽ ഡിസൈനിങ്, ബി.എസ്.സി കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിങ് തുടങ്ങിയ കോഴ്‌സുകൾ ഉണ്ട്.

**https://iihtkannur.ac.in**

## രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്‌നോളജി, തിരുവനന്തപുരം

ഇൻസ്‌ട്രുമെന്റ് റേറ്റിങ്ങോടെ ലൈസൻസ് ലഭിക്കുന്ന, കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് (സി.പി.എൽ) കോഴ്‌സ്, തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്‌നോളജി നടത്തുന്നുണ്ട്.

വിമാനത്തിന്റെ ഫ്‌ളൈറ്റ് അവസ്ഥ വ്യക്തമാക്കുന്ന ഡാറ്റാ നൽകുന്ന കോക്‌പിറ്റ് ഉപകരണങ്ങളാണ് ഫ്‌ളൈറ്റ് ഇൻസ്‌ട്രുമെന്റുകൾ. ഇൻസ്‌ട്രുമെന്റ് ഫ്‌ളൈറ്റ് റൂൾസ് (ഐ.എഫ്.ആർ) പ്രകാരം വിമാനം പറപ്പിക്കാൻ വേണ്ട യോഗ്യതയാണ് ഇൻസ്‌ട്രുമെന്റ് റേറ്റിങ് (ഐ.ആർ).

സിംഗിൾ, മൾട്ടി എൻജിൻ എയർക്രാഫ്റ്റുകൾ പറത്തുവാനാവശ്യമായ പരിശീലനം ലഭിക്കുന്ന കോഴ്‌സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക്, യാത്രാ-ചരക്കു വിമാനങ്ങളിൽ പൈലറ്റ് ആകാൻ ലൈസൻസ് ലഭിക്കുന്നു. സി.പി.എൽ. കോഴ്‌സ് മൂന്ന് വർഷം നീണ്ടു നിൽക്കാം.

**https://rajivgandhiacademyforaviationtechnology.org**

**ഇൻസ്‌ട്രുമെന്റ് റേറ്റിംഗോടെ ലൈസൻസ് ലഭിക്കുന്ന, കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് (സി.പി.എൽ) കോഴ്‌സ്, തിരുവനന്തപുരം രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്‌നോളജി നടത്തുന്നുണ്ട്.**

## ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്‌മെന്റ് & കാറ്ററിങ് ടെക്‌നോളജി

കേരളത്തിൽ ഏഴു സ്വകാര്യ സ്വാശ്രയ കോളേജുകളിൽ, നാലു വർഷത്തെ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്‌മെന്റ് ആൻഡ് കാറ്ററിങ് ടെക്‌നോളജി (ബി.എച്ച്.എം.സി.റ്റി) പ്രോഗാം നടത്തുന്നുണ്ട്. ഹോട്ടൽ മേഖലയിൽ തൊഴിൽനേടാനും സ്വയം സംരംഭകനാകാനും വേണ്ട നൈപുണികളും വിജ്ഞാനവും നൽകി വിദ്യാർഥികളെ സജ്ജമാക്കുന്ന പ്രോഗ്രാമാണിത്. പ്രായോഗിക പരിശീലനവും ലഭിക്കും. പാചകംചെയ്യാനുള്ള പരിശീലനവും കോഴ്‌സിന്റെ ഭാഗം. ഹോട്ടൽ മാനേജ്‌മെന്റ്, ട്രാവൽ, ടൂറിസം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കാൻ താൽപര്യമുള്ളവർക്കും പ്രോഗ്രാം അനുയോജ്യമാണ്. പാഠ്യപദ്ധതിയിൽ ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസസ്, ബിസിനസ് കമ്യൂണിക്കേഷൻ, മാനേജ്‌മെന്റ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്നു.

**https://lbscentre.kerala.gov.in**

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്‌മെന്റ് ആൻഡ് കാറ്ററിങ് ടെക്‌നോളജി, കോവളം (കേന്ദ്ര സർക്കാർ സ്ഥാപനം), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്‌പിറ്റാലിറ്റി മാനേജ്‌മെന്റ് കോഴിക്കോട് (സംസ്ഥാന സർക്കാർ സ്ഥാപനം):

രണ്ടു സ്ഥാപനങ്ങളിലും മൂന്ന് വർഷം ദൈർഘ്യമുള്ള ബി.എസ്.സി ഹോസ്‌പിറ്റാലിറ്റി ആൻഡ് ഹോട്ടൽ അഡ്‌മിനിസ്‌ട്രേഷൻ പ്രോഗ്രാമുണ്ട്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മന്റ് ആൻഡ് കാറ്ററിങ് ടെക്‌നോളജി, ജവഹർലാൽ നെഹ്റു സർവകലാശാല എന്നിവ സംയുക്തമായിട്ടാണ് പ്രോഗ്രാം നടത്തുന്നത്.

ചില ഡിപ്ലോമ പ്രോഗ്രാമുകളും സ്ഥാപനങ്ങൾ നടത്തി വരുന്നു. ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ്, ബേക്കറി ആൻഡ് കോൺഫക്ഷണറി എന്നീ ഒന്നരവർഷം ദൈർഘ്യമുള്ള ഡിപ്ലോമ പ്രോഗ്രാമുകൾ ഉൾപ്പെടും.

**https://www.ihmctkovalam.ac.in**

**https://www.sihmkerala.com**

## സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എൻജിനിയറിങ് ട്രെയിനിങ് (സിഫ്‌നെറ്റ്) കൊച്ചി

ബാച്ച്‌ലർ ഓഫ് ഫിഷറി സയൻസ് (നോട്ടിക്കൽ



## കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി

*വിവിധ മാസ്റ്റേഴ്സ് പ്രോഗ്രാമുകൾ നടത്തുന്നു.* **പ്രധാനപ്പെട്ടവ** : എം.ടെക്: കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്ങ് (കണക്റ്റഡ് സിസ്റ്റംസ് ആൻഡ് ഇന്റലിജൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി എൻജിനിയറിങ്ങ്), ഇലക്ട്രോണിക്സ് എൻജിനിയറിങ്ങ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹാർഡ്‌വെയർ, വി.എൽ.എസ്.ഐ, അഗ്രി-ഫുഡ് ഇലക്ട്രോണിക്സ്, സെൻസേഴ്സ്, അപ്ലൈഡ് മെറ്റീരിയൽസ് ഐ.ഒ.റ്റി ആൻഡ് റൊബോട്ടിക്സ്, ബയോമെഡിക്കൽ ഇലക്ട്രോണിക ്സ്, അൺകൺവൻഷണൽ കംപ്യൂട്ടിങ്ങ്, സിഗ്നൽ പ്രൊസസിങ്ങ് ഹാർഡ് വെയർ), ഇലക്ട്രോണിക്സ് എൻജിനിയറിങ്ങ് (സെമി കണ്ടക്ടർ മാനുഫാക്ചറിങ്ങ് ആന്റ് ടെക്നോളജി), ഇലക്ട്രോണിക് പ്രൊഡക്ട് ഡിസൈൻ *(ഫ്ളക്സിബിൾ റഗുലർ – വീക്കെൻഡ് മോഡ്, വർക്കിങ്ങ് പ്രൊഫഷണലുകളെ ഉദ്ദേശിച്ച്)*

എം.എസ്.സി: കംപ്യൂട്ടർ സയൻസ് (മെഷിൻ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഡാറ്റ അനലറ്റിക്സ്), ഡാറ്റ അനലറ്റിക്സ് (ജിയോ ഇൻഫർമറ്റിക്സ്, ബയോ എ.ഐ, കംപ്യൂട്ടേഷണൽ സയൻസ്), ഇക്കോളജി (ഇക്കോളജിക്കൽ ഇൻഫർമാറ്റിക്സ്), ഇലക്ട്രോണിക്സ് (എ.ഐ. ഹാർഡ് വിയർ, വി.എൽ.എസ്.ഐ, അഗ്രി – ഫുഡ് ഇലക്ട്രോണിക്സ്, സെൻസേഴ്സ്, അപ്ലൈഡ് മെറ്റീരിയൽസ്, ഐ.ഒ.റ്റി ആൻഡ് റൊബോട്ടിക്സ്, ബയോമെഡിക്കൽ ഇലക്ട്രോണിക്സ്, അൺകൺവെൻഷണൽ കംപ്യൂട്ടിങ്ങ്, സിഗ്നൽ പ്രൊസസിങ്ങ് ഹാർഡ്‌വെയർ)

മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (എം.ബി.എ): ബിസിനസ് അനലറ്റിക്സ്, ഡിജിറ്റൽ കൺവേർജൻസ്, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ, ഫൈനാൻസ്, ഹ്യൂമൺ റിസോഴ്സസ്, ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ്, മാർക്കറ്റിങ്ങ്, ഓപ്പറേഷൻസ്, സിസ്റ്റംസ്, ടെക്നോളജി മാനേജ്മെന്റ്
സ്പെഷ്യലൈസേഷനുകൾ.

**https://duk.ac.in**

സയൻസ്), വെസ്സൽ നാവിഗേറ്റർ, മറൈൻ ഫിറ്റർ ട്രേഡ് കോഴ്സുകൾ.

**https://cifnet.gov.in**

## ലക്ഷ്മീ ഭായി നാഷണൽ കോളജ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ, കാര്യവട്ടം

ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ, മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ്പോർട്സ്.

**https://lncpe.ac.in**

## നൂതന സാങ്കേതികവിദ്യകളിൽ കോഴ്സുകൾ നടത്തുന്ന ഇതര സർക്കാർ സ്ഥാപനങ്ങൾ:

### കെൽട്രോൺ നോളജ് സെന്റർ

**https://ksg.keltron.in**

### സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജി

**https://tet.cdit.org**

### എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി

**https://lbscentre.kerala.gov.in**

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ്

**http://www.ihrd.ac.in**

### സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ്ങ് ആൻഡ് ട്രെയിനിങ്ങ്

**https://www.captkerala.com**

### കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് യൂണിയൻ

**https://scu.kerala.gov.in** ■

അസാപ്

# തൊഴിൽനൈപുണ്യം ട്രെൻഡിങ് കോഴ്സുകളിലൂടെ



**വിദ്യാർഥികളുടെയും പൊതുസമൂഹത്തിന്റെയും തൊഴിൽനൈപുണ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്ഥാപനമായ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)നൂതന മേഖലകളുൾപ്പെടെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകി വരുന്നു. വ്യവസായ ആവശ്യകത മനസ്സിലാക്കിയുള്ള നൈപുണ്യവികസനരീതിയാണ് അസാപിനുള്ളത്**

## ASAP നൽകിവരുന്ന ട്രെൻഡിങ് മേഖലകളിലൂടെ ...

ആർട്ടിസ്റ്റ്, പ്രോഗ്രാമർ, ഗെയിം ഡെവലപ്പർ, VR ഡെവലപ്പർ വിവര സാങ്കേതികമേഖലയിലെ പുത്തൻ ഉണർവും കുതിപ്പും കണക്കിലെടുത്ത് എഞ്ചിനീയറിങ് വിദ്യാർഥികൾക്കായി വിർച്വൽ റിയാലിറ്റി/ ഓഗ്മെന്റഡ് റിയാലിറ്റി മേഖലയിൽ അസാപ്, ത്രീഡി മേഖലയിലെ മുൻനിര പ്ലാറ്റ്ഫോം ആയ യൂണിറ്റിയുമായി ചേർന്ന് ആർട്ടിസ്റ്റ്, പ്രോഗ്രാമർ, ഗെയിം ഡെവലപ്പർ, VR ഡെവലപ്പർ എന്നീ കോഴ്സുകൾ നൽകിവരുന്നു.

## എൻറോൾഡ് ഏജന്റ് (ഇ.എ)

അമേരിക്കൻ പൗരന്മാരുടെ നികുതി റിട്ടേണുകൾ ഫയൽ ചെയ്യാനും യു.എസിലെ ഫെഡറൽ നികുതിഭരണ ഏജൻസിയായ ഇന്റേണൽ റവന്യൂ സർവീസിനു (ഐ.ആർ.എസ്) മുന്നിൽ നികുതിദായകരെ പ്രതിനിധീകരിക്കാനും വേണ്ട യോഗ്യതയാണ് എൻറോൾഡ് ഏജന്റ് (ഇ.എ). ഇ.എ പ്രൊഫഷനലുകൾക്ക് കേരളത്തിലിരുന്നും ഈ ജോലികൾ ചെയ്യാം. പെട്ടെന്നു ജോലി ലഭിക്കാൻ സഹായിക്കുന്ന ഈ കോഴ്സ് നിലവിൽ കേരളത്തിൽ അസാപ് മാത്രമാണ് ലഭ്യമാക്കുന്നത്. ആറു മാസം കൊണ്ട് പൂർത്തിയാക്കാം. കോഴ്സിനു ചേരുമ്പോൾത്തന്നെ ജോലി ഉറപ്പാക്കുന്ന രീതിയിലാണ് അസാപ് പരിശീലനം നൽകുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് കോഴ്സിന്റെ ആരംഭത്തിൽത്തന്നെ ജോലിക്കുള്ള കണ്ടീഷണൽ ഓഫർ ലെറ്ററും നൽകും.

## മറൈൻ സ്ട്രക്ചറൽ ഫിറ്റർ

ഐ.ടി.ഐ പാസ്സായ ഉദ്യോഗാർഥികളിൽ നിന്നും വിദഗ്ധരായ പ്രൊഫഷണലുകളെ പരിശീലിപ്പിക്കുന്നതിനും അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമായി അസാപ് കേരള കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡുമായി (CSL) ചേർന്ന് സംയുക്തമായി വികസിപ്പിച്ചെടുത്ത മറൈൻ സ്ട്രക്ചറൽ ഫിറ്റർ ട്രേഡിലാണ് വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നത്.

കോഴ്സിലെ പ്രകടനത്തിന്റെ വിലയിരുത്തലിനുശേഷം വിജയികളായ ഉദ്യോഗാർഥികൾക്ക് കരാർ അടിസ്ഥാനത്തിൽ ജോലി സി.എസ്.എൽ ഉറപ്പ് നൽകുന്നു.

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എജൂക്കേഷൻ ആൻഡ് ട്രെയിനിങ്ങിന് (NCVET) കീഴിൽ ഫിറ്റർ, വെൽഡർ, ഷീറ്റ് മെറ്റൽ വർക്കർ, മറൈൻ ഫിറ്റർ തുടങ്ങിയ ട്രേഡുകളിൽ ഇതിനകം കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഒരു ആഡ്-ഓൺ പാക്കേജായിട്ടാണ് പാഠ്യപദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

## വൈദ്യുത വാഹനങ്ങൾ — കോഴ്സുകൾ

ഇലക്ട്രിക് വാഹനങ്ങളുടെ പുതുയുഗത്തിൽ ഏറെ തൊഴിലവസരങ്ങൾ ഉണ്ടാകാൻ പോകുന്നത് സർവീസ് മേഖലയിലാകും. ഈ മേഖലയിലെ നൈപുണ്യവികസനത്തിനും തൊഴിൽ പരിശീലനത്തിനുമായി പ്രമുഖ ഇലക്ട്രിക് വാഹന നിർമ്മാതാക്കളുമായി ചേർന്ന് ഇലക്ട്രിക് വെഹിക്കിൾ സെന്റർ ഓഫ് എക്സലെൻസ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടത്താണ് ഇത്തരത്തിൽ സെന്റർ ഓഫ് എക്സലെൻസ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പത്തനംതിട്ട ജില്ലയിലെ കുന്നന്താനം, മലപ്പുറം ജില്ലയിലെ തവനൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലാകും ഇലക്ട്രിക്ക് വാഹനങ്ങളുടെ സർവീസ് അനുബന്ധകാര്യങ്ങൾ പഠിപ്പിക്കുന്ന അത്യാധുനിക ലാബും കോഴ്സുകളും വരുന്നത്.

തുടക്കത്തിൽ വൈവിധ്യമാർന്ന ഒൻപത് കോഴ്സുകളാണ് ഇവിടെ നൽകുന്നത്. പത്താം ക്ലാസ് മുതൽ ബി ടെക് വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് തിരഞ്ഞെടുക്കാവുന്ന ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളായിരിക്കും ആരംഭിക്കുക. കൂടാതെ നിലവിൽ പരമ്പരാഗത വാഹന അറ്റക്കുറ്റപ്പണി ജോലികൾ ചെയ്യുന്നവർക്ക് ഇലക്ട്രിക് വാഹനങ്ങളുടെ സാങ്കേതികവിദ്യയും സർവീസിങ്ങുമായി ബന്ധപ്പെട്ട പുതിയ നൈപുണികൾ നേടിയെടുക്കാനും ഈ കോഴ്സുകൾ സഹായകമാകും.

## കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

നഗര ഗ്രാമ വ്യത്യാസമില്ലാതെ നൈപുണ്യ പരിശീലനം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന, നൂതനമായ തൊഴിൽപരിശീലന കേന്ദ്രങ്ങളാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ.

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കേരളത്തിലുടനീളം 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. 25,000 ലധികം ചതുരശ്രഅടി വിസ്തീർണ്ണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളോടെയാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മിച്ചിട്ടുള്ളത്. അത്യാധുനികസൗകര്യങ്ങളോടു കൂടിയ അഞ്ച് ക്ലാസ് മുറികളും ഒരു ഐ.ടി ലാബും നാല് നൈപുണ്യ പരിശീലന ലാബുകളും സ്കിൽ പാർക്കിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒരേസമയം നാനൂറോളം വിദ്യാർഥികൾക്ക് സ്കിൽ പാർക്കിൽ പരിശീലനം ലഭ്യമാകും.

## ഡ്രോൺ പൈലറ്റ് പരിശീലനം

കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ദക്ഷിണേന്ത്യയിലെ ഏക ഡ്രോൺ പൈലറ്റ് പരിശീലന കേന്ദ്രം അസാപ് കാസർഗോഡ് സ്കിൽ പാർക്കിൽ സ്ഥിതി ചെയുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ AR / VR ലാബ് തവനൂർ, പാമ്പാടി, കഴക്കൂട്ടം, കളമശ്ശേരി സ്കിൽ പാർക്കിലും ഇലക്ട്രിക്ക് വെഹിക്കിൾ സെന്റർ ഓഫ് എക്സലൻസ് കുന്നന്താനം, തവനൂർ സ്കിൽ പാർക്കിലും വെഹിക്കിൾ റീഫിനിഷ് പെയിന്റിങ്ങ് സെന്റർ തവനൂർ സ്കിൽ പാർക്കിലും സ്ഥാപിച്ചിട്ടുണ്ട്.

കേരള നോളജ് ഇക്കോണമി മിഷന്റെ വർക്ക് റെഡിനസ്സ് പ്രോഗ്രാമിന്റെ ബാച്ചുകളും അസാപ് കേരളയുടെ കീഴിലുള്ള വിവിധ പരിശീലനങ്ങളും സ്കിൽ പാർക്കിൽ നടക്കുന്നു.

അസാപ് കേരളയുടെ ഔദ്യോഗിക വെബ്സൈറ്റ്: www.asapkerala.gov.in

വെബ്സൈറ്റ് വഴി ഓൺലൈൻ ആയാണ് കോഴ്സുകളിലേക്ക് അപേക്ഷിക്കേണ്ടത്.

ഫോൺ: 0471-2772500 ■



ഐ.ഐ.ഐ.സി

# ശാസ്ത്രീയമായി പഠിക്കാം നിർമ്മാണം





**ഡോ. ബി. സുനിൽ കുമാർ**
ഡയറക്ടർ, ഐ.ഐ.ഐ.സി

നിർമ്മാണ മേഖലയിൽ ദിവസവേതനത്തിന് ജോലിചെയ്യുന്നവർ മുതൽ ഉന്നത ശമ്പളം വാങ്ങുന്ന എഞ്ചിനീയർമാർ വരെയുണ്ട്. റോഡുകൾ, പാലങ്ങൾ, സൗധങ്ങൾ, വലിയകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവയെല്ലാം ഈ സമൂഹത്തിന്റെ സംഭാവനയാണ്. ഇതരസംസ്ഥാന തൊഴിലാളികളും ഇതിന്റെ ഭാഗമാണ്. തൊഴിൽ കൃത്യമായി പരിശീലിച്ചു അംഗീകാരം നേടിയവരാണോ ഇവരൊക്കെ എന്ന ചോദ്യം ഈ പശ്ചാത്തലത്തിലാണ് പ്രസക്തമാകുന്നത്. ഇവിടെയാണ് കൊല്ലം ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐ.ഐ.ഐ.സി)  നടത്തുന്ന കോഴ്സുകളുടെ പ്രസക്തി. തൊഴിൽവകുപ്പിന്റെ കേരള അക്കാദമി ഓഫ് സ്കിൽ ഡെവലപ്മെന്റിന്റെ കീഴിൽ നിർമ്മാണ രംഗത്ത് ശ്രദ്ധേയ സാന്നിദ്ധ്യമായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഐ.ഐ.ഐ.സിയുടെ പ്രവർത്തന മേൽനോട്ടം നിർവഹിക്കുന്നത്.

## സമ്പൂർണ്ണ നിർമ്മാണപഠനം

നിർമ്മാണം തുടങ്ങുന്നതിനു മുമ്പുള്ള പാരിസ്ഥിതിക പഠനം, രൂപരേഖ തയ്യാറാക്കൽ, പദ്ധതി നടത്തിപ്പ് മേൽനോട്ടം, പൂർത്തീകരണം, പരിപാലനം എന്നിങ്ങനെയുള്ള ഓരോഘട്ടവും പരിശീലനത്തിന്റെ ഭാഗമാണ്. ടെക്നിഷ്യൻ, സൂപ്പർവൈസറി, മാനേജീരിയൽ എന്നിങ്ങനെയുള്ള മൂന്നു തലങ്ങളിലായാണ് പരിശീലനങ്ങൾ. ആരോഗ്യം, പാരിസ്ഥിതികപഠനം, സുരക്ഷാസംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണയും പ്രയോഗികതയിലൂന്നിയ തൊഴിൽ നൈപുണ്യവും ആണ് ലക്ഷ്യം.

നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണപരിശോധന നിർണ്ണയിക്കുവാനുള്ള കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നിഷ്യൻ ലെവൽ 4, നിർമ്മാണരൂപരേഖ തയ്യാറാക്കുവാനുള്ള ഡ്രാഫ്ട്സ്മാൻ സിവിൽ വർക്ക്സ് ലെവൽ- 4, സ്ഥലം അളക്കാനും അടയാളപ്പെടുത്താനും പരിശീലിപ്പിക്കുന്ന അസിസ്റ്റന്റ് സർവേയർ, മേസൺ, പ്ലംബർ, ഇലക്ട്രിഷ്യൻ, പെയിന്റർ എന്നിങ്ങനെ ഒട്ടേറെ പരിശീലനങ്ങൾ ടെക്നിഷ്യൻ തലങ്ങളിൽ ഉൾപ്പെടുന്നു.

## പോസ്റ്റ്ഗ്രാഡുവേറ്റ് ഡിപ്ലോമകൾ

ബി-ടെക് സിവിൽ, ബി-ആർക്ക്, ബി-ടെക് മെക്കാനിക്കൽ, ബി-ടെക് ഇലക്ട്രിക്കൽ തുടങ്ങിയവ പൂർത്തീകരിച്ചവർക്ക് മാനേജീരിയൽതല പരിശീലനങ്ങൾ. പോസ്റ്റ്ഗ്രാഡുവേറ്റ് ഡിപ്ലോമയാണ് പരിശീലനം പൂർത്തീകരിക്കുന്നവർക്കു ലഭിക്കുക. ബി-ടെക് സിവിൽ, ബി-ആർക്ക് പൂർത്തീകരിച്ചവർക്ക് അഡ്വാൻസ്ഡ് കൺസ്ട്രക്ഷൻ മാനേജ്മെന്റ്, അർബൻ പ്ലാനിങ്ങ് ആൻഡ് മാനേജ്മെന്റ്, ബിൽഡിങ്ങ് ഇൻഫർമേഷൻ മോഡലിങ്ങ്, ബി-ടെക് സിവിൽ കഴിഞ്ഞവർക്ക് മാത്രമായി ഇന്റീരിയർ ഡിസൈൻ ആൻഡ് കൺസ്ട്രക്ഷൻ, റോഡ് കൺസ്ട്രക്ഷൻ മാനേജ്മെന്റ്, ഏതെങ്കിലും വിഷയത്തിൽ എൻജിനീയറിങ്ങ് ബിരുദമുള്ളവർക്കും ബി.എസ്.സി ഫിസിക്സ്/കെമിസ്ട്രി യോഗ്യതയുള്ളവർക്ക് ഇൻഡസ്ട്രിയൽ സേഫ്റ്റി എൻജിനീയറിങ്ങ്, ബി-ടെക് മെക്കാനിക്കൽ/പ്രൊഡക്ഷൻ എൻജിനീയറിങ്ങ്/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ്ങ് യോഗ്യതയുള്ളവർക്ക് എം.ഇ.പി. സിസ്റ്റംസ് ആൻഡ് മാനേജ്മെന്റ് എന്നിങ്ങനെയാണ് പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ മാനേജീരിയൽ പരിശീലനങ്ങൾ.

**പരിശീലന ക്ലാസ്സുകളിൽ നിന്ന് പഠിക്കുന്നത് നേരിട്ട്കണ്ട് മനസിലാക്കാനും, പ്രയോഗികമാക്കാനും അവസരങ്ങൾ ഒരുക്കുന്നു**

പ്ലസ്ടു കഴിഞ്ഞവർക്കുള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ബി-ടെക് സിവിൽ, ഡിപ്ലോമ സിവിൽ, സയൻസ് ബിരുദധാരികൾ, ബി-ആർക്ക്, ബി.എ. ജോഗ്രഫി യോഗ്യതയുള്ളവർക്ക് ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, ബി-ടെക് സിവിൽ, ബി- ആർക്ക് പൂർത്തീകരിച്ചവർക്കുള്ള ബിൽഡിങ്ങ് ഇൻഫർമേഷൻ, മോഡലിങ്ങ് എന്നിങ്ങനെയുള്ള പരിശീലനങ്ങളെ ദേശീയ നൈപുണ്യയോഗ്യത ചട്ടക്കൂട് പ്രകാരമുള്ള ലെവൽ-5 പരിശീലനങ്ങൾക്കു തത്തുല്യമായ രീതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിർമ്മാണരംഗത്തെ ഡിജിറ്റൽപരിവർത്തനം പരിപൂർണ്ണമായി ഉൾക്കൊണ്ടുള്ള കരിക്കുലമാണ് ഭൂരിഭാഗം പരിശീലനങ്ങളിലും ഉപയോഗിക്കുന്നത്. മേഖലയിൽ ജോലിചെയ്ത അനുഭവപരിചയം ഉണ്ടായിട്ടും സർട്ടിഫിക്കറ്റ് ഇല്ലാത്ത കാരണം അവസരങ്ങൾ നിഷേധിക്കപ്പെടുന്നവർക്കായി റെക്കഗ്നിഷൻ ഓഫ് പ്രയർ ലേണിങ്ങ് പദ്ധതിയും മികച്ച തൊഴിലിട പരിശീലനവും ഒരുക്കിയിട്ടുണ്ട്.

## ഹ്രസ്വകാല പരിശീലനങ്ങൾ

പ്ലസ്ടു (വൊക്കേഷണൽ), ഡിഗ്രി, പോളിടെക്നിക്, എൻജിനീയറിങ്ങ് വിദ്യാർഥികൾക്ക് കോഴ്സിന്റെ ഭാഗമായുള്ള ഇന്റേൺഷിപ്പ് സൗകര്യവുമുണ്ട്.

നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട എൻ.സി.വി.ടി, എ.ഐ.സി.ടി.ഇ ചട്ടക്കൂട് പ്രകാരമുള്ള പരിശീലനങ്ങളാണ് നൽകി വരുന്നത്.

## സർക്കാർ ഉദ്യോഗസ്ഥർക്കായി പ്രത്യേക പരിശീലനങ്ങൾ

ഉദ്യോഗസ്ഥതലത്തിലുള്ള പരിശീലനങ്ങൾക്കു പ്രത്യേക രീതിയിൽ തയ്യാറാക്കിയ കരിക്കുലമാണുള്ളത്. ജീവനക്കാരുടെ മികവുയർത്താനായി സർക്കാർ വകുപ്പുകൾ തന്നെ ഇത്തരത്തിലുള്ള പരിശീലനങ്ങൾ സ്വീകരിക്കുന്നു. കേന്ദ്ര കായികമന്ത്രാലയവുമായി ബന്ധപ്പെട്ട എൻജിനീയർമാർ, കേരള തുറമുഖ വകുപ്പിന്റെ എൻജിനീയർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ, ഓവർസിയർമാർ, സമഗ്രശിക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട അധ്യാപകർ, വൊക്കേഷണൽ ഹയർസെക്കൻഡറി തലത്തിൽ പ്രവർത്തിക്കുന്ന അധ്യാപകർ തുടങ്ങിയ അനവധി ഉദ്യോഗസ്ഥർ പരിശീലനങ്ങളിൽ പങ്കെടുക്കുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യയിൽ വ്യാവസായികമേഖലയും അക്കാദമിക്തലവും തമ്മിലുള്ള വിടവ് നികത്തി പ്രയോഗികതയിൽ ഊന്നിയുള്ള പഠനസമ്പ്രദായമാണ് ഐ.ഐ.ഐ.സി പിന്തുടരുന്നത്. ■

കിറ്റ്സ്

# വിനോദസഞ്ചാരത്തിലെ തൊഴിൽസാധ്യതകൾ



**സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) കേരളത്തിൽ ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ ആധികാരികസ്ഥാപനമാണ്**



**ഡോ. ബി. രാജേന്ദ്രൻ**
പ്രിൻസിപ്പൽ, കിറ്റ്സ്

കേരളത്തിൽ പ്രതിവർഷം ഒരു ലക്ഷം പേരെങ്കിലും പുതിയതായി ടൂറിസവുമായി ബന്ധപ്പെട്ട മേഖലയ്ക്ക് ആവശ്യമുണ്ട്. എന്നാൽ പരിശീലനം ലഭിക്കുന്നത് ഏതാണ്ട് പതിനയ്യായിരത്തോളം പേർക്ക് മാത്രമാണ്. ടൂറിസം മേഖലയുടെ പ്രധാന വെല്ലുവിളിയും പരിശീലനം നേടിയ മാനവ വിഭവശേഷിയുടെ പരിമിതിയാണ്. ഏതൊരു തൊഴിൽ മേഖലയെയും ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ തക്കശേഷിയുള്ള കാലത്താണ് നാം കടന്നുപോകുന്നത്. അതിനാൽ തന്നെ ടൂറിസം മാനേജ്മെന്റ് പ്രൊഫഷണലുകൾക്ക് തൊഴിൽ രംഗത്ത് വലിയ സാധ്യതകളായിരിക്കും വരുംനാളുകളിൽ ലോകമൊട്ടാകെ ഉയർന്നുവരിക. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) പോലുള്ള സ്ഥാപനങ്ങളുടെ സംഭാവന നിർണ്ണായകമാകുന്നത്.

പ്രവർത്തനം ആരംഭിച്ചിട്ട് മുപ്പതാം വർഷത്തിലേക്കു കടക്കുന്ന, സ്വയംഭരണാവകാശമുള്ള കിറ്റ്സ് കേരളത്തിൽ ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ ആധികാരിക സ്ഥാപനം കൂടിയാണ്. എം.ബി.എ ട്രാവൽ ആൻഡ് ടൂറിസമാണ് കിറ്റ്സിലെ ഏറ്റവും പ്രധാനപ്പെട്ട കോഴ്സ്. കേരള സർവകലാശാലയുടെയും എ.ഐ.സി.ടി.ഇ യുടെയും അംഗീകാരമുള്ള കോഴ്സാണിത്. ബി.ബി.എ ടൂറിസം മാനേജ്മെന്റ്, പി.ജി ഡിപ്ലോമ ഇൻ



പബ്ലിക്റിലേഷൻസ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ് എന്നിവയാണ് കിറ്റ്സിലെ മറ്റ് കോഴ്സുകൾ. ഇത് കൂടാതെ ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റിലും, എയർപോർട്ട് ഓപ്പറേഷൻസിലും സർട്ടിഫിക്കറ്റ് കോഴ്സുകളും കിറ്റ്സിൽ നടത്തുന്നു. ഇന്ത്യയിലും, വിദേശത്തും തൊഴിൽസാധ്യത ഉറപ്പാക്കുന്ന തരത്തിൽ ഭാഷാപരിശീലനം നൽകി വിവിധ ഭാഷകളിലുള്ള നൈപുണ്യവും വിദ്യാർഥികളിൽ ഉറപ്പുവരുത്തുന്നുവെന്നത് കിറ്റ്സിന്റെ പ്രത്യേകതയാണ്.

## പ്ലെയ്സ്മെന്റും റിക്രൂട്ട്മെന്റും

ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോക ടൂറിസംസംഘടന (യു.എൻ.ഡബ്ല്യൂ.ടി.ഒ) യുടെ അംഗീകാരമുള്ള സ്ഥാപനമാണ് കിറ്റ്സ്. യു. എൻ.ഡബ്ല്യൂ.ടി.ഒ യുടെ ഇ -ലൈബ്രറി പോലുള്ള സേവനങ്ങൾ പ്രയോജനപ്പെടുത്താൻ കിറ്റ്സിന് സാധിക്കുന്നു, പ്ലെയ്സ്മെന്റിന്റെ കാര്യത്തിലും സവിശേഷ ശ്രദ്ധ പുലർത്തുന്നുണ്ട്. ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനമായതിനാൽ ഇവിടെ നിന്നുള്ള റിക്രൂട്ട്മെന്റിനായി സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിവർഷം എത്താറുണ്ട്. ടൂറിസം വകുപ്പ്, കെ.ടി.ഡി.സി, തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യ മേഖലയിലുള്ള ട്രാവൽ ഏജൻസികൾ, വിവിധ എയർലൈൻസുകൾ, ലോജിസ്റ്റിക്സ് സ്ഥാപനങ്ങൾ, നിരവധി ഹോട്ടലുകൾ തുടങ്ങിയവ റിക്രൂട്ട്മെന്റിനായി കിറ്റ്സിലെത്തുന്നു. ഇതിന് പുറമെ നോർക്ക വഴി കേരളത്തിന് പുറത്തും തൊഴിൽസാധ്യതകൾ തുറന്നുവരുന്നുണ്ട്. ടൂറിസം വകുപ്പ് സർക്കാർപദ്ധതികളുടെ നോഡൽ ഏജൻസി കൂടിയാണ് കിറ്റ്സ്. ഇതിനാവശ്യമായ പ്രോജക്ട് നിർമ്മാണങ്ങൾക്ക് കിറ്റസിലെ വിദ്യാർഥികളുടെ സേവന മാണ് പ്രയോജനപ്പെടുത്തേണ്ടത്. ഇത് വിദ്യാർഥികൾക്ക് മികച്ച തൊഴിൽ അനുഭവം സമ്മാനിക്കുന്നതിനും വിദ്യാഭ്യാസകാലത്തിൽതന്നെ മികച്ച വരുമാനം നേടാനും സഹായിക്കുന്നു. ഇത്തരത്തിൽ ഏകദേശം 100 ശതമാനം പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്താൻ കിറ്റ്സിന് സാധിക്കുന്നു. ഒട്ടേറെ വിദേശസർവകലാശാലകളുമായി സഹകരിച്ച് സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നടത്താൻ അന്താരാഷ്ട്ര പരിശീലനകേന്ദ്രവും കിറ്റ്സിൽ ആരംഭിച്ചിട്ടുണ്ട്. ■

**ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോക ടൂറിസംസംഘടന (യു എൻ ഡബ്ല്യൂ ടി ഒ) യുടേയും അംഗീകാരമുള്ള സ്ഥാപനമാണ് കിറ്റ്സ്**

# വിദൂരപഠനം എല്ലാവർക്കും എപ്പോഴും

**പി.എം. മുബാറക് പാഷ**
വൈസ് ചാൻസലർ

ഉന്നതവിദ്യാഭ്യാസം പ്രായഭേദമന്യേ സമൂഹത്തിലേക്ക് വ്യാപിപ്പിക്കുക എന്ന ആത്യന്തിക ലക്ഷ്യമാണ് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നിർവഹിക്കുന്നത്. വിദൂരപഠനസാധ്യകൾ പരമാവധി പേരിലേക്കെത്തിക്കുന്നതിനുള്ള പഠനസമ്പ്രദായമാണ് അനുവർത്തിക്കുന്നതും. പുതിയകാലത്തിന്റെ ആവശ്യകതകൾ കൂടി പരിഗണിച്ചുള്ള പാഠ്യക്രമം ഒരുക്കുന്നതിലും ബദ്ധശ്രദ്ധ പുലർത്തുന്നു.

2020 ലാണ് പ്രവർത്താനാരംഭം. യു.ജി.സി 2-എഫ് ൽ ഉൾപ്പെടുത്തി അംഗീകാരം നൽകി. അടുത്ത 10 വർഷത്തേക്കുള്ള സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കി. 35 വിഷയങ്ങളിൽ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ വന്നു. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക് പണ്ഡിതരാണ് സിലബസ് നിർമ്മാണത്തിനു പിന്നിൽ. പഠനസാമഗ്രികളുടെ നിർമ്മാണവും നടത്തി. നൂറിലധികം അക്കാദമിക് വിദഗ്ധർ പഠന സാമഗ്രികൾ വികസിപ്പിക്കുന്ന പ്രക്രിയയിൽ പങ്കാളികളായി.

യു.ജി.സിയുടെ അംഗീകാരത്തിനനുസരിച്ച് പാഠ്യപദ്ധതികൾ തുടങ്ങി. 2023 ജനുവരിയിൽ ആറ് പുതിയ പാഠ്യപദ്ധതികൾക്കു കൂടി അംഗീകാരം കിട്ടി. 2022-23 അധ്യയന വർഷത്തിൽ 13 പാഠ്യപദ്ധതികളിൽ വിദ്യാർഥികൾക്ക് പ്രവേശനം നൽകി.

| ബിരുദം | ബിരുദാനന്തര ബിരുദം |
|---|---|
| മലയാളം | മലയാളം |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് |
| ഹിന്ദി | ഹിസ്റ്ററി |
| സോഷ്യോളജി, | സംസ്കൃതം |
| അറബിക് | ഇക്കണോമിക്സ് |
| ഹിസ്റ്ററി | ഫിലോസഫി |
| സോഷ്യോളജി | |





പ്രവേശനം ലഭിച്ചവർക്ക് അക്കാദമിക് കൗൺസലിങ്ങിനായി കേരളത്തിലെ 14 പ്രശസ്ത കലാലയങ്ങളെ ലേണർ സപ്പോർട്ട്സെന്റേഴ്സായി അംഗീകരിച്ചു.

2023-24 അധ്യയനവർഷം ആറ് ബിരുദ പ്രോഗ്രാമുകളും എട്ട് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും ആരംഭിക്കാൻ യു.ജി.സിക്ക് അപേക്ഷ സമർപ്പിച്ചു.

### പ്രാദേശികകേന്ദ്രങ്ങൾ

തലശ്ശേരി സർക്കാർ ബ്രണ്ണൻകോളജ്, കോഴിക്കോട് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളജ്, എസ്.എൻ.ജി.എസ് കോളജ്, പട്ടാമ്പി, തൃപ്പൂണിത്തുറ സർക്കാർ കോളജ് എന്നിവിടങ്ങളിൽ സർവകലാശാലയുടെ പ്രാദേശികകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

## പഠനകേന്ദ്രങ്ങൾ

മാർഇവാനിയോസ് കോളജ് (തിരുവനന്തപുരം), ഫാത്തിമമാതാ നാഷണൽ കോളജ് (കൊല്ലം), എം.എസ്.എം കോളജ് (കായംകുളം), കോളജ് ഓഫ് അപ്ലൈഡ് സയൻസസ് (അടൂർ), സർക്കാർ കോളജ് (നാട്ടകം), കോട്ടയം സർക്കാർ കോളജ് (കട്ടപ്പന), മഹാരാജാസ് കോളജ് (എറണാകുളം), സി. അച്യുതമേനോൻ സർക്കാർ കോളജ് (തൃശൂർ), എസ്.എൻ.ജി.എസ് കോളജ് (പട്ടാമ്പി), സർക്കാർ കോളജ് (മലപ്പുറം), ഫറൂക്ക് കോളജ് (കോഴിക്കോട്), സർക്കാർ ബ്രണ്ണൻ കോളേജ് (തലശ്ശേരി), എൻ.എം.എസ്.എം.സർക്കാർ കോളജ് (വയനാട്), സർക്കാർ വിദ്യാനഗർ (കാസർഗോഡ്) എന്നീ 14 പഠനകേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

## സമ്പൂർണ്ണ ബിരുദസംസ്ഥാനം

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വരുന്ന വർഷത്തെ ഏറ്റവും മികവാർന്നതും അർഥവത്തായതുമായ പഠനപരിപാടിയാണ് അറുപതുവയസു പൂർത്തിയാക്കുന്ന പൗരന്മാരെ എല്ലാം

- കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ആറ് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ്.
- തുടർപഠനം സാധ്യമാകാതെ പോയവരുടെ പുനരുജ്ജീവനത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള ബിരുദ പാഠ്യപദ്ധതിയായ ദർപ്പണം.
- 2023 ജനുവരിയിൽ ആറ് പുതിയ പാഠ്യപദ്ധതികൾക്കു കൂടി അംഗീകാരം കിട്ടി.

ബിരുദധാരികളാക്കാൻ ലക്ഷ്യമിട്ടുള്ളത്. എല്ലാവരും ബിരുദധാരികളാകുന്ന ആദ്യ സംസ്ഥാനം എന്ന ലക്ഷ്യസാക്ഷാത്കാരത്തിലേക്കുള്ള പ്രയാണത്തിലാണ് സർവകലാശാല.

## സൂക്ഷ്മ സംരംഭകർക്ക് പരിശീലനം

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ പുതിയസാഹചര്യത്തിൽ സൂക്ഷ്മ സംരംഭകർക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സൂക്ഷ്മസംരംഭങ്ങൾ എന്ന പാഠ്യവിഷയം ബിരുദതലത്തിൽ നടപ്പിലാക്കും. കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർഥിയുടെ അഭിരുചിക്കനുസരിച്ച് ഒരു ജീവനോപായ മേഖലയിൽ പ്രായോഗിക പരിശീലനം അസാപ് കേരളയുമായി ചേർന്ന് സാധ്യമാക്കും.

വ്യവസായവകുപ്പിന്റെ സഹകരണത്തോടെ പഠിതാക്കളെ സംരംഭകരാക്കി മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷ. പഠിതാക്കൾക്ക് പ്രോജക്ട് റിപ്പോർട്ടും മൂലധനസമാഹരണമാർഗങ്ങളും ലഭ്യമാക്കുന്നതും കോഴ്സിന്റെ ഭാഗമായി ലക്ഷ്യമാക്കുന്നു. കിലയുടെയും ജില്ലാപഞ്ചായത്തുകളുടെയും സജീവപിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്കുക.

# കേരളത്തിലെ പ്രധാന സർവകലാശാലകളും കോഴ്സുകളും

**ഹയർസെക്കൻഡറിക്ക് ശേഷം, കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിൽ പല വിദ്യാർഥികളും ആശയക്കുഴപ്പത്തിലായേക്കാം. ഇത് കണക്കിലെടുത്ത്, സംസ്ഥാനത്തുടനീളമുള്ള വിവിധ സർവകലാശാലകളിലെ കോഴ്സുകൾ പരിചയപ്പെടുത്തുന്നു**

## കേരള സർവകലാശാല

കേരളത്തിലെ ആദ്യത്തെ സർവകലാശാലയായ കേരള സർവകലാശാല തിരുവനന്തപുരത്ത് 1937ൽ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ കാലത്താണ് രൂപീകൃതമായത്. തിരുവിതാംകൂർ സർവകലാശാല എന്നായിരുന്നു ആദ്യത്തെ പേര്. 1957 ൽ തിരുവിതാംകൂർ സർവകലാശാല കേരളസർവകലാശാലയായി പരിണമിച്ചു. ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, വീഡിയോ പ്രൊഡക്ഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ്ങ് സയൻസ്, ഡിസാസ്റ്റർ മാനേജ്മെന്റ്, മൈക്രോബയോളജി, ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് തുടങ്ങിയ അനവധി കോഴ്സുകൾ ഇവിടെയുണ്ട്.



### പ്രധാന കോഴ്സുകൾ

#### ബിരുദം

ബയോ-കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, ബയോ ടെക്നോളജി, ബോട്ടണി, കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, എൺവയോൺമെന്റൽ സയൻസ്, എൺവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ്, ജിയോഗ്രഫി, ജിയോളജി, ഹോം സയൻസ്, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ്ങ് സയൻസ്, മൈക്രോബയോളജി, ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഫിസിക്സ് വിത്ത് മാത്തമാറ്റിക്സ് ആൻഡ് മെഷീൻ ലേണിങ്ങ്, പോളിമർ കെമിസ്ട്രി, സൈക്കോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഫുഡ് പ്രോസ്സസിങ്ങ്, ഫുഡ് പ്രോസ്സസിങ്ങ് ആൻഡ് മാനേജ്മെന്റ്, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, അറബിക്, ഇക്കണോമിക്സ് ആൻഡ് മീഡിയ സ്റ്റഡീസ്, ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇംഗ്ലീഷ് ആൻഡ് മലയാളം ലിറ്ററേച്ചർ, ഇംഗ്ലീഷ് ആൻഡ് മീഡിയ സ്റ്റഡീസ്, ഇസ്ലാമിക് ഹിസ്റ്ററി, ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ജേണലിസം, മാസ് കമ്മ്യൂണിക്കേഷൻ, വീഡിയോ പ്രൊഡക്ഷൻ, മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, മലയാളം, മ്യൂസിക്, ഫിലോസഫി, പൊളിറ്റിക്കൽ

സയൻസ്, സൈക്കോളജി, സംസ്കൃതം ജനറൽ, ജ്യോതിഷ, ന്യായ, വേദാന്തം, സംസ്കൃതം വ്യാകരണ, സോഷ്യോളജി, തമിഴ്, ബി.ബി.എ, ലോജിസ്റ്റിക്സ്, ബിസിഎ, ബികോം അക്കൗണ്ട്സ് ആൻഡ് ഡാറ്റാ സയൻസ്, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ്ങ്, ടാക്സ് പ്രൊസീജിയർ ആൻഡ് പ്രാക്ടീസ്, ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ്, കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ.

## ബിരുദാനന്തര ബിരുദം

അറബിക്, ആർക്കിയോളജി, ബിസിനസ് ഇക്കണോമിക്സ്, നൃത്തം (കേരള നടനം), ഇക്കണോമിക്സ്, ഇംഗ്ലീഷ്, ജർമ്മൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഇസ്ലാമിക് ഹിസ്റ്ററി, ഭാഷാശാസ്ത്രം, മലയാളം മീഡിയ സ്റ്റഡീസ്, മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം, സംഗീതം, മൃദംഗം, വീണ, വയലിൻ, പേഴ്സണൽ മാനേജ്മെന്റ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ്, സൈക്കോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, റഷ്യൻ, സംസ്കൃതം സ്പെഷ്യൽ, ജ്യോതിഷ, ന്യായ, വേദാന്തം, വ്യാകരണം, സോഷ്യോളജി, തമിഴ്, എംകോം, ബ്ലൂ ഇക്കണോമി ആൻഡ് മാരിടൈം ലോ, ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻ, അപ്ലൈഡ് അക്വാ കൾച്ചർ, അപ്ലൈഡ് കെമിസ്ട്രി, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ അനാലിസിസ്, അക്വാറ്റിക് ബയോളജി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബയോ ഇൻഫോർമാറ്റിക്സ്, ബയോ-ടെക്നോളജി, ബയോകെമിസ്ട്രി, ബയോഡൈവേഴ്സിറ്റി കൺസർവേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, കമ്പ്യൂട്ടേഷണൽ ബയോളജി, കൗൺസിലിങ്ങ് സൈക്കോളജി, ഡാറ്റ സയൻസ് -സിഎസ്എസ്, ഡെമോഗ്രഫി ആൻഡ് ബയോസ്റ്റാറ്റിസ്റ്റിക്സ് സിഎസ്എസ്, ഇലക്ട്രോണിക്സ്, എൺവയോൺമെന്റൽ സയൻസ്, ഇൻറഗ്രേറ്റീവ് ബയോളജി, മെഡിസിനൽ കെമിസ്ട്രി, മൈക്രോബയോളജി, നാനോ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ അനലിറ്റിക്സ്.

## ബിഎഡ്

അറബിക്, കൊമേഴ്സ്, ഇംഗ്ലീഷ്, ജിയോഗ്രഫി, ഹിന്ദി, ഹോം സയൻസ്, മലയാളം, മാത്തമറ്റിക്സ്, നാചറൽ സയൻസ്, ഫിസിക്കൽ സയൻസ്, സംസ്കൃതം, സോഷ്യൽ സയൻസ്, സ്പെഷ്യൽ എഡ്യൂക്കേഷൻ, തമിഴ്.

## (ബിടെക്)

എയറോനോട്ടിക്കൽ എഞ്ചിനീയറിങ്ങ്, അപ്ലൈഡ് ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിങ്ങ്, ബയോ-ടെക്നോളജി ആൻഡ് ബയോ-കെമിക്കൽ എഞ്ചിനീയറിങ്ങ്, കെമിക്കൽ എഞ്ചിനീയറിങ്ങ്, സിവിൽ എഞ്ചിനീയറിങ്ങ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങ്, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ്, ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ്, ഇൻഡസ്ട്രിയൽ എഞ്ചിനീയറിങ്ങ്, പ്രൊഡക്ഷൻ എഞ്ചിനീയറിങ്ങ്.

## മറ്റു കോഴ്സുകൾ

എം.ബി.എ, ഇന്റഗ്രേറ്റഡ് ബി.എം, എം.എ.എം, ട്രാവൽ ആൻഡ് ടൂറിസം, എം.സി.എ, എം.സി.ജെ, ഇന്റർനാഷണൽ ട്രെയിഡ്, റൂറൽ മാനേജ്മെന്റ്, എം.എസ്.ഡബ്ലിയു, സോഷ്യൽ വർക്ക്, എം.റ്റി.എ, എം.ടെക്.

# കേരള കേന്ദ്ര സർവകലാശാല, കാസർഗോഡ്

കാസർഗോഡ് കേന്ദ്രമാക്കി 2009 മുതൽ പ്രവർത്തിക്കുന്ന കേന്ദ്ര സർവകലാശാലയാണ് കേരള കേന്ദ്ര സർവകലാശാല. അന്താരാഷ്ട്ര ബന്ധങ്ങളുടെയും ആഗോള രാഷ്ട്രീയത്തിന്റെയും പ്രധാന തീമുകൾ വിശകലനം ചെയ്യാനും ശാസ്ത്രീയമായി മനസിലാക്കാനുമുള്ള ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ ആൻഡ് പോളിസി സ്റ്റഡീസ്, ജിയോളജി, യോഗ, ബയോ കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ കോഴ്സുകൾ പഠിക്കാൻ ഇവിടെ അവസരമുണ്ട്. പൊതു പരീക്ഷയുടെ അടിസ്ഥാനത്തിലാണ് ഇവിടത്തെ പ്രവേശനം.




## പ്രധാന കോഴ്സുകൾ

ബിരുദം - ഇന്റർനാഷണൽ റിലേഷൻസ്

ബിരുദാനന്തര ബിരുദം - ഇക്കണോമിക്സ്, ഇംഗ്ലീഷ് ആൻഡ് കംപാരിറ്റീവ് ലിറ്ററേച്ചർ, ലിംഗ്വസ്റ്റിക്സ് ആൻഡ് ലാംഗ്വേജ് ടെക്നോളജി, ഹിന്ദി, കന്നട, മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ ആൻഡ് പോളിസി സ്റ്റഡീസ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്കൽ

സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സുവോളജി, ബയോ കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, എൺവയോൺമെന്റ് സയൻസ്, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, ജെനോമിക് സയൻസ്, മാത്തമാറ്റിക്സ്, ഫിസിക്സ്, ബോട്ടണി, യോഗ തെറാപ്പി.

### മറ്റു കോഴ്സുകൾ

എൽ.എൽ.എം, എം.എസ്.ഡബ്ല്യു, എം.എഡ്, എം.പി.എച്ച്, എം.ബി.എ, ടൂറിസം ട്രാവൽ മാനേജ്മെന്റ്, എം.കോം, ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ, യോഗ, എൻ.ആർ.ഐ ലാ, ഹിന്ദി ട്രാൻസ്ലേഷൻ.

## കണ്ണൂർ സർവകലാശാല

കേരളത്തിലെ ഏഴാമത്തെ പൊതു സർവകലാശാലയാണ് കണ്ണൂർ സർവകലാശാല.1995 നവംബർ 9-ന് ആരംഭിച്ച കോഴിക്കോട് സർവകലാശാല വിഭജിച്ചാണ് ഈ ഉന്നത വിദ്യാകേന്ദ്രം സ്ഥാപിച്ചത്. തലശ്ശേരി, പയ്യൂർ, മാങ്ങാട്ടുപറമ്പ്, നീലേശ്വരം, കാസർഗോഡ്, മാനന്തവാടി എന്നിവിടങ്ങളിലാണ് സർവകലാശാലയുടെ ക്യാമ്പസുകൾ. ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി മുതൽ ഫിസിക്കൽ എഡ്യൂക്കേഷൻ അൻഡ് സ്പോർട്സ് സയൻസ് വരെ പഠിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുള്ള സംസ്ഥാനത്തെ മികച്ച പഠന കേന്ദ്രമാണ് കണ്ണൂർ യൂണിവേഴ്സിറ്റി. ഹിസ്റ്റോറിക്കൽ ആൻഡ് കൾച്ചറൽ സ്റ്റഡീസ്, പെഡഗോഗിക്കൽ സയൻസ്, ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ്, സോഷ്യൽ സയൻസ്, ലൈഫ് സയൻസ്, കോമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ്, ഡെവലപ്പ്മെന്റ് സ്റ്റഡീസ്, ലീഗൽ സ്റ്റഡീസ്, ഹെൽത്ത് സയൻസ്, പ്യൂർ ആൻഡ് അപ്പ്ലൈഡ് ഫിസിക്സ് , കെമിക്കൽ സയൻസസ്, വിഷ്വൽ ആൻഡ് ഫൈൻ ആർട്ട്സ് എന്നിവയും വിദൂര വിദ്യാഭ്യാസ ക്യാമ്പസും അണ്ടർ ഗ്രാജുവേറ്റ് കോഴ്സുകളും ചേർന്നതാണ് സർവകലാശാലയിലെ പഠന വിഭാഗം.



### പ്രധാനപ്പെട്ട കോഴ്സുകൾ

ബി.എ. (കന്നഡ, അറബിക്, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, മലയാളം, ഡെവലപ്മെന്റ് ഇക്കണോമിക്സ്, ഹിന്ദി, ഫങ്ഷണൽ ഇംഗ്ലീഷ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, ഉറുദു&ഇസ്ലാമിക് ഹിസ്റ്ററി, അറബിക്&ഇസ്ലാമിക് ഹിസ്റ്ററി, സംസ്കൃതം, സാമ്പത്തിക ശാസ്ത്രവും ചരിത്രവും പൊളിറ്റിക്കൽ സയൻസ് ഇക്കണോമിക്സ്, സോഷ്യൽ സയൻസ്, സോഷ്യൽ സയൻസ് (ഹിസ്റ്ററി ഓപ്ഷണൽ), സോഷ്യൽ സയൻസ് - ഇക്കണോമിക്സ് (ഹിസ്റ്ററി& പൊളിറ്റിക്കൽ സയൻസ് കോംപ്ലിമെന്ററി), ഇംഗ്ലീഷ് (ജേർണലിസവും ബ്രോഡ് കാസ്റ്റിങ്ങ്), ഹിസ്റ്ററി (ഇക്കണോമിക്സ്& പൊളിറ്റിക്കൽ സയൻസ് കോംപ്ലിമെന്ററി വിഷയങ്ങളായി), ഇംഗ്ലീഷ് (ഇന്ത്യൻ ചരിത്രവും ജേണലിസവും കോംപ്ലിമെന്ററി വിഷയങ്ങളായി), ഇക്കണോമിക്സ് (മാത്തമെറ്റിക്കൽ ഇക്കണോമിക്സ് & മാത്തമെറ്റിക്സ് ഫോർ ഇക്കണോമിക് അനാലിസിസ്), ബി.കോം. (സഹകരണം, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഫിനാൻസ്), ബിഎസ്സി (സ്റ്റാറ്റിസ്റ്റിക്സ്, ബോട്ടണി, ബോട്ടണി (കെമിസ്ട്രി &സുവോളജി - കോംപ്ലിമെന്ററി), കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി, ഫിസിക്സ്, ഗണിതം, സുവോളജി, സൈക്കോളജി, ബയോ ഇൻഫോർമാറ്റിക്സ്, ബയോടെക്നോളജി, പോളിമർ കെമിസ്ട്രി, മൈക്രോബയോളജി, പ്ലാന്റ് സയൻസ്, ഹോം സയൻസ് (സ്ത്രീ വിദ്യാർത്ഥികൾക്ക് മാത്രം), ഫോറസ്ട്രി, ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ് ഇലക്ട്രോണിക്സ്, ലൈഫ് സയൻസ് (സുവോളജി) & കമ്പ്യൂട്ടേഷണൽ ബയോളജി വിത്ത് മൈക്രോബയോളജി കമ്പ്യൂട്ടർ സയൻസ് കോംപ്ലിമെന്ററി) കെമിസ്ട്രി (ഫിസിക്സ് & മാത്തമാറ്റിക്സ് കോംപ്ലിമെന്ററി), ഹോം സയൻസ് (കെമിസ്ട്രിയും സുവോളജിയും കോംപ്ലിമെന്ററി വിഷയങ്ങളായി), ഫിസിക്സ് (ഗണിതവും രസതന്ത്രവും കോംപ്ലിമെന്ററി വിഷയങ്ങളായി), മാത്തമാറ്റിക്സ് (സ്റ്റാറ്റിസ്റ്റിക്സും കമ്പ്യൂട്ടർ സയൻസും കോംപ്ലിമെന്ററി വിഷയങ്ങളായി), സൈക്കോളജി (ഫിസിയോളജി & സ്റ്റാറ്റിസ്റ്റിക്സ് കോംപ്ലിമെന്ററി വിഷയങ്ങളായി), ജിയോഗ്രഫി, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ്ങ് സയൻസ്, കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിങ്ങ്)

ബി.ബി.എ കോഴ്സുകൾ ബി.ബി.എ, ബി.ബി.എ(ടി.ടി.എം), ബി.ടി.ടി.എം, ബി.സി.എ. (എയ്ഡഡ്), ബി.എസ്.ഡബ്ലിയു, ബാച്ചിലർ ഓഫ് മൾട്ടിമീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ

### പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ

എം.കോം (ധനകാര്യം, മാർക്കറ്റിങ്ങ്, അക്കൗണ്ടൻസി & ടാക്സേഷൻ ഇന്റർനാഷണൽ ബിസിനസ്)

എം.എസ്.സി (സ്റ്റാറ്റിസ്റ്റിക്സ്, ജിയോളജി, മാത്തമാറ്റിക്സ് കെമിസ്ട്രി, ഫിസിക്സ്, ഫിസിക്സ് വിത്ത് കമ്പ്യൂട്ടേഷണൽ, സുവോളജി, സുവോളജി (സ്ട്രക്ചർ, ഫിസിയോളജി, ഡെവലപ്മെന്റ്, ക്ലാസിഫിക്കേഷൻ ഓഫ് അനിമൽസ്), ബോട്ടണി, കൗസിലിങ്ങ് സൈക്കോളജി, കമ്പ്യൂട്ടർ സയൻസ്, ബയോ ടെക്നോളജി, ഇലക്ട്രോണിക്സ്, മൈക്രോബയോളജി, കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സ്പെഷ്യലൈസേഷൻ), കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും മെഷീൻ ലേണിങ്ങിലും സ്പെഷ്യലൈസേഷൻ), മാത്തമാറ്റിക്സ് (മൾട്ടിവേരിയേറ്റ് കാൽക്കുലസ് & മാത്തമാറ്റിക്കൽ അനാലിസിസ്, മോഡലിങ്ങ്, സിമുലേഷൻ ഫിനാൻഷ്യൽ റിസ്ക് മാനേജ്മെന്റ്), പ്ലാന്റ് സയൻസ് (ബയോ ഇൻഫോർമാറ്റിക്സോടു കൂടി)

എം.എ(കന്നഡ, അറബിക്, ഇംഗ്ലീഷ്, ഇംഗ്ലീഷ് (ഭാഷയും സാഹിത്യവും), ഡെവലപ്മെന്റ് ഇക്കണോമിക്സ്, അപ്ലൈഡ് ഇക്കണോമിക്സ്, ഇക്കണോമിക്സ്, ഇക്കണോമിക്സ്, ഗവേർണൻസ് & പൊളിറ്റിക്സ്, സോഷ്യൽ സയൻസ് (ഹിസ്റ്ററിയിൽ സ്പെഷ്യലൈസേഷൻ)

എം.ഫിൽ ഹിസ്റ്ററി, എം.ബി.എ, എം.സി.എ, എം.എസ്.ഡബ്ല്യൂ, എം.സി.ജെ, എം.റ്റി.റ്റി.എം (മാസ്റ്റർഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ്).

### ഡിപ്ലോമ കോഴ്സുകൾ

പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ലേണിങ്ങ് ഡിസെബിലിറ്റി (പി.ജി.ഡി.എൽ.ഡി)

പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കൗസിലിങ്ങ് സൈക്കോളജി (പി.ജി.ഡി.സി.പി)

അഫ്സൽ-ഉൽ-ഉലമ(പ്രിലിമിനറി)

## കേരള കാർഷിക സർവകലാശാല

### ബിരുദം മുതൽ ഗവേഷണം വരെ

കേരളത്തിലെ ഏക കാർഷിക സർവകലാശാലയാണ് തൃശൂർ വെള്ളാനിക്കരയിലെ കേരള കാർഷിക സർവകലാശാല. കാർഷിക-അനുബന്ധ മേഖലകളായ വിളപരിപാലനം, വനപരിപാലനം തുടങ്ങിയ മേഖലകളിൽ ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവ ഇവിടെ ഉറപ്പാക്കുന്നു. അഗ്രികൾച്ചർ, അഗ്രികൾച്ചറൽ എഞ്ചിനീയറിങ്ങ്, ഫോറസ്ട്രി, കോ-ഓപ്പറേഷൻ ബാങ്കിങ്ങ് & മാനേജ്മെന്റ്, ആറ് ആർ.എ.ആർഎസ്, ഏഴ് കെ.വി.കെ, 15 റിസർച്ച് സ്റ്റേഷനുകൾ, 16 അഗ്രികൾച്ചർ റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ യൂണിറ്റുകൾ, ഒരു അഗ്രികൾച്ചറൽ എഞ്ചിനീയറിങ്ങ് കോളജ്, ഒരു വന ശാസ്ത്ര കോളജ് എന്നിവയും അക്കാദമി ഓൺ ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷനും ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ ടെക്നോളജിയും യൂണിവേഴ്സിറ്റിയുടെ ഭാഗമായുണ്ട്.

### ഡിഗ്രി കോഴ്സുകൾ

ബി.എസ്.സി. (ഓണേഴ്സ്) കൃഷി,

ബി.എസ്.സി (ഓണേഴ്സ്) കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി ശാസ്ത്രവും,

ബി.എസ് സി (ഓണേഴ്സ്) സഹകരണവും ബാങ്കിങ്ങും ബി.ടെക്. ബയോടെക്നോളജി.

### ഡിപ്ലോമ കോഴ്സുകൾ

അഗ്രികൾച്ചറൽ സയൻസ്, ഓർഗാനിക് അഗ്രികൾച്ചർ, മണ്ണിന്റെ ഫലഭൂയിഷ്ഠതയിലും വിള ഉൽപാദനത്തിലും അനലിറ്റിക്കൽ ടെക്നിക്കുകളിൽ ബിരുദാനന്തര ഡിപ്ലോമ, ഹോർട്ടികൾച്ചറൽ തെറാപ്പിയിൽ ബിരുദാനന്തര ഡിപ്ലോമ,



ലാൻഡ്സ്കേപ്പിങ്ങ്, അലങ്കാര ഉദ്യാന നിർമ്മാണം, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്.

### ബിരുദാനന്തര ബിരുദം

എം.എസ്.സി. കൃഷി -കാർഷിക സാമ്പത്തിക ശാസ്ത്രം, കാർഷിക കാലാവസ്ഥാ ശാസ്ത്രം അഗ്രികൾച്ചറൽ മൈക്രോബയോളജി, കാർഷിക സ്ഥിതിവിവരക്കണക്കുകൾ, അഗ്രോണമി എന്റമോളജി, വിപുലീകരണം, ഫ്ളോറികൾച്ചർ & ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ, ഫ്രൂട്ട് സയൻസ്, നെമറ്റോളജി, പ്ലാന്റ് ബയോ ടെക്നോളജി, സസ്യങ്ങളുടെ പ്രജനനവും ജനിതകശാസ്ത്രവും, പ്ലാന്റ് പാത്തോളജി, പ്ലാന്റ് ഫിസിയോളജി, തോട്ടവിളകളും സുഗന്ധവ്യഞ്ജനങ്ങളും, പോമോളജി& ഫ്ളോറികൾച്ചർ, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി, സീഡ് സയൻസ് ടെക്നോളജി, സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചറൽ കെമിസ്ട്രി, വെജിറ്റബിൾ സയൻസ്, സഹകരണവും ബാങ്കിങ്ങും (കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്), റൂറൽ ബാങ്കിങ്ങ് ആൻഡ് ഫിനാൻസ് മാനേജ്മെന്റ്, റൂറൽ മാർക്കറ്റിങ്ങ് മാനേജ്മെന്റ്, എം.എസ്.സി. കമ്മ്യൂണിറ്റി സയൻസ്, എംബിഎ അഗ്രിബിസിനസ് മാനേജ്മെന്റ്.

## ഡോക്ടറൽ ഡിഗ്രികൾ

Ph.D.അഗ്രികൾച്ചറൽ എക്കണോമിക്സ്, അഗ്രികൾച്ചറൽ എന്റമോളജി, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ, അഗ്രികൾച്ചറൽ മൈക്രോബയോളജി, അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, അഗ്രോണോമി, ഫ്ളോറികൾച്ചർ & ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ, ഫ്രൂട്ട് സയൻസ്, പ്ലാന്റ് ബയോ -ടെക്നോളജി, പ്ലാന്റ് ബ്രീഡിങ് & ജനിറ്റിക്സ്, പ്ലാന്റ് പാത്തോളജി, പ്ലാന്റ് ഫിസിയോളജി, പ്ലാന്റേഷൻ ക്രോപ്സ് & സ്പൈസസ്, പോമോളജി & ഫ്ളോറികൾച്ചർ, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി, റൂറൽ മാർക്കറ്റിങ് മാനേജ്മന്റ്, സോയിൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി, വെജിറ്റബിൾ സയൻസ്, കമ്മ്യൂണിറ്റി സയൻസ്, ഫോറസ്റ്റ് ബയോളജി ആൻഡ് ട്രീ ഇമ്പ്രൂവ്മെന്റ് ഫോറസ്റ്റ് പ്രോഡക്ട് ആൻഡ് യൂട്ടിലൈസേഷൻ, നാച്ചുറൽ റിസോഴ്സ് മാനേജ്മന്റ്, സിൽവികൾച്ചർ ആൻഡ് അഗ്രോഫോറസ്റ്ററി, വൈൽഡ് ലൈഫ് സയൻസസ്, ഫാം പവർ & മെഷിനറി, പ്രോസസ്സിങ് & ഫുഡ് എഞ്ചിനീയറിങ്, സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ എഞ്ചിനീയറിങ്.

## ഫോറസ്ട്രി

ബാച്ചിലേഴ്സ് ഡിഗ്രി (ഓണേഴ്സ്) ഫോറസ്ട്രി, എം.എസ്.സി ഫോറസ്റ്റ് ബയോളജി ആൻഡ് ട്രീ ഇമ്പ്രൂവ്മെന്റ്, ഫോറസ്റ്റ് പ്രോഡക്ട് ആൻഡ് യൂട്ടിലൈസേഷൻ, നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്, സിൽവികൾച്ചർ ആൻഡ് അഗ്രോ ഫോറസ്ട്രി, വൈൽഡ്ലൈഫ് സയൻസസ് (Ph.D.കോഴ്സുകൾ )ഫോറസ്റ്റ് ബയോളജി ആൻഡ് ട്രീ ഇമ്പ്രൂവ്മെന്റ്, ഫോറസ്റ്റ് പ്രോഡക്ട് ആൻഡ് യൂട്ടിലൈസേഷൻ, നാച്വറൽ റിസോഴ്സ് മാനേജ്മെന്റ്, സിവികൾച്ചർ ആൻഡ് അഗ്രോ ഫോറസ്ട്രി, വൈൽഡ് ലൈഫ് സയൻസ്

## അഗ്രികൾച്ചറൽ എൻജിനീയറിങ്

ഫാം മെഷീനറി ആൻഡ് എൻജിനീയറിങ്, പ്രോസസ്സിങ് ആൻഡ് ഫുഡ് എഞ്ചിനീയറിങ്, സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ എഞ്ചിനീയറിങ് (പി.എച്ച്.ഡി പ്രോഗ്രാമുകൾ – ഫാം പവർ ആൻഡ് മെഷീനറി, പ്രോസസ്സിങ് ആൻഡ് ഫുഡ് എഞ്ചിനീയറിങ്, സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ എഞ്ചിനീയറിങ്.

# കൊച്ചിൻ സർവകലാശാല

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വയംഭരണ സർവകലാശാലയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക് നോളജി (CUSAT). യൂണിവേഴ്സിറ്റി ഓഫ് കൊച്ചിൻ എന്നായിരുന്നു ഈ സർവകലാശാല ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്. പ്രവർത്തനത്തിൽ 50 വർഷം പൂർത്തിയാക്കുന്ന ഇവിടത്തെ പ്രവേശനം വർഷാവർഷം നടത്തുന്ന പ്രവേശന പരീക്ഷ വഴിയാണ്. ചില ബിരുദാനന്തര ബിരുദ കോഴ്സുകൾക്കായി അതത് ഡിപ്പാർട്ടുമെന്റുകൾ പ്രവേശന പരീക്ഷകളും നടത്താറുണ്ട്.

സമുദ്ര പരിസ്ഥിതിയുടെ സുരക്ഷിതമായ ഉപയോഗം, ചൂഷണം, സംരക്ഷണം, ഇടപെടൽ എന്നിവയെക്കുറിച്ച് പഠിക്കുന്ന സാങ്കേതികവിദ്യയാണ് ഓഷ്യൻ ടെക്നോളജി. ഡിജിറ്റൽ മാത്തമാറ്റിക്സ്, ഫ്ളൂയിഡ് മെക്കാനിക്സ്, നേവൽ ആർക്കിടെക്ച്ചർ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്ന കോഴ്സുകളിൽ സമുദ്രശാസ്ത്രം, മറൈൻ ജിയോളജി, മറൈൻ ജിയോഫിസിക്സ്, മെറ്റീരിയോളജി, എൺവയോൺമെന്റൽ സയൻസ് ആൻഡ് ടെക്നോളജി, ബയോടെക്നോളജി, മൈക്രോബയോളജി, മറൈൻ ബയോളജി എന്നീ എം.എസ്.സി കോഴ്സുകളും ഉൾപ്പെടുന്നു.



## കുസാറ്റിലെ 2022ലെ അക്കാദമിക് പ്രോഗ്രാമുകൾ

### ബി ടെക് പ്രോഗ്രാമുകൾ (റെഗുലർ) (8 സെമസ്റ്ററുകൾ)

സിവിൽ എഞ്ചിനീയറിങ്, കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിങ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്, ഇലക്ട്രോണിക്സ്&

കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ്, സേഫ്റ്റി ആൻഡ് ഫയർ എഞ്ചിനീയറിങ്ങ്, മറൈൻ എഞ്ചിനീയറിങ്ങ്, നേവൽ ആർക്കിടെക്ച്ചർ &ഷിപ്പ് ബിൽഡിങ്ങ്, പോളിമർ സയൻസ് & എഞ്ചിനീയറിങ്ങ്, ഇൻസ്ട്രുമെന്റേഷൻ ആൻഡ് കൺട്രോൾ എഞ്ചിനീയറിങ്ങ്, എംഎസ്സി (ഫൈവ് ഇയർ ഇന്റഗ്രേറ്റഡ്) ഇൻ ഫോട്ടോണിക്സ്, എം.എസ്.സി (ഫൈവ് ഇയർ ഇന്റഗ്രേറ്റഡ്) ഇൻ കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് &ഡാറ്റ സയൻസ്), എം.എസ്.സി (ഫൈവ് ഇയർ ഇന്റഗ്രേറ്റഡ്)(ബയോളജിക്കൽ സയൻസസ് / കെമിസ്ട്രി / മാത്തമാറ്റിക്സ് / ഫിസിക്സ് / സ്റ്റാറ്റിസ്റ്റിക്സ്), ഫൈവ് ഇയർ ബി.ബി.എ, എൽ.എൽ.ബി (എച്ച്) പ്രോഗ്രാം ഫൈവ് ഇയർ ബി.കോം, എൽ.എൽ.ബി (എച്ച്) പ്രോഗ്രാം ബി വോക്ക് - ബിസിനസ് പ്രോസസ് - ഡാറ്റ അനലിറ്റിക്സ്.

## മൂന്നു വർഷത്തെ എഞ്ചിനീയറിങ്ങ് ഡിപ്ലോമ ഉള്ള ഉദ്യോഗാർഥികൾക്കായുള്ള പ്രോഗ്രാമുകൾ

കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിങ്ങ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ്, സേഫ്റ്റി ആൻഡ് ഫയർ എഞ്ചിനീയറിങ്ങ്, പോളിമർ സയൻസ് &എഞ്ചിനീയറിങ്ങ്, ഇൻസ്ട്രുമെന്റേഷൻ ആൻഡ് കൺട്രോൾ എഞ്ചിനീയറിങ്ങ്,

## ബിരുദാനന്തര ബിരുദമുള്ള ഉദ്യോഗാർഥികൾക്കായുള്ള പ്രോഗ്രാമുകൾ

എം.എസ്.സി (മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സ്പെഷ്യലൈസേഷൻ), കമ്പ്യൂട്ടർ സയൻസ് (ഡാറ്റ സയൻസിൽ സ്പെഷ്യലൈസേഷൻ), ഫോറൻസിക് സയൻസ്, ഇലക്ട്രോണിക് സയൻസ്, ഹൈഡ്രോ കെമിസ്ട്രി, സമുദ്രശാസ്ത്രം, മറൈൻ ജിയോളജി, മറൈൻ ജിയോഫിസിക്സ്, മെറ്റീരിയോളജി, എൺവയോൺമെന്റൽ സയൻസ് ആൻഡ് ടെക്നോളജി, ബയോടെക്നോളജി, മൈക്രോബയോളജി, മറൈൻ ബയോളജി, ഇൻഡസ്ട്രിയൽ ഫിഷറീസ്, ഇക്കണോമെട്രിക്സ് ആൻഡ് ഫിനാൻഷ്യൽ ടെക്നോളജി, സീഫുഡ് സുരക്ഷയും വ്യാപാരവും), എം വോക്ക് മൊബൈൽ ഫോൺ ആപ്ലിക്കേഷൻ വികസനം, എം.സി.എ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, എം.എ അപ്ലൈഡ് ഇക്കണോമിക്സ് എം.എ ഹിന്ദി ഭാഷയും സാഹിത്യവും, എം.ബി.എ (മുഴുവൻ സമയം) എൽ.എൽ.ബി, എൽ.എൽ.എം (രണ്ട് വർഷം), എൽ.എൽ.എം (ഐപിആർ) - (രണ്ട് വർഷം), എൽ.എൽ.എം (ഐപി) പി.എച്ച്.ഡി (5 വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം), എൽ.എൽ.എം (ഐ.പി.ആർ) പി.എച്ച്.ഡി (5 വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം) മാസ്റ്റേർസ് ഇൻ ബയോ എത്തിക്സ്

## എഞ്ചിനീയറിങ്ങിൽ ബിരുദാനന്തര ബിരുദപ്രോഗ്രാമുകൾ

എം.ടെക് (മുഴുവൻ സമയവും) (16 സ്പെഷ്യലൈസേഷനുകൾ) എം.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിങ്ങ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ സയൻസ്, എംടെക് ഇൻ കമ്പ്യൂട്ടർ സയൻസ് &എഞ്ചിനീയറിങ്ങ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സോഫ്റ്റ് വെയർ എഞ്ചിനീയറിങ്ങ്, എം.ടെക് ഇൻ കമ്പ്യൂട്ടർ എയ്ഡഡ് സ്ട്രക്ചറൽ അനാലിസിസ് ആൻഡ് ഡിസൈൻ , എം.ടെക് ഇൻ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് വിത്ത് സ്പെഷ്യലൈസേഷൻ മൈക്രോവേവ്, റഡാർ എഞ്ചിനീയറിങ്ങ് റോബോട്ടിക്സ് & ഇന്റലിജന്റ് സിസ്റ്റംസ് എം.ടെക് ഇൻ ഡിഫൻസ് ടെക്നോളജി, പോളിമർ ടെക്നോളജി, ഒപ്റ്റോ-ഇലക്ട്രോണിക്സ് & ലേസർ ടെക്നോളജി

ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ്, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് (തെർമൽ എഞ്ചിനീയറിങ്ങ്) ഇൻഡസ്ട്രിയൽ സേഫ്റ്റി (ആരോഗ്യസുരക്ഷയിലും പരിസ്ഥിതി മാനേജ്മെന്റിലും സ്പെഷ്യലൈസേഷൻ) സിവിൽ എഞ്ചിനീയറിങ്ങ് (ജിയോടെക്നിക്കൽ എഞ്ചിനീയറിങ്ങ്), സിവിൽ എഞ്ചിനീയറിങ്ങ് (സ്ട്രക്ചറൽ എഞ്ചിനീയറിങ്ങ്), അറ്റ്മോസ് ഫെറിക് സയൻസ്, ഓഷ്യൻ ടെക്നോളജി, ഇൻസ്ട്രുമെന്റേഷൻ ടെക്നോളജി, മറൈൻ ബയോടെക്നോളജി.

## ബിരുദാനന്തര ബിരുദത്തിനു ശേഷമുള്ള പ്രോഗ്രാമുകൾ

പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ഡിപ്ലോമ / സർട്ടിഫിക്കറ്റ് / ഹ്രസ്വകാല ഓൺലൈൻ പ്രോഗ്രാമുകൾ ഫ്രഞ്ച് ഭാഷയിലുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാം, ജർമ്മൻ ഭാഷയിലുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാം

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പി.ജി ഡിപ്ലോമ, ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ ജാപ്പനീസ്

പി.ജി.ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ, ജേണലിസം, പി.ജി. ഡിപ്ലോമ ഇൻ ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് / ഫ്രഞ്ച് / ജർമ്മൻ ജാപ്പനീസ് & അറബിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഹിന്ദി അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മെഡിക്കൽ ലോ, ക്ലിനിക്കൽ റിസർച്ച്, & ബയോ എത്തിക്സ്.

# കാലിക്കറ്റ് സർവകലാശാല



1968ൽ മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച സർവകലാശാലയാണ് യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്. ഒരു സർക്കാർ പദ്ധതിയിലൂടെ കേരളസർവകലാശാലയെ വിഭജിച്ചു കൊണ്ടാണ് കാലിക്കറ്റ് സർവകലാശാല രൂപീകരിച്ചത്. വടക്കൻ കേരളത്തിലെ പ്രധാന ഇടങ്ങളിൽ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും മികവ് വളർത്തുകയാണ് സർവകലാശാലയുടെ പ്രധാന ലക്ഷ്യം. ടൂറിസം&ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ്, അക്കൗണ്ടിങ്ങ് ആന്റ് ടാക്സ് റീട്ടെയിൽ മാനേജ്മെന്റ്, പ്രൊഫഷണൽ അക്കൗണ്ടിങ്ങ് ആൻഡ് ടാക്സേഷൻ, ഹോട്ടൽ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം, ലൈഫ് സയൻസ്, ലൈബ്രറി, ഇൻഫർമേഷൻ സയൻസ് ലൈഫ് ലോങ്ങ് ലേണിങ്ങ് ആന്റ് എക്സ്റ്റൻഷൻ തുടങ്ങി ഒട്ടനവധി വിഷയങ്ങളിൽ ഇവിടെ പഠനത്തിന് അവസരമുണ്ട്.

## പ്രധാന കോഴ്സുകൾ

### ബിരുദം

പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, സോഷ്യോളജി, ഫിലോസഫി, ഇസ്ലാമിക് ഫിനാൻസ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ട്രാവൽ & ടൂറിസം മാനേജ്മെന്റ്, ജേണലിസം, മൾട്ടിമീഡിയ, ഗ്രാഫിക് ഡിസൈനിങ്ങ്, അനിമേഷൻ വിത്ത് വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഫിലിം ആൻഡ് ടെലിവിഷൻ, ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, അഡ്വർടൈസിങ്ങ് ആൻഡ് സെയിൽസ് മാനേജ്മെന്റ്, ഫൈൻ ആർട്സ്, സംഗീതം, വീണ, വയലിൻ, മൃദംഗം, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്സ്, കൊമേഴ്സ് വിത്ത് ടാക്സേഷൻ, ടൂറിസം ആൻഡ് ഹോട്ടൽ മാനേജ്മെന്റ്, ഹോട്ടൽ അഡ്മിനിസ്ട്രേഷൻ, ബിസിനസ് അഡ്മിനിസ്ട്രേഷൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങ്, ഇലക് ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്ങ്, ഇൻഫർമേഷൻ ടെക്നോളജി, പ്രിന്റിങ്ങ് ടെക്നോളജി, മൈക്രോബയോളജി, പോളിമർ കെമിസ്ട്രി, അക്വാകൾച്ചർ, ജിയോളജി, ഫുഡ് ടെക്നോളജി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബയോകെമിസ്ട്രി, ഹോട്ടൽ മാനേജ്മെന്റ്

### ബിരുദാനന്തര ബിരുദം

ഫിലോസഫി, വുമൺ സ്റ്റഡീസ്, ഇസ്ലാമിക് സ്റ്റഡീസ്, ഫോക്‌ലോർ സ്റ്റഡീസ്, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, വോക്കൽ, കംപാരിറ്റീവ് സ്റ്റഡീസ്, മൾട്ടിമീഡിയ, മലയാളം വിത്ത് ജേണലിസം, സോഷ്യോളജി, ഫിനാൻഷ്യൽ എക്കണോമിക്സ്, ബയോ ഇൻഫമാറ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, പ്ലാന്റ് സയൻസ്, സൈബർ സെക്യൂരിറ്റി, ഫിഷ് പ്രോസസിംഗ് ടെക്നോളജി, ഹോം സയൻസ്, ഫോറൻസിക് സയൻസ്, ബയോ കെമിസ്ട്രി, റേഡിയേഷൻ ഫിസിക്സ്, പ്ലാന്റേഷൻ ഡെവലപ്മെന്റ്, ഹെൽത്ത് ആൻഡ് യോഗ തെറാപ്പി, അപ്ലൈഡ് സൈക്കോളജി , കൗൺസിലിങ്ങ് സൈക്കോളജി, ബയോ കെമിസ്ട്രി, അപ്ലൈഡ് ഡിസൈനിങ് ടെക്നോളജി, പോളിമർ കെമിസ്ട്രി, ഇൻഫർമേഷൻ ടെക്നോളജി, അക്വാകൾച്ചർ ആന്റ് ഫിഷിങ് ടെക്നോളജി, ബയോ പ്രോസസിങ്ങ് എഞ്ചിനീയറിങ്ങ്, സൈബർ സെക്യൂരിറ്റി, കൺസ്ട്രക്ഷൻ എഞ്ചിനീയറിങ്ങ്.

### എം. ഫിൽ

വുമൺ സ്റ്റഡീസ്, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, കംപാരിറ്റിവ് ലിറ്ററേച്ചർ, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്, തിയേറ്റർ ആർട്സ്, മ്യൂസിക്, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ബയോ കെമിസ്ട്രി, ഹിന്ദി.

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

സംസ്കൃതത്തിന്റെ വിവിധ ശാഖകൾ, ഭാരത സംസ്കാരം, ഭാരതീയ ഭാഷകൾ, ഭാരതീയ തത്വജ്ഞാനം, കല, വിദേശ ഭാഷകൾ, സാമൂഹ്യശാസ്ത്രം എന്നീ മേഖലകളിൽ വിജ്ഞാനം പകരുക എന്ന ലക്ഷ്യത്തോടെ കാലടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സർവകലാശാലയാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല. സംസ്കൃത ഭാഷയുടെ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക, സംസ്കൃതത്തെ പരിപോഷിപ്പി ക്കുന്ന മറ്റു ഭാഷകളെ ദേശീയ-അന്തർദേശീയ തലങ്ങളിൽ അഭിവൃദ്ധിപ്പെടുത്തുക എന്നിവയും കോഴ്സുകളുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ബിരുദം മുതൽ പി.എച്ച്.ഡി വരെ സംസ്കൃതം പഠിക്കാനും തത്വശാസ്ത്രം മുതൽ കയ്യെഴുത്ത് ശാസ്ത്രത്തിൽ വരെ ഡോക്ടറേറ്റ് എടുക്കാനും ഇവിടെ അവസരമുണ്ട്.



## പ്രോഗ്രാമുകൾ

സംസ്കൃത സാഹിത്യം, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായ, സംസ്കൃത വേദാന്തം, സംസ്കൃത വ്യാകരണം, സംസ്കൃതവും ഇൻഫർമേഷൻ ടെക്നോളജിയും, നൃത്തം (ഭരതനാട്യം & മോഹിനിയാട്ടം), സംഗീതം, ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (B.F.A), സംസ്കൃത സാഹിത്യം, (ബിരുദാനന്തര കോഴ്സുകൾ )സംസ്കൃത സാഹിത്യം, സംസ്കൃത വ്യാകരണം, സംസ്കൃത വേദാന്തം, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായ, മലയാളം, ഹിന്ദി, ഉർദു, ഇംഗ്ലീഷ് ഭാഷയും സാഹിത്യവും, താരതമ്യ സാഹിത്യവും ഭാഷാശാസ്ത്രവും, അറബിക്. മാസ്റ്റർ ഓഫ് ഫൈൻ ആർട്സ്, സംഗീതം, നൃത്തം (ഭരതനാട്യം & മോഹിനിയാട്ടം), തിയേറ്റർ, തത്വശാസ്ത്രം, ചരിത്രം, സോഷ്യോളജി, വേദപഠനം, സോഷ്യൽ വർക്ക് മാസ്റ്റർ, മനഃശാസ്ത്രം, ഭൂമിശാസ്ത്രം, മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ്, മ്യൂസിയോളജി.

## എം.ഫിൽ പ്രോഗ്രാമുകൾ

### സംസ്കൃത സാഹിത്യം

സംസ്കൃത വ്യാകരണം, സംസ്കൃത വേദാന്തം,സംസ്കൃത ന്യായ, സംസ്കൃതം ജനറൽ, വേദപഠനം, ലിംഗ പഠനം, മലയാളം, വിവർത്തന പഠനം,ഹിന്ദി, ഇംഗ്ലീഷ്, തത്വശാസ്ത്രം, ചരിത്രം, മാനുസ്ക്രിപ്റ്റോളജി, താരതമ്യ സാഹിത്യം, സംഗീതം, സോഷ്യോളജി, ഭൂമിശാസ്ത്രം, മനഃശാസ്ത്രം, ഉർദു പി.എച്ച്.ഡി, സംസ്കൃത സാഹിത്യം, കാലടി, സംസ്കൃത വ്യാകരണം, സംസ്കൃത വേദാന്തം, സംസ്കൃത ന്യായ, സംസ്കൃതം ജനറൽ, വേദപഠനം, ലിംഗ പഠനം, തിയേറ്റർ, മലയാളം, വിവർത്തന പഠനം, ഹിന്ദി, ഇംഗ്ലീഷ്, തത്വശാസ്ത്രം, ചരിത്രം, കയ്യെഴുത്തുശാസ്ത്രം, താരതമ്യ സാഹിത്യം, സംഗീതം, നൃത്തം, സോഷ്യോളജി, ഭൂമിശാസ്ത്രം, മനഃശാസ്ത്രം, ഫിസിക്കൽ എഡ്യൂക്കേഷൻ, വാസ്തുവിദ്യ, സാമൂഹിക പ്രവർത്തനം, ആയുർവേദം, ഉർദു.

# ഫിഷറീസ് സർവകലാശാല

മത്സ്യബന്ധന-സമുദ്രഗവേഷണശാസ്ത്ര പഠനത്തിനായി സ്ഥാപിച്ച രാജ്യത്തെ ആദ്യസർവകലാശാലയാണ് കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല (Kerala University of Fisheries and Ocean Studies -KUFOS). 2010 ഡിസംബർ 30ന് സ്ഥാപിച്ച ഈ പഠന കേന്ദ്രത്തിന്റെ ആസ്ഥാനം കൊച്ചിയിലെ പനങ്ങാടാണ്. ഫിഷറീസും അനുബന്ധ വിഷയങ്ങളുമാണ് ഇവിടത്തെ കോഴ്സുകൾ ലക്ഷ്യമിടുന്നത്. പുനരുൽപാദിപ്പിക്കാവുന്ന ജലവിഭവങ്ങളിൽ നിന്ന് സുസ്ഥിരമായ ജൈവ, പാരിസ്ഥിതിക, സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാൻ പഠിപ്പിക്കുന്നതുൾപ്പെടെ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ്, ഫിഷറീസ് സയൻസ്, ഫുഡ് സയൻസ് ആൻഡ് ടെക്നോളജി തുടങ്ങിയ കോഴ്സുകൾ പഠിക്കാൻ ഇവിടെ അവസരമുണ്ട്.

## കോഴ്സുകൾ

ബാച്ചിലർ ഓഫ് ഫിഷറീസ് സയൻസ് (B.F.Sc.), ഫിഷറി എൻജിനീയറിങ്, ബിടെക്. ഇൻ ഫുഡ് സയൻസ് ആൻഡ് ടെക്നോളജി, എം.എഫ്.എസ്.സി ഫിഷ് പ്രോസസിങ് ടെക് നോളജി, എം.എഫ്.എസ്.സി ഫിഷറീസ് റിസോഴ്സ്




മാനേജ്മെന്റ് അക്വാറ്റിക് എൺവയോൺമെന്റ് മാനേജ്മെന്റ്, അക്വാറ്റിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ്, അക്വാകൾച്ചർ, ഫിഷ് ന്യൂട്രീഷൻ ആൻഡ് ഫുഡ് ടെക്നോളജി.

## പി.എച്ച്.ഡി പ്രോഗ്രാമുകൾ

അക്വാ കൾച്ചർ, ഫിഷ് പ്രോസസിങ് ടെക്നോളജി, ഫിഷറീസ് എക്സ്റ്റൻഷൻ, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ്, അക്വാറ്റിക് എൺവ യോൺമെന്റ് മാനേജ്മെന്റ്, ഫിഷറി എൻജിനീയറിങ്, അക്വാറ്റിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ്.

# മഹാത്മാഗാന്ധി സർവകലാശാല



1983 ഒക്ടോബർ 2 ന് സ്ഥാപിതമായ മഹാത്മാഗാന്ധി സർവകലാശാല അഥവാ എം.ജി.യൂണിവേഴ്സിറ്റി മധ്യകേരളത്തിലെ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്ന പ്രധാന വിദ്യാഭ്യാസ സ്ഥാപനമാണ്. എഞ്ചിനീയറിങ്ങ്, ടെക്നോളജി, ലീഗൽ സ്റ്റഡീസ്, പെഡഗോഗി, ഫാർമസി, നഴ്സിങ്ങ് തുടങ്ങിയ പ്രൊഫഷണൽ വിഷയങ്ങൾക്ക് പുറമെ സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ് എന്നിവയുടെ ഇന്റർ ഡിസിപ്ലിനറിയിലും പരമ്പരാഗത വിഷയങ്ങളിലും സർവകലാശാല അഫിലിയേറ്റഡ് കാമ്പസുകളിൽ കോഴ്സുകൾ നടത്തിവരുന്നു. ആനിമേഷൻ & ഗ്രാഫിക് ഡിസൈനിങ്ങ്, ആനിമേഷൻ & വിഷ്വൽ ഇഫക്ട്സ്, മൾട്ടിമീഡിയ, ഓഡിയോഗ്രഫി & ഡിജിറ്റൽ എഡിറ്റിങ്ങ് തുടങ്ങിയ വിഷയങ്ങളിൽ ബിരുദമെടുക്കാൻ ഇവിടെ അവസരമുണ്ട്.

## പ്രധാന കോഴ്സുകൾ

### ബിരുദ കോഴ്സുകൾ

ഇംഗ്ലീഷ് വിത്ത് ജേണലിസം, കഥകളി സംഗീതം, കഥകളി വേഷം, സംസ്കൃതം, വിഷ്വൽ ആർട്സ്, ഫുഡ് ടെക്നോളജി, ഫാഷൻ ടെക് നോളജി, ഫിസിയോതെറാപ്പി, പെയിന്റിങ്ങ്, ആർക്കിയോളജി & മ്യൂസിയോളജി, ആനിമേഷൻ & ഗ്രാഫിക് ഡിസൈൻ, ചെണ്ട, ആനിമേഷൻ & വിഷ്വൽ ഇഫക്ട്സ്, അറബിക്, ഓഡിയോഗ്രഫി & ഡിജിറ്റൽ എഡിറ്റിങ്ങ്, ഭരതനാട്യം, ഡാൻസ്, കോർപ്പറേറ്റ് എക്കണോമിക്സ്, മാസ് കമ്മ്യൂണി ക്കേഷൻ ആൻഡ് ജേർണലിസം, മൾട്ടിമീഡിയ, മൃദംഗം, മോഹിനിയാട്ടം, ടൂറിസം മാനേജ്മെന്റ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ട്രാവൽ ആന്റ് ടൂറിസം, ഓഫീസ് മാനേജ്മെന്റ്, ക്ലിനിക്കൽ ന്യൂട്രിഷ്യൻ, ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ മെയിന്റനൻസ്, സൈബർ ഫോറൻസിക് തുടങ്ങിയവ.

### ബിരുദാനന്തര ബിരുദം

സൈബർ ലോ ആന്റ് ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ്, ഹ്യൂമൻ റൈറ്റ്സ്, സിനിമ &ടെലിവിഷൻ, എം.എ അനിമേഷൻ, ആന്ത്രോപ്പോളജി, കഥകളി സംഗീതം, ഗാന്ധിയൻ സ്റ്റഡീസ്, മദ്ദളം, മോഹിനിയാട്ടം, സിറിയക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ബാങ്കിങ് ഇൻഷ്വറൻസ്, സോഷ്യൽ വർക്ക് (എം.ഫിൽ) അപ്ലൈഡ് കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ഡിസാസ്റ്റർ മാനേജ്മെന്റ്, പോളിമർ കെമിസ്ട്രി, പ്ലാന്റ് ബയോളജി, മെഡിക്കൽ സൈക്യാട്രിക് സോഷ്യൽ വർക്ക്, മെഡിക്കൽ സൈക്യാട്രി (എം.എസ്.ഡബ്ല്യൂ) തുടങ്ങിയ 200 ലധികം കോഴ്സുകൾ പഠിക്കാൻ അവസരമുണ്ട്.

# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല



## ഭാഷാപഠനം നവീനമേഖലകളിൽ

http://malayalamuniversity.edu.in

മലയാള ഭാഷാ പ്രോത്സാഹനത്തിനായി 2012 ൽ ആരംഭിച്ച മലയാളസർവകലാശാല കേരളത്തിന്റെ ഭാഷ, സാഹിത്യം, കലകൾ, സാംസ്കാരിക ആവിഷ്കാരങ്ങൾ, ബൗദ്ധിക പാരമ്പര്യങ്ങൾ എന്നിവ മനസ്സിലാക്കാനും ജനജീവിതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാനും, പുതിയ പരിപ്രേക്ഷ്യങ്ങൾ ആവിഷ്കരിക്കാനും അവബോധം സൃഷ്ടിക്കാനും ലക്ഷ്യമിടുന്ന കോഴ്സുകളാണ് ഇവിടെയുള്ളത്. ചലച്ചിത്ര രംഗത്തെ പ്രതിഭകളെ കുറിച്ച് പഠിക്കാനും സിനിമാചരിത്രം, സിദ്ധാന്തങ്ങൾ, ലോകസിനിമ, ഇന്ത്യൻസിനിമ, എന്നിവ മനസിലാക്കാനും എം.എ. ചലച്ചിത്ര പഠനം, പരിസ്ഥിതി പഠനം, സോഷ്യോളജി, ചരിത്രം താരതമ്യ സാഹിത്യ- വിവർത്തന പഠനം എന്നിവയിൽ ബിരുദ -ബിരുദാനന്തര പഠനത്തിന് ഇവിടെ അവസരമുണ്ട്.

## പ്രധാന ബിരുദാനന്തര കോഴ്സുകൾ

ഭാഷാശാസ്ത്രം, ചലച്ചിത്ര പഠനം, മലയാളം, ഭാഷാശാസ്ത്രം, പൈതൃക പഠനം, എം.എ. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ, വികസനപഠനവും തദ്ദേശവികസനവും, സോഷ്യോളജി, ചരിത്ര പഠനം, ഭാഷാശാസ്ത്രം, ഗവേഷണം, സംസ്കാര പൈതൃക പഠനം, മാധ്യമ പഠനം, ചലച്ചിത്രപഠനം, പരിസ്ഥിതി പഠനം, തദ്ദേശവികസനപഠനം.

(ഈ വിഭാഗത്തിൽ ആരോഗ്യ, സാങ്കേതിക സർവകലാശാലകളെ ഉൾപ്പെടുത്തിയിട്ടില്ല)




# കേരളം തെളിയിക്കുന്നു

**കേരളത്തിന്റെ വിദ്യാഭ്യാസരംഗം സമഗ്രവും യുക്തിഭദ്രമായ സാമൂഹികവീക്ഷണങ്ങളും ഭാവിയുടെ ഭാവിയും ലക്ഷ്യമാക്കിയുള്ളതാണ്. അതിനുതകുന്ന കെട്ടിലും മട്ടിലും ആകെ മാറിയ സർക്കാർ വിദ്യാലയങ്ങൾ കേരളീയ സാമൂഹികജീവിതത്തിന്റെ ചിന്താധാരയിലുൾപ്പെടെ കാര്യമായ മാറ്റം സൃഷ്ടിച്ചു. ഉന്നതവിദ്യാഭ്യാസരംഗം സർക്കാരിന്റെ മുഖ്യപരിഗണനാവിഷയങ്ങളിൽ മുൻനിരയിലുമാണ്.**



**ഡോ. എസ്. നസീബ്**
കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം–
അക്കാദമിക്ക് ആൻഡ് റിസർച്ച് കമ്മിറ്റി കൺവീനർ

സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള 15 (കലാമണ്ഡലം ഡീംഡ് ഉൾപ്പെടെ) സർവകലാശാലകളും ഒരു കേന്ദ്രസർവകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ഒരു ഐ.ഐ.എസ്.ഇ.ആർ (IISER), നാല് ഇതര ഡീംഡ് സർവകലാശാലകളുമാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രധാനമായുള്ളത്. വിവിധ സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള 270 എയിഡഡ്-ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളും ഒട്ടേറെ അൺ എയിഡഡ് കോളേജുകളും മെഡിക്കൽ -എഞ്ചിനീയറിങ്ങ് കോളേജുകളും ഉൾപ്പെടെയുള്ള വിവിധ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിലുമായി 13.76 ലക്ഷത്തോളം വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രോഗ്രാമുകൾ കാലോചിതമായി ക്രമീകരിക്കാനും പാഠ്യപദ്ധതി കൂടുതൽ ക്രിയാത്മകമാക്കാനും സർവകലാശാലകൾ ബദ്ധശ്രദ്ധമാണ്. ഇതിനായി സർവകലാശാലകളെ കൂടുതൽ സജ്ജമാക്കാനാവശ്യമായ പിന്തുണ സംവിധാനങ്ങളെല്ലാം സംസ്ഥാനസർക്കാർ നൽകിവരുന്നു. അക്കാദമിക്ക് കലണ്ടറിനനുസരിച്ച് പ്രോഗ്രാമുകൾ തുടങ്ങുന്നു. സമയബന്ധിതമായി കൃത്യതയുള്ള പരീക്ഷാഫലം ലഭ്യമാക്കുന്നുമുണ്ട്. സർവകലാശാലകളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർഥിസൗഹൃദസ്ഥാപനങ്ങളായി തുടരുകയുമാണ്. ജീവിക്കുന്ന ചുറ്റുവട്ടത്തെ നന്നായി അറിയുകയും അത് വിദ്യാഭ്യാസവിഷയമാക്കുകയും ചെയ്യുന്ന പഠന-ഗവേഷണങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അതു തിരിച്ചറിഞ്ഞാണ് സർവകലാശാലകളുടെ ഭൗതികസൗകര്യ വികസനത്തിൽ, ലബോറട്ടറികളെ നവീകരിക്കുന്നതിൽ, സേവനങ്ങൾ അതിവേഗം ലഭ്യമാകുന്ന പുത്തൻ സാങ്കേതികസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ, അക്കാദമികരംഗത്തെ അത്യന്താധുനികമാക്കുന്നതിൽ തുടങ്ങി കിഫ്ബി വഴിയും നേരിട്ടും അനസ്യൂതമായ സഹായപ്രവാഹം സർക്കാർ ലഭ്യമാക്കുകയാണ്.

## നാക്, എൻ.ഐ.ആർ.എഫ് റാങ്കുകൾ തെളിയിക്കുന്നത്

വിദ്യാഭ്യാസമേഖലയിൽ സർക്കാരിന്റെ ലക്ഷ്യാധിഷ്ഠിതമായ വലിയ മുന്നേറ്റത്തിനുകൂടി ലഭിച്ച സമ്മാനമാണ് കേരളസർവകലാശാല നാക്ക്, എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ നേടിയ മുന്നേറ്റം. നാക് അക്രഡിറ്റേഷനിൽ മികവാർന്ന എ++ നേട്ട മാണ്. രാജ്യത്തെ 462 സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിൽ 3.67 എന്ന ഗ്രേഡ്പോയിന്റോടെ കേരളത്തിലെ മാതൃസർവകലാശാല ഒന്നാംസ്ഥാനത്തു നിലയുറപ്പിച്ചു. കാലിക്കറ്റ് സർവകലാശാലയും കൊച്ചിൻ യൂണിവേഴ്സിറ്റിയും സംസ്കൃത സർവകലാശാലയും എ+ ഗ്രേഡുകൾനേടിയാണ് മുൻനിരയിലെത്തിയത്. കേരളത്തിലെ 13 കോളജുകളാണ് എ++ തിളക്കത്തിൽ ഉയർന്നുനിന്നത്. 41 കോളേജുകൾ എ+ നേട്ടവും വിവിധ കോളേജുകൾ തൊട്ടടുത്ത ഗ്രേഡുകളുമായി മികവുകാട്ടിയിട്ടുമുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക മികവ് പരിശോധിക്കുന്ന കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ എൻ.ഐ.ആർ.എഫ് (NIRF) റാങ്കിങ്ങിൽ കേരള സർവകലാശാല ദേശീയതലത്തിൽ 24 സ്ഥാനത്തും, മഹാത്മാഗാന്ധി സർവകലാശാല 31ലും കൊച്ചിൻ യൂണിവേഴ്സിറ്റി 37ലും കാലിക്കറ്റ് സർവകലാശാല 70–ാം സ്ഥാനത്തുമാണ്.

കോളേജുകളുടെ വിഭാഗത്തിൽ ദേശീയതലത്തിൽ 26–ാം റാങ്കോടെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജാണ് സംസ്ഥാനത്ത് ഒന്നാമത് തുടരുന്നത് മറ്റൊരു അഭിമാനത്തിളക്കമാണ്.

## നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് 2023
**(കേരളത്തിലെ സർവകലാശാലകളും കോളേജുകളും ആദ്യ 100–ൽ )**

### യൂണിവേഴ്സിറ്റികൾ

24 കേരളസർവകലാശാല
31 മഹാത്മാഗാന്ധി സർവകലാശാല
37 കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി
70 കാലിക്കറ്റ് യൂണിവേഴ്സിറ്റി



### കോളജുകൾ

26 യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
30 രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ്, എറണാകുളം
41 സെന്റ്തെരേസാസ് കോളേജ്, എറണാകുളം
45 മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
46 മഹാരാജാസ് കോളേജ്, എറണാകുളം
51 ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര
53 സെന്റ്തോമസ് കോളേജ്, തൃശൂർ
54 എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി
59 സെന്റ്ജോസഫ് കോളേജ്, ദേവഗിരി
72 സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം
75 ഗവ. കോളേജ്ഫോർ വിമൻ, തിരുവനന്തപുരം
77 യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ
85 സി.എം.എസ് കോളേജ് കോട്ടയം
87 മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം

### വാസ്തുവിദ്യ

2 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്
17 കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്, തിരുവനന്തപുരം

### ഡെന്റൽ

25 ഗവ. ഡെന്റൽ കോളേജ്, തിരുവനന്തപുരം

### എഞ്ചിനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

23 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്
48 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം
69 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ടെക്നോളജി, പാലക്കാട്

### മാനേജ്മെന്റ്

3 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്
75 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാലിക്കറ്റ്
83 രാജഗിരി ബിസിനസ് സ്കൂൾ, എറണാകുളം

### മെഡിക്കൽ

10 ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം
44 സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

### കൃഷിയും അനുബന്ധമേഖലകളും

15 കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശൂർ
25 കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, എറണാകുളം

### ഇന്നൊവേഷൻ

8 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്

## കേരള സർവകലാശാല – അഞ്ച് എൻ.ഐ.ആർ.എഫ് മാനദണ്ഡങ്ങളിലും മികച്ച നിലവാരം

അധ്യാപനനിലവാരം, ഗവേഷണമികവ്, ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ, മികച്ച പശ്ചാത്തല സൗകര്യം സ്ത്രീ പ്രാതിനിധ്യം, ഗവേഷണ വിദ്യാർഥികളുടെ എണ്ണം തുടങ്ങിയവയിൽ നേടിയ ഉയർന്ന നേട്ടമാണ് കേരള സർവകലാശാലയെ അംഗീകാരനെറുകയിൽ എത്തിച്ചിരിക്കുന്നത്. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്) മികവിനായി പരിഗണിക്കുന്ന അഞ്ചു മാനദണ്ഡങ്ങളിലും കേരള സർവകലാശാല മികച്ച സ്ഥാനത്തെത്തി.

- ഗവേഷണ വിദ്യാർഥികളുടെ എണ്ണം, യൂണിവേഴ്സിറ്റി പരീക്ഷകളുടെ നടത്തിപ്പ്, പ്ലെയ്സ്മെന്റ് തുടങ്ങിയവ ഉൾക്കൊള്ളുന്ന 'ഗ്രാജുവേഷൻ ഔട്ട്കം' മാനദണ്ഡത്തിൽ 96 ശതമാനം നേട്ടമാണ് കൈവരിച്ചത്.
- അധ്യാപന-പഠന ഉപാധികൾ മാനദണ്ഡത്തിൽ 66 ശതമാനം മികവാണ് കാഴ്ചവച്ചത്. അധ്യാപന-വിദ്യാർഥി അനുപാതം, ഗവേഷണ വിദ്യാർഥികളുടെ എണ്ണം, സ്ഥിരം അധ്യാപനം, സാമ്പത്തിക വിഭവങ്ങളുടെ ഉപയോഗം എന്നിവയാണ് ഈ മാനദണ്ഡപ്രകാരം പരിശോധിക്കുന്നത്.
- മറ്റ് സംസ്ഥാനങ്ങളിൽ/രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ ശതമാനം, സ്ത്രീകളുടെ ശതമാനം, സാമ്പത്തികമായും സാമൂഹികമായും വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കുള്ള സഹായം, ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കുള്ള സൗകര്യങ്ങൾ എന്നിവ ഉൾകൊള്ളുന്ന 'ഔട്ട്റീച്ച്/ ഇൻക്ലൂസിവിറ്റി മാനദണ്ഡത്തിൽ 60 ശതമാനവും നേട്ടം കൈവരിച്ചു
- പിയർ പെർസെപ്ഷൻ' എന്ന മാനദണ്ഡത്തിൽ സർവകലാശാലക്കു 35 ശതമാനം നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. വിവിധസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും വിദഗ്ധരും ഒരു സ്ഥാപനത്തിലെ ഭൗതിക, ഗവേഷണസാഹചര്യം വിലയിരുത്തുന്ന മാനദണ്ഡമാണിത്.
- ഗവേഷണവും പ്രൊഫഷണൽ പരിശീലനവും എന്ന മാനദണ്ഡത്തിൽ 25 ശതമാനവും നേട്ടം കൈവരിക്കാൻ കഴിഞ്ഞു. പ്രസിദ്ധീകരണങ്ങളുടെ ഗുണനിലവാരം, പേറ്റന്റുകൾ, പ്രോജക്ടുകൾ തുടങ്ങിയവയാണ് ഈ മാനദണ്ഡത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## പുതിയ വിദ്യാഭ്യാസനയവും കേരളവും

പുതിയ ദേശീയ വിദ്യാഭ്യാസനയം (NEP) രാജ്യത്ത് നടപ്പാക്കുകയാണ്. 2035-ൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ജി.ഇ.ആർ (Gross Enrolment Ratio) 50% ആകും എന്നതാണ് നയത്തിൽ പ്രധാനമായി പറയുന്നത്. ഗവേഷണ തൽപരരും ഒരേസമയം വിവിധ മേഖലകളിൽ സമർത്ഥരുമായ ഒരു തലമുറ ഉണ്ടാകുമെന്നതാണ് പുതിയ നയസ്വപ്നം.

കേരളത്തിന്റെ മഹത്തായ ഉന്നത വിദ്യാഭ്യാസസമീപനങ്ങളുടെ സത്ത നഷ്ടപ്പെടാതെ പുതിയ നയം നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിച്ച് വിദഗ്ധനിർദ്ദേശം നല്കുന്നതിനായി പ്രമുഖ അക്കാദമിക്കുകളെയും വിദഗ്ധരേയും ഉൾപ്പെടുത്തി മൂന്നു പഠനകമ്മിഷനുകളെ സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുണ്ട്. കമ്മിഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ അതതു മേഖലകളുമായി ചർച്ചചെയ്ത് ജനാധിപത്യപരമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. വിവിധതലങ്ങളിൽ സാമാന്യ അറിവ് മാത്രം നേടാനുതകുന്ന ലിബറൽ ആർട്സ് എഡ്യൂക്കേഷൻ രീതിയിലാണ് ബിരുദതലത്തിലെ പഠനരീതിയെ പുതിയ നയം വിഭാവന ചെയ്തിരുന്നതെങ്കിൽ, അതിൽ മൂല്യവത്തായ മാറ്റമുണ്ടാക്കാനും നാലുവർഷത്തെ ബിരുദപഠനം ക്രിയാത്മകമായി ക്രമീകരിച്ച് നടപ്പാക്കാനുമുള്ള പദ്ധതിക്കും കേരളം രൂപരേഖയുണ്ടാക്കിയിട്ടുണ്ട്.

അടുത്തഘട്ടത്തിൽ ബിരുദാനന്തര ബിരുദ മേഖലയെയും നിർദിഷ്ട ഘടനാപരമാറ്റങ്ങളോടെ ഏറെ ഗവേഷണാത്മകമാക്കി മാറ്റും. അധ്യാപന ബിരുദങ്ങളെ ഇന്റഗ്രേറ്റഡാക്കി മാറ്റുന്നതിനും ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി കൂടുതൽ ക്രിയാത്മകവും ഗവേഷണാത്മകവും സമഗ്രമായി 'ഔട്ട്കം ബേയ്സ്ഡ്' ലാക്കിയും സർവകലാശാലകൾ രൂപപ്പെടുത്തുകയാണ്.

പൊതുസമൂഹത്തിനും വ്യവസായ സംവിധാനങ്ങൾക്കും സഹായകമാകുന്ന തരത്തിൽ സർവകലാശാലകളുടെ ഗവേഷണഫലങ്ങളെ ഫലപ്രദമായി രൂപപ്പെടുത്താനുള്ള ഇടപെടലാണ് സർവകലാശാലകളിൽ സ്ഥാപിക്കുന്ന ട്രാൻസിലേഷണൽ റിസർച്ച് സെന്ററുകൾ. ഗവേഷണപഠനത്തിന്റെ മൗലികത സൂക്ഷിച്ചുകൊണ്ടുതന്നെ വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പ്രവാഹത്തിന് വഴിതുറക്കുന്ന അർഥവത്തായ ചുവടുവയ്പ്പാണിത്.

വിവരസാങ്കേതിക-അനുബന്ധമേഖലകളിലും ഗവേഷണപരീക്ഷണങ്ങൾ സാധ്യമാക്കാനാകുന്ന തരത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിക്കാനായി. പൊതുസർവകലാശാലകൾ കേന്ദ്രീകരിച്ച് നിർദിഷ്ട സയൻസ് പാർക്കുകൾ കൂടി വരുന്നതോടെ കേരളത്തിന്റെ വ്യവസായ മേഖലയുടെ വികസനത്തിനും അതിന്റെ പ്രവർത്തന ഭാവിക്കും സർവകലാശാലകളുടെ പങ്കാളിത്തം ഉറപ്പാക്കുകയുമാണ്. ■

# ശ്രേഷ്ഠം രാജകീയം

**അഭിമാന നേട്ടങ്ങളുടെ കൊടുമുടിയിലാണ് തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളജ്**




**അമിയ എം**
അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, ഐ.പി.ആർ.ഡി

നാഷണൽ ഇൻസ്റ്റിറ്റ്യൂഷനൽ റാങ്കിങ്ങ് ഫ്രെയിംവർക്കിൽ (എൻ.ഐ.ആർ.എഫ്) പ്രായവും പാരമ്പര്യവും അവകാശപ്പെടുന്ന ആയിരക്കണക്കിന് കോളജുകൾ ഉള്ള ഇന്ത്യയിലെ ഏറ്റവും മികച്ച 26- ാമത് കോളജായി യൂനിവേഴ്സിറ്റി കോളജ് ഇടംനേടിയിരിക്കുന്നു സംസ്ഥാനത്തെ ഏറ്റവും മികച്ച കോളജായി തുടർച്ചയായ ആറാം തവണയും തിരഞ്ഞെടുക്കപ്പെട്ടു. 157 വയസ് പൂർത്തിയായ യൂനിവേഴ്സിറ്റി കോളജ് പല നിലയ്ക്കും കേരളത്തിൽ ഒന്നാമതാണ്. 18 ബിരുദ കോഴ്സുകൾ, 21 ബിരുദാനന്തര ബിരുദ കോഴ്സുകൾ, 18 ഗവേഷണ വകുപ്പുകൾ, 500 ഓളം ഗവേഷണ വിദ്യാർഥികൾ, 223 അധ്യാപക തസ്തികകളിൽ മുഴുവൻ പേരും സ്ഥിര നിയമനക്കാർ, അധ്യാപകരിൽ ബഹുഭൂരിഭാഗവും എം.ഫിൽ/പി.എച്ച്.ഡി യോഗ്യതയുള്ളവർ, റിസർച്ച് ഗൈഡ് യോഗ്യതയുള്ളവർ, ശാസ്ത്ര വകുപ്പുകളിലെ ഫാക്കൽറ്റികളിൽ പലരും കണ്ടുപിടുത്തങ്ങൾക്ക് പേറ്റന്റ് ഉള്ളവർ, ആകെയുള്ള 3850 ഓളം

വിദ്യാർഥികളിൽ 70 ശതമാനത്തിൽ അധികം പെൺകുട്ടികൾ... ഇങ്ങനെ പലതു കൊണ്ടും കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള വിദ്യാർഥികളുടെ പ്രാഥമിക പരിഗണയുള്ള മികവിന്റെ കേന്ദ്രമായി മാറിയിരിക്കുന്നു യൂനിവേഴ്സിറ്റി കോളജ്.

"അധ്യാപക-വിദ്യാർഥി അനുപാതം, എം.ഫിൽ/പി.എച്ച്.ഡി ഉള്ള അധ്യാപകരുടെ എണ്ണം, സർവകലാശാലാ പരീക്ഷ എഴുതുന്ന വിദ്യാർഥികളുടെ എണ്ണം, ആകെ വിദ്യാർഥികളിൽ പെൺകുട്ടികളുടെ എണ്ണം എന്നീ ഘടകങ്ങളിൽ ഉയർന്ന സ്കോർ നേടാനായി. മികച്ച അധ്യയന അന്തരീക്ഷം പുലർത്തുന്നതിൽ പ്രതിജ്ഞാബദ്ധരായ വിദ്യാർഥികൾ, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ, എല്ലാവിധ പിന്തുണയും നൽകുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവരാണ് ഈ അഭിമാനാർഹമായ നേട്ടത്തിന് പിന്നിൽ" യൂനിവേഴ്സിറ്റി കോളജ് പ്രിൻസിപ്പൽ ടി. സുഭാഷ് പറയുന്നു.

കഴിഞ്ഞ വർഷം 2500 കോളജുകളാണ് എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ വന്നിരുന്നെങ്കിൽ ഇക്കുറി അത് 3500 ആയി കുത്തനെ ഉയർന്നു. അതിലാണ് യൂനിവേഴ്സിറ്റി കോളജ് 26 ൽ ഇടം നേടിയത്. ദൽഹി, കൊൽക്കത്ത, തമിഴ്നാട് എന്നിവിടങ്ങളിലുള്ള, രാജ്യത്തിലെ തന്നെ പേരുകേട്ട കോളജുകളായ മിറാൻഡ ഹൗസ്, പ്രസിഡൻസി കോളജ്, സെന്റ് സേവ്യേഴ്സ് കോളജ്, ലൊയോള, ലേഡീ ശ്രീറാം, രാമകൃഷ്ണ മിഷൻ വിദ്യാമന്ദിർ തുടങ്ങിയവ മാത്രമാണ് യൂനിവേഴ്സിറ്റി കോളജിന് മുന്നിൽ വന്നത്.

ഇതേ റാങ്കിങ്ങിൽ 2018ൽ-18, 2019-23, 2020-23, 2021-23, 2022-24 എന്നിങ്ങനെയായിരുന്നു കോളജിന്റെ സ്ഥാനം. മുൻ വർഷങ്ങളിൽ പക്ഷേ, എൻ.ഐ.ആർ.എഫിൽ ഉൾപ്പെട്ട കോളജുകളുടെ എണ്ണം താരതമ്യേന കുറവായിരുന്നു.



ടി. സുഭാഷ്
പ്രിൻസിപ്പൽ
യൂനിവേഴ്സിറ്റി കോളജ്

## ഗവേഷണത്തിന് കൂടുതൽ ശ്രദ്ധ

'ഏറ്റവും കൂടുതൽ സാധാരണ കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണ് യൂനിവേഴ്സിറ്റി കോളജ്. കുറേയേറെ പേർ സ്കോളർഷിപ്പ്, ഇ-ഗ്രാന്റ് വാങ്ങി പഠിക്കുന്നവരാണ്. തിരുവനന്തപുരം നഗരപരിധി വിട്ടുള്ള പ്രദേശങ്ങളിൽ നിന്ന് വരുന്നവരാണ് വിദ്യാർഥികളിൽ ഏറെയും. അധ്യയന മികവിൽ തുടർച്ചയായുള്ള ഉജ്ജ്വല നേട്ടം കാരണം ഇപ്പോൾ വടക്കൻ കേരളത്തിൽ നിന്നും കുട്ടികൾ പഠിക്കാനെത്തുന്നു. വിവിധ ഗവേഷണ വകുപ്പുകളുടേയും മികച്ച ഗവേഷണാന്തരീക്ഷത്തിന്റേയും സാന്നിധ്യം ഗവേഷക വിദ്യാർഥികളേയും അക്കാദമിക വിദഗ്ധരെയും ഒരു പോലെ ഇങ്ങോട്ട് ആകർഷിക്കുന്നു, ' കോളജിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ കോർഡിനേറ്റർ ഡോ. മനോ മോഹൻ ആന്റണി പറയുന്നു.

ജിയോളജിയിൽ ബിരുദാനന്ത ബിരുദവും ജോഗ്രഫിയിൽ ഗവേഷണ വകുപ്പുമുള്ള അപൂർവം ക്യാമ്പസാണ് യൂനിവേഴ്സിറ്റി കോളജ്. കേരള സർവകലാശാലയ്ക്ക് കീഴിൽ ഈ അധ്യയന വർഷം ഏറ്റവും കൂടുതൽ വിദ്യാർഥികൾ ഡിഗ്രി പ്രവേശനത്തിന് അപേക്ഷിച്ചതും ഈ കോളജിൽ തന്നെ. നാക് എ ഗ്രേഡും യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 'കോളജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്' കീർത്തിയുമുള്ള ഈ പുരാതന കോളജിനെ പൈതൃക സ്ഥാപനമായി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിദ്യാർഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകുന്ന പ്രത്യേക സെല്ലും കോളജിൽ സജീവമായി പ്രവർത്തിക്കുന്നു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ എണ്ണം, കോളജിനെക്കുറിച്ച് പുറമെ നിന്നുള്ളവരുടെ അഭിപ്രായം എന്നീ രണ്ട് സൂചികകളിൽ കൂടി നില മെച്ചപ്പെടുത്തിയാൽ കോളജ് ഇന്ത്യയിലെ ഏറ്റവും മികച്ച ആദ്യത്തെ 10 കോളജുകളിൽ ഇടം നേടുമെന്നുറപ്പ്. അതിനുള്ള ഭഗീരഥ പ്രയത്നത്തിലാണ് കോളജ് ഒന്നടങ്കം. ■

മാലിന്യമുക്തം നവകേരളം

# സമ്പൂർണ്ണശുചിത്വകേരളത്തിനായി കൈകോർക്കാം

**സമ്പൂർണ്ണ ശുചിത്വസംസ്ഥാനമായി കേരളത്തെ മാറ്റുക സർക്കാരിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണ്. ഏറെ വെല്ലുവിളികൾ നിറഞ്ഞ വലിയ ദൗത്യമാണിത്. ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടെ കേരളത്തെ സമ്പൂർണ്ണ ശുചിത്വമുള്ള നാടായി മാറ്റാൻ കഴിയും. 2024 മാർച്ചോടെ കേരളത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനായി 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിൻ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ തുടങ്ങിയതിന്റെ പശ്ചാത്തലവും മറ്റൊന്നല്ല**



**എം. ബി. രാജേഷ്**
തദ്ദേശസ്വയംഭരണ–എക്സൈസ് വകുപ്പ് മന്ത്രി



മാലിന്യപരിപാലനത്തിൽ ഇതുവരെയുണ്ടായിരുന്ന രീതികളും സംവിധാനങ്ങളും ജനങ്ങളുടെ മനോഭാവവും മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. മാലിന്യം എവിടെയും വലിച്ചെറിയാമെന്നുള്ള മനോഭാവത്തിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്ന പ്രവണതയിലും കുറവ് കാണാം.

മാലിന്യം ശാസ്ത്രീയമായി തരംതിരിച്ച് സംസ്കരിക്കാനുള്ള പ്രക്രിയയിൽ വീടുകൾ മുതൽ വലിയ സ്ഥാപനങ്ങൾ വരെ ഒരേ മനസ്സോടെ അണിനിരക്കാൻ തുടങ്ങി. അതിന്റെകൂടി ഫലമായി കൊതുക് നിയന്ത്രണം സാധ്യമാക്കാനുമായി. പകർച്ചവ്യാധികളിൽ കുറവുണ്ടാകുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഈ മാറ്റത്തെ വളർത്തിയെടുത്ത് വലിയ പരിവർത്തനമുണ്ടാക്കാനാകും. സർക്കാരും വിവിധ ഏജൻസികളും ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയാണ് പ്രധാനം.

പ്രതിദിനം 10,000 ടണ്ണിലധികം മാലിന്യം കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നു. ഇതത്രയും ശാസ്ത്രീയമായി സംസ്കരിക്കാനുള്ള ആധുനിക സംവിധാനങ്ങളാണ് ഒരുക്കുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന ഖര-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് എം.സി.എഫുകളിലേക്കും ബ്ലോക്ക്തല ആർ.ആർ.എഫുകളിലേക്കും മാറ്റി, അവിടെനിന്ന് ക്ളീൻ കേരള കമ്പനിക്കോ അംഗീകൃത സ്വകാര്യ ഏജൻസികൾക്കോ



സുൽത്താൻ ബത്തേരിയിൽ തെരുവോരങ്ങൾ നല്ല വൃത്തിയോടെയും വെടിപ്പോടെയും കാത്തുസൂക്ഷിച്ചിരിക്കുന്നു. ഒരു കടലാസുകഷണമോ പ്ലാസ്റ്റിക് അവശിഷ്ടമോ എവിടെയും കണ്ടില്ല. നഗരത്തിലെ ജനങ്ങളുടെയും വ്യാപാരികളുടെയും സഹകരണത്തോടെയാണ് നഗരത്തെ വൃത്തിയായും ഭംഗിയായും പരിപാലി ക്കുന്നത്. മികച്ച പൗരബോധത്തിന്റെ കൂടി ഉദാഹരണമാണിത്. സമ്പൂർണ്ണ ശുചിത്വകേരളം സാധ്യമാണെന്നാണ് സുൽത്താൻബത്തേരി നഗരസഭ കാട്ടിത്തരുന്നത്.

കൈമാറാനും ഇപ്പോൾ സംവിധാനമുണ്ട്. 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 30349 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു.

## മാലിന്യ കർമ്മപദ്ധതി

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ ആവശ്യമായ പരിശീലനം നൽകി. ശുചിമുറി മാലിന്യസംസ്കരണത്തിന് ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് എസ്.ടി.പികളും എഫ്.എസ്.ടി.പികളും സ്ഥാപിച്ചു. ജൈവമാലിന്യസംസ്കരണത്തിന് മുച്ചട്ടി കമ്പോസ്റ്റ്, മൺകല കമ്പോസ്റ്റ്, റിങ് കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റ്, ബയോ കംപോസ്റ്റർ ബിൻ, ബക്കറ്റ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, പോർട്ടബിൾ ബയോ ബിൻ കമ്പോസ്റ്റ് എന്നീ സംവിധാനങ്ങൾ വിതരണം ചെയ്യുന്നു. കോഴിമാലിന്യ സംസ്കരണത്തിന് മിക്ക ജില്ലകളിലും റെൻഡറിങ് യൂണിറ്റുകളുണ്ട്.

ശുചിത്വ മിഷൻ, ഹരിതകർമ്മസേന, ക്ലീൻ കേരള കമ്പനി, കേരള ഖരമാലിന്യ പരിപാലന പദ്ധതി(KSWMP), അമൃത്, കില എന്നീ ഏജൻസികളെ ഏകോപിപ്പിച്ച് മാലിന്യ പരിപാലനത്തിന് വ്യക്തമായ കർമ്മപദ്ധതി നടപ്പാക്കുകയാണ്. ദ്രവമാലിന്യ സംസ്കരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ ഭാരത് മിഷൻ (അർബൻ, റൂറൽ), സംസ്ഥാന പദ്ധതികളായ ശുചിത്വ കേരളം (റൂറൽ) എന്നിവ മുഖാന്തരം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. റിട്രോ ഫിറ്റിങ്, സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റ്, ഗ്രേ വാട്ടർ മാനേജമെന്റ് പദ്ധതികൾ, കമ്മ്യൂണിറ്റി/ഇൻസ്റ്റിട്യൂഷൻതല സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റുകൾ എന്നിവയ്ക്ക് ഫണ്ട് വകയിരുത്തുന്നുണ്ട്. മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിലെ ഖരമാലിന്യ സംസ്കരണത്തിന് ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ 2300 കോടിയുടെ പദ്ധതി ആരംഭിച്ചു.

ബ്രഹ്മപുരത്ത് നിലവിലുള്ള മാലിന്യങ്ങൾ സംസ്കരിക്കാനും ഭാവിയിലുണ്ടാകുന്ന മാലിന്യപരിപാലനത്തിനും വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞു.

ബയോമൈനിങ്ങിലും മറ്റ് പ്രവൃത്തികളിലും വീഴ്ച വരുത്തിയ സോണ്ട ഇൻഫ്രാടെക് കമ്പനിയെ ചുമതലയിൽ നിന്ന് ഒഴിവാക്കി. പകരം പുതിയ ഏജൻസിയെ ടെൻഡറിലൂടെ കൊച്ചി കോർപ്പറേഷൻ കണ്ടെത്തും.

യാത്രക്കാർക്ക് പ്രാഥമികകൃത്യം നിർവഹിക്കുന്നതിന് പാതയോരങ്ങളിൽ 716 ടേക്ക് എ-ബ്രേക്ക് കേന്ദ്രങ്ങൾ തുടങ്ങി. 1842 എണ്ണം നിർമ്മിക്കുകയാണ് ലക്ഷ്യം.

## മഴക്കാലപൂർവ ശുചീകരണം പൂർത്തിയായി

മഴക്കാല പൂർവശുചീകരണവും അനുബന്ധ തയ്യാറെടുപ്പുകളും പൂർത്തിയായി. ദുരന്തങ്ങൾ നേരിടുന്നതിന് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. തദ്ദേശസ്ഥാപന തലത്തിൽ ഒരു കെട്ടിടം കണ്ടെത്തി രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ വാങ്ങുകയോ മഴക്കാലത്തേക്ക് വാടകക്കെടുത്തോ സൂക്ഷിക്കണം. ആപതാമിത്ര, സിവിൽ ഡിഫൻസ് തുടങ്ങിയ പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരെ അഗ്നിസുരക്ഷ വകുപ്പിന്റെ മേൽനോട്ടത്തിൽ ഈ കേന്ദ്രവുമായി ബന്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിനും ഒരു ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് മൂന്ന് ലക്ഷം രൂപയും കോർപ്പറേഷന് അഞ്ച് ലക്ഷം രൂപയും വരെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിർദേശിക്കുന്ന ഉപകരണങ്ങൾ വാങ്ങു വാനും സംഭരണകേന്ദ്രം ആരംഭിക്കുന്നതിനും ആവശ്യാനുസരണം ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് അനുവദിക്കും.

**ഡ്രയിനേജ് സംവിധാനങ്ങൾ വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. സുരക്ഷയ്ക്കുള്ള എല്ലാ നടപടികളും മുന്നറിയിപ്പുകളും നൽകും. ഓടകൾ വൃത്തിയാക്കാൻ തുറന്നിടുകയോ സ്ളാബുകൾ തകരുകയോ ചെയ്ത സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നു**

ഡ്രയിനേജ് സംവിധാനങ്ങൾ വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. സുരക്ഷയ്ക്കുള്ള എല്ലാ നടപടികളും മുന്നറിയിപ്പുകളും നൽകും. ഓടകൾ വൃത്തിയാക്കാൻ തുറന്നിടുകയോ സ്ളാബുകൾ തകരുകയോ ചെയ്ത സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നു.

പ്രളയബാധിതരെ താത്കാലികമായി മാറ്റിപ്പാർപ്പിക്കാൻ തയ്യാറാക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ ശുചിമുറികൾ, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തണം. ക്യാമ്പുകൾ നടത്താൻ കണ്ടെത്തിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപന ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും പരസ്യപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

പകർച്ചവ്യാധി പ്രതിരോധ ത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ കൂട്ടായ നേതൃത്വത്തിൽ മറ്റ് വകുപ്പുകൾ, വിവിധ ഏജൻസികൾ എന്നിവയുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും 'ആരോഗ്യ ജാഗ്രത 2023'പരിപാടിയും നടക്കുകയാണ്.

### ജനപങ്കാളിത്തം ആവശ്യം

കേരളത്തെ സമ്പൂർണ്ണ ശുചിത്വമുള്ള സംസ്ഥാനമായി പ്രഖ്യാപിക്കണമെങ്കിൽ ഇതുവരെ ഉണ്ടാക്കിയ നേട്ടങ്ങളും സംവിധാനങ്ങളും നിലനിർത്തി അവ കൂടുതൽ മെച്ചപ്പെടുത്തു കയും ജനങ്ങൾ പൂർണ്ണ മനസ്സാലെ ഇതിൽ ഭാഗഭാക്കാകുകയും വേണം.

ആധുനികജീവിതം നയിക്കുന്ന ഒരു ജനതയാണ് കേരളീയരുടേത്. മനുഷ്യവികസനസൂചികയിലെ കേരളത്തിന്റെ സ്ഥാനം അത് വെളിപ്പെടുത്തുന്നുണ്ട്. വികസിതരാഷ്ട്രങ്ങൾ കൈവരിച്ച നേട്ടങ്ങൾ ഇതിനകം ആർജിച്ചുകഴിഞ്ഞ കേരളം മാലിന്യ സംസ്കരണരംഗത്ത് വേണ്ടവിധം മുന്നോട്ടു പോയിട്ടില്ല. വ്യക്തിശുചിത്വത്തിലും സാമൂഹിക ശുചിത്വത്തിലുമുള്ള അന്തരം ഇന്നും നിലനിൽക്കുകയാണ്.

ജനങ്ങളുടെ സാമൂഹിക ഉത്തരവാദിത്വത്തെ തുടരെത്തുടരെ ഓർമ്മിപ്പിച്ചും സഹകരിച്ചും സമ്പൂർണ്ണ ശുചിത്വകേരളത്തെ നമുക്ക് സാധ്യമാക്കാം. അതിനായി കൈകോർത്ത് പ്രവർത്തിക്കാം. ■



# സംരക്ഷിക്കാം

## കുട്ടികളുടെ സ്വകാര്യതയും അഭിമാനവും

**ബാലാവകാശ കമ്മീഷൻ 2020-ലെ ഉത്തരവ് പ്രകാരം കുട്ടികളുടെ അന്തസ്സിനെ ഹനിക്കുന്ന തരത്തിൽ യാതൊരു പ്രചാരണവും ഉണ്ടാകരുത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.**



**കെ.വി. മനോജ്കുമാർ**
ചെയർമാൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ

**1989**-ലെ യു.എൻ. കൺവെൻഷൻ ഓൺ ചൈൽഡ് റൈറ്റ്സ് ഭാഗമായിട്ടാണ് കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള കരാർ ഒപ്പു വെയ്ക്കുന്നത്. 1992ൽ ഇന്ത്യ ഒപ്പ് വെച്ചതോടുകൂടി കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് പ്രത്യേകം നിയമനിർമ്മാണം നടത്തേണ്ട ആവശ്യകത ഉണ്ടാകുകയും അതിന്റെ ഭാഗമായി കുട്ടികളുടെ അവകാശങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലായ ബാലനീതി നിയമം രാജ്യത്ത് നിലവിൽ വരുകയും ചെയ്തു. കുട്ടികളുടെ സ്വകാര്യതയും അന്തസ്സും ആത്മാഭിമാനവും സംരക്ഷിക്കണമെന്നും ബാലനീതി നിയമത്തിൽ പറയുന്നുണ്ട്. എന്നാൽ പലപ്പോഴും കുട്ടികളുടെ ചിത്രങ്ങൾ ഉപയോഗിച്ച് അവരെ തിരിച്ചറിയുന്ന രീതിയിൽ വിവിധ പരിപാടികൾ നടത്തി, മാധ്യമങ്ങളടക്കം ചിത്രങ്ങൾ പ്രസിദ്ധീകരിച്ച്, അവരുടെ അന്തസ്സിനെ ഹനിക്കുന്ന തരത്തിൽ പ്രചാരണം നടത്തി വരുന്നു. ബാലാവകാശ കമ്മീഷൻ 2020-ലെ ഉത്തരവ് പ്രകാരം കുട്ടികളുടെ അന്തസ്സിനെ ഹനിക്കുന്ന തരത്തിൽ യാതൊരു പ്രചാരണവും ഉണ്ടാകരുത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങൾ കുട്ടികൾക്കായി നടത്താം. എന്നാൽ അത് കുട്ടികളുടെ ചിത്രങ്ങളും വാർത്തകളും പ്രദർശിപ്പിച്ചാകരുത്. ഏതൊരു വ്യക്തിയെയും പോലെ കുട്ടികളുടെ അഭിമാനവും അന്തസ്സും അവർക്ക് വലുതാണ്. അതുകൊണ്ട് അവരെ തിരിച്ചറിയുന്ന രീതിയിൽ വേർതിരിച്ചാവരുത് കുട്ടിയ്ക്ക് പിന്തുണ നൽകാൻ. എന്നാൽ അടുത്ത കാലത്തായി കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുന്ന തരത്തിൽ വാർത്തകൾ വരുന്നുണ്ട്. കുട്ടിയെ തിരിച്ചറിയുന്ന രീതിയിൽ ഒന്നും തന്നെ പ്രസിദ്ധീകരിച്ചുകൂടാ എന്ന് നിയമത്തിൽ കൃത്യമായി തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ അത് കൃത്യമായി പാലിക്കപ്പെടുന്നില്ല.

കഴിഞ്ഞ കുറെവർഷങ്ങളായി സന്നദ്ധസംഘടനകളും സ്വകാര്യവ്യക്തികളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന സഹായവും പഠനോപകരണങ്ങളുടെ വിതരണവും നടത്തുന്നുണ്ട്. ഇത്തരത്തിൽ സഹായങ്ങൾ ചെയ്യുന്നവരിൽ പലരും കുട്ടികൾ സാമ്പത്തികസഹായം സ്വീകരിക്കുന്നതിന്റെ ചിത്രങ്ങൾ മാധ്യമങ്ങളിൽകൂടി പ്രചരിപ്പിക്കുകയാണ്. കുട്ടികളുടെ അനുവാദമില്ലാതെയും അവരുടെ ചിത്രങ്ങൾ ഇത്തരത്തിൽ പ്രദർശിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും കുട്ടികളുടെ മാനസിക വളർച്ചയെയും വ്യക്തിത്വവികാസത്തേയും പ്രതികൂലമായി ബാധിക്കും. സമപ്രായക്കാരായ മറ്റു കുട്ടികൾക്കിടയിൽ ഇവർ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണെന്ന ചിന്ത ഉണ്ടാകുന്നതിനും ഇടയാക്കുന്നു. ഇത്തരത്തിൽ കുട്ടികളെ സാമ്പത്തിക പിന്നാക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചു പ്രദർശിപ്പിക്കുന്നത് സാമൂഹികവിവേചനം കൂടിയാണ്.

കുട്ടികൾക്ക് സർക്കാരോ തദ്ദേശസ്വയംഭരണവകുപ്പോ സന്നദ്ധസംഘടനകളോ സർക്കാരിതരപ്രസ്ഥാനങ്ങളോ സാമ്പത്തികസഹായമോ സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ മറ്റു ആനുകൂല്യങ്ങളുടെ വിതരണമോ പരസ്യമായി നടത്തരുതെന്നും അത്തരം ഫോട്ടോകൾ മാധ്യമങ്ങളിലോ മറ്റോ പ്രസിദ്ധപ്പെടുത്താൻ പാടില്ല എന്നും കമ്മിഷൻ ഉത്തരവായിട്ടുണ്ട്.

ബാലാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള നിയമസഭ



# അഭിമാനം ഈ നിയമസഭാമന്ദിരം

**കേരളത്തിന്റെ നിയമനിർമ്മാണസഭ സ്വതന്ത്രവും പ്രൗഢവുമായ പുതിയ ആസ്ഥാന മന്ദിരത്തിൽ പ്രവർത്തനം തുടങ്ങിയിട്ട് കാൽ നൂറ്റാണ്ട് പിന്നിടുന്നു.**




**എം. വിജയകുമാർ**
മുൻ സ്പീക്കർ, കേരള നിയമസഭ


സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാമന്ദിരത്തിൽനിന്ന് ഇപ്പോഴത്തെ പുതിയ നിയമസഭാമന്ദിരത്തിലേക്കുള്ള മാറ്റം ഒരു നൂറ്റാണ്ടിലേറെ പാരമ്പര്യമുള്ള നമ്മുടെ നിയമസഭാചരിത്രത്തിലെ വേറിട്ട അധ്യായമാണ്. രാജ്യത്തെതന്നെ ഏറ്റവും വലിയ നിയമസഭാമന്ദിരങ്ങളിലൊന്നാണു കേരള നിയമസഭയുടേത്. ഇന്ത്യൻ പാർലമെന്റിന്റെ ഒരു സമ്മേളനം ദില്ലിയിൽനിന്നു ദക്ഷിണേന്ത്യയിൽ ചേരേണ്ടിവന്നാൽ അതിനു സഹായകരമാകണം കേരള നിയമസഭാമന്ദിരം എന്ന ആശയത്തിലാണ് ഇന്നു കാണുന്ന വിശാലമായ മന്ദിരം പിറവി കൊള്ളുന്നത്.

എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ പുതിയ നിയമസഭാ മന്ദിരം 1998 മേയ് 22ന് അന്നത്തെ രാഷ്ട്രപതി കേരളത്തിന്റെ അഭിമാനമായ കെ.ആർ. നാരായണൻ രാജ്യത്തിനു സമർപ്പിച്ചു. മേയ് 22 കേരള നിയമസഭാദിനമായും പ്രഖ്യാപിച്ചു. ഇന്നു പുതിയ നിയമസഭ 25 വർഷം പിന്നിടുമ്പോൾ അതിന്റെ നിർമ്മാണ പൂർത്തീകരണത്തിനു നേതൃത്വം വഹിച്ച പത്താം നിയമസഭയുടെ സ്പീക്കറായി സേവനം ചെയ്യാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യമുണ്ട്, നിറഞ്ഞ അഭിമാനവും.

## 135 വർഷത്തെ ചരിത്രം

135 വർഷത്തെ ചരിത്രവും പാരമ്പര്യവുമുള്ള ഇന്ത്യയിലെ പ്രഥമ നിയമസഭകളിലൊന്നാണു കേരള നിയമസഭ. 1888 മാർച്ച് 30നു രൂപീകരിച്ച തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലാണ് കേരള നിയമസഭയുടെ ബീജരൂപം. 1888 ഓഗസ്റ്റ് 23ന് എട്ടംഗ നോമിനേറ്റഡ് കൗൺസിൽ ദിവാന്റെ അധ്യക്ഷതയിൽ ഇന്നത്തെ സെക്രട്ടേറിയറ്റ് മന്ദിരത്തിൽ പ്രഥമയോഗം ചേർന്നു. 1904 ഒക്ടോബർ ഒന്നിന് തിരുവിതാംകൂറിൽ ശ്രീമൂലം പോപ്പുലർ അസംബ്ലി നിലവിൽ വന്നു. ശ്രീമൂലം പോപ്പുലർ അസംബ്ലിയുടെ ആസ്ഥാനം വിജെടി ഹാൾ (ഇന്നത്തെ അയ്യൻകാളി ഹാൾ) ആയിരുന്നു. 1904 ഒക്ടോബർ 22ന് വിജെടി ഹാളിൽ ആദ്യ നിയമസഭ സമ്മേളനം ചേരുകയുണ്ടായി. 1933 ൽ സെക്രട്ടേറിയറ്റിനോട് ചേർന്നുള്ള പുതിയ മന്ദിരത്തിന്റെ നിർമ്മാണമാരംഭിച്ചു. 1939 ഫെബ്രുവരി എട്ടിന് ആ നിയമസഭാമന്ദിരം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.


കേരള നിയമസഭയുടെ ആരംഭകാലം മുതലുള്ള ഒരു സ്വപ്നമായിരുന്നു സ്വതന്ത്രമായ

ഒരു ആസ്ഥാന മന്ദിരം ഉണ്ടാവുക എന്നത്. പുതിയ നിയമസഭാമന്ദിരത്തിന്, നിയമസഭാകോംപ്ലക്സ് എന്ന പേരിൽ തുടക്കം കുറിച്ചത് 1979 ൽ മുഖ്യമന്ത്രി പി.കെ. വാസുദേവൻ നായരുടെ കാലത്തായിരുന്നു. നിർമ്മാണ നടപടികൾ ആരംഭിച്ചെങ്കിലും പലവിധ കാരണങ്ങളാൽ നിർമ്മാണം വേണ്ടത്ര വേഗത്തിൽ മുന്നോട്ടുപോയില്ല. പത്താം നിയമസഭയുടെ കാലത്താണ് നിർമ്മാണം വേഗത്തിലാക്കി നിയമസഭാ മന്ദിരം നാടിനു സമർപ്പിച്ചത്.

മന്ദഗതിയിലായിരുന്ന നിയമസഭാമന്ദിര നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിനു മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതതലസമിതി രൂപവൽക്കരിച്ചു. അന്നത്തെ നിയമസഭാസ്പീക്കർ എം. വിജയകുമാർ, മുഖ്യമന്ത്രി ഇ.കെ. നായനാർ, പ്രതിപക്ഷ നേതാവ് എ.കെ. ആന്റണി, ധനകാര്യമന്ത്രി ടി. ശിവദാസ മേനോൻ, പൊതുമരാമത്ത് മന്ത്രി പി.ജെ. ജോസഫ് എന്നിവർ അതിൽ അംഗങ്ങളായിരുന്നു. ഒരു വർഷം കൊണ്ടു നിർമ്മാണം പൂർത്തിയാക്കുന്നതിന് ഒരു കൗണ്ട്ഡൗൺ ഷെഡ്യൂൾ തയാറാക്കി. ഓരോ മാസവും. ഓരോ ആഴ്ചയും. ഓരോ ദിവസവും നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തി. അങ്ങനെ 1998ൽ ഇന്നു കാണുന്ന നിയമസഭാമന്ദിരം യാഥാർഥ്യമായി.

കേരളത്തിന്റെ ആഘോഷമായിരുന്നു ഉദ്ഘാടനച്ചടങ്ങ്. മൺമറഞ്ഞുപോയ മുൻ മുഖ്യമന്ത്രിമാരെയും മുൻ സ്പീക്കർമാരെയും എല്ലാ മുൻഗാമികളെയും സ്മരിച്ചുകൊണ്ടുള്ള സ്മൃതിയാത്രകൾ കേരളത്തിൽ നടത്തി. 1939 മുതൽ അരനൂറ്റാണ്ടോളം നിയമസഭാനടപടികൾക്കു സാക്ഷിയായ പഴയ നിയമസഭാമന്ദിരത്തിൽനിന്നു സാമാജികർ കാൽനടയായി പുതിയ നിയമസഭാ മന്ദിരത്തിലേക്കെത്തി. 1998 ജൂൺ 29ന് ഇപ്പോഴത്തെ മന്ദിരത്തിൽ ആദ്യസമ്മേളനം ചേർന്നു.

## സവിശേഷതകളുടെ മന്ദിരം


ഫോട്ടോ: പിആർഡി ആർക്കൈവ്സ്

ജവഹർലാൽ നെഹ്റു പഴയനിയമസഭാമന്ദിരത്തിൽ സാമാജികരെ അഭിസംബോധന ചെയ്യുന്നു. മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് സമീപം

ഏറെ പ്രത്യേകതകളുള്ളതാണ് നമ്മുടെ നിയമസഭാമന്ദിരം. ചെന്നൈ ഐഐടിയുടെ സാങ്കേതിക സഹായത്തോടെയാണു നിർമ്മാണം പൂർത്തിയാക്കിയത്. പ്രധാന കവാടത്തിൽനിന്നു കാണുന്ന 32 പടികൾ കേറിയെത്തു ന്നത് അസംബ്ലി ഹാളിലേക്കാണ്. ഒറ്റ തൂണുപോലുമില്ലാതെ നിർമ്മിച്ച അസംബ്ലി ഹാളിന് 29 മീറ്റർ ഉയരമുള്ള മേൽക്കൂരയാണുള്ളത്. ശബ്ദത്തിന്റെ പ്രതിധ്വനി ഒഴിവാക്കാൻ വിദേശത്തു നിന്നെത്തിച്ച രാസവസ്തുക്കൾകൂടി ഉപയോഗിച്ചാണു ഭിത്തികൾ നിർമിച്ചത്. അസംബ്ലി ഹാളിനു മുകളിലായുള്ള താഴികക്കുടത്തിൽ നിന്നു സൂര്യപ്രകാശം സഭയുടെ നടുത്തളത്തിൽ ലഭിക്കും. മന്ദിരത്തിനു മുന്നിൽ കാണുന്ന സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക മുദ്ര 22 കഷണങ്ങളായി വാർത്ത് ക്രെയിൻ ഉപയോഗിച്ചു കൂട്ടിയോജിപ്പിച്ചതാണ്. എട്ടു ടണ്ണാണ് ഇതിന്റെ ഭാരം. നിയമസഭ ഹാളിനു ചുറ്റും ഉദ്യോഗസ്ഥർക്കും മാധ്യമ പ്രവർത്തകർക്കും പ്രത്യേക ഗ്യാലറിയും സ്പീക്കേഴ്സ് ഗ്യാലറിയുമുണ്ട്. എട്ടുനിലകളുള്ള മന്ദിരത്തിൽ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പ്രതിപക്ഷ നേതാവിനും പ്രത്യേക മുറികളുണ്ട്.

25 വർഷങ്ങൾക്കിപ്പുറം വലിയ മാറ്റങ്ങൾ നിയമസഭാമന്ദിരത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അനുഭവപാഠങ്ങൾ ഉൾകൊണ്ട് ജനാധിപത്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ കരുതലോടെ മുന്നോട്ടുകൊണ്ടു പോകാൻ നമ്മുടെ നിയമസഭക്ക് കഴിയട്ടെ എന്നു പ്രത്യാശിക്കാം. ■

# മഴക്കാലമാണ് മറക്കരുത്

**മൺസൂൺ കാലത്ത് സാധാരണയായി കാണപ്പെടുന്ന അസുഖങ്ങൾ ഇൻഫ്ളുവൻസ (വൈറൽ പനി), ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്കം, ഛർദി തുടങ്ങിയവയാണ്. മഴ കൂടുന്തോറും കൊതുകുജന്യരോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, എലിപ്പനി, മലമ്പനി തുടങ്ങിയവ വർധിക്കാനുള്ള സാഹചര്യവുമുണ്ടാകും**



**ഡോ. പി. എസ്. ഇന്ദു**
കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം വകുപ്പ് മേധാവി,
സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം/
ലോകാരോഗ്യസംഘടന ഡെങ്കി ഉപദേശകസമിതി അംഗം

## ഡെങ്കിപ്പനി

കേരളത്തിൽ മഴക്കാലത്ത് ഏറ്റവും കരുതൽ എടുക്കേണ്ടത് ഡെങ്കിപ്പനി പടരാതിരിക്കാനാണ്. ഡെങ്കിപ്പനിയുടെ കാര്യത്തിൽ കേരളം ഹൈപ്പർ എൻഡെമിക് (hyperendemic) ആയ ഒരു സംസ്ഥാനമാണ്. അതായത് ഡെങ്കിപ്പനി പ ടർത്തുന്ന നാല് തരം വൈറസുകളുടെയും സാന്നിധ്യം കേരളത്തിൽ ഉണ്ട്. ഒരാൾക്ക് ആദ്യമായി ഡെങ്കിപ്പനി വരുമ്പോൾ ടൈപ്പ് ഒന്ന് വൈറസ് കൊണ്ട് ആണ് സംഭവിക്കുന്നതെങ്കിൽ സാധാരണ ഡെങ്കിപ്പനി എന്ന നിലയിൽ അത് സങ്കീർണതകൾ ഒന്നും ഉണ്ടാകാതെ തന്നെ ഭേദമാകും. എന്നാൽ രണ്ടാമത്തെ പ്രാവശ്യം ഡെങ്കിപ്പനി വരുമ്പോൾ അത് മറ്റൊരു തരം വൈറസ് (ഉദാഹരണം ടൈപ്പ് 2 അല്ലെങ്കിൽ 3 ) കാരണമാണെങ്കിൽ സങ്കീർണതകൾ വരാൻ സാധ്യതയുണ്ട്.

വയറുവേദന, ഛർദി, ക്ഷീണം, അസ്വസ്ഥത, മോണയിലോ മൂക്കിലോ രക്തസ്രാവം, അമിത ദാഹം, വിളറിയതും തണുത്തതുമായ ചർമ്മം ഇവയൊക്കെ സങ്കീർണമായ ഡെങ്കിയുടെ ലക്ഷണങ്ങളാണ്. ഇത്തരം സങ്കീർണമായ ഡെങ്കിപ്പനിക്ക് ഐ.സി.യു ചികിത്സ ഉൾപ്പെടെയുള്ള ആശുപത്രി ചികിത്സ അടിയന്തരമായി ലഭ്യമാക്കിയില്ലെങ്കിൽ മരണനിരക്ക് ഉയരാൻ സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ ഹൈപ്പർ എൻഡെമിക് ആയ കേരളം ഡെങ്കിപ്പനിയുടെ കാര്യത്തിൽ തീവ്രജാഗ്രത പുലർത്തേണ്ടതുണ്ട്.

കൊതുക് വളരാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുകയാണ് ഡെങ്കിപ്പനി പ്രതിരോധത്തിൽ ഏറ്റവും പ്രധാനം. വീടും പരിസരവും ഉറവിടവിമുക്തമാക്കുക എന്ന നടപടിയാണ് ഇതിൽ ഏറ്റവും പ്രധാനം. ഇത് ആഴ്ചയിൽ ഒരുദിവസം തുടർച്ചയായി ചെയ്യുകയും വേണം. ഫ്രിഡ്ജിന്റെ ട്രേ, ചെടിച്ചട്ടിയുടെ താഴെവയ്ക്കുന്ന പാത്രം, പുറത്തുകിടക്കുന്ന പാത്രങ്ങൾ, ചിരട്ട തുടങ്ങി വീടുകളിലും ഓഫീസുകളിലും സ്കൂളുകളിലും മാർക്കറ്റുകളിലും ഒക്കെ സാധാരണയായി വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള എല്ലാ ഉറവിടങ്ങളും ഒഴിവാക്കേണ്ടതുണ്ട്. ജനപങ്കാളിത്തവും ഓരോ വ്യക്തിയും സ്വന്തം വീടും പരിസരവും ഉറവിടവിമുക്തമാക്കാൻ എടുക്കുന്ന ജാഗ്രതയും ആണ് ഡെങ്കിപ്പനി പ്രതിരോധത്തിന്റെ ഏറ്റവും പ്രധാന ഇടപെടൽ.

> കൊതുക് വളരാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുകയാണ് ഡെങ്കിപ്പനി പ്രതിരോധത്തിൽ ഏറ്റവും പ്രധാനം

## എലിപ്പനി

പ്രധാനപ്പെട്ട മറ്റൊരു ഇടപെടൽ വേണ്ടത് എലിപ്പനി പ്രതിരോധത്തിലാണ്. കേരളത്തിൽ ഈ വർഷം ഏറ്റവും കൂടുതൽ മരണങ്ങൾക്ക് കാരണമായ സാംക്രമിക രോഗം എലിപ്പനിയാണ്. കെട്ടിക്കിടക്കുന്ന വെള്ളത്തിലൂടെയും കന്നുകാലികൾ ഉൾപ്പെടെയുള്ള മൃഗങ്ങളിലൂടെയും എലിപ്പനി മനുഷ്യരിലേക്കെത്താം.

എലിപ്പനി നേരത്തെ കണ്ടുപിടിക്കുകയാണെങ്കിൽ ആന്റിബയോട്ടിക്ക് കൊണ്ട് ചികിത്സിച്ചു ഭേദമാക്കാം. അതേസമയം നേരത്തെ തിരിച്ചറിയുകയും ചികിത്സിക്കുകയും ചെയ്തില്ലെങ്കിൽ, കരൾ, വൃക്കകൾ, ശ്വാസകോശം എന്നിവയെ ബാധിക്കുകയും ഗുരുതരമായ സങ്കീർണതകൾ ഉണ്ടാവുകയും മരണം വരെ സംഭവിക്കുകയും ചെയ്യാവുന്ന രോഗമാണ് എലിപ്പനി. ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരും, മലിന ജലവുമായി സമ്പർക്കം വരുന്നവരും ഡോക്സിസൈക്ലിൻ ഗുളിക കഴിക്കേണ്ടതാണ്.



## ശുചിത്വം പ്രധാനം

വയറിളക്ക രോഗങ്ങൾ, ടൈഫോയിഡ്, മഞ്ഞപ്പിത്തം, ഭക്ഷ്യവിഷബാധ ഇവയൊക്കെയാണ് മഴക്കാലത്ത് വെള്ളത്തിലൂടെ പകരുന്ന അസുഖങ്ങൾ. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുന്നതാണ് ഏറ്റവും ഉത്തമം. കിണറുകൾ ബ്ലീച്ചിങ്ങ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കണം. ജലദൗർലഭ്യം ഉള്ള സ്ഥലങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ നിലവാരവും ഉറപ്പ് വരുത്തേണ്ടതാണ്.


പനിയുള്ളവർ വിശ്രമിക്കുകയും ധാരാളം വെള്ളം കുടിക്കുകയും ചെയ്യണം. ശാസ്ത്രീയമായ ചികിത്സ ലഭ്യമാക്കുന്നതോടൊപ്പം തന്നെ പ്രധാനമാണ് മറ്റുള്ളവരിലേക്ക് പനി പടരാതിരിക്കാൻ ശ്രദ്ധിക്കണം എന്നത്. കുട്ടികൾ ആണെങ്കിലും മുതിർന്നവർ ആണെങ്കിലും പനിയുള്ളവർ പൂർണ്ണമായും സുഖം പ്രാപിക്കുന്നതുവരെ വീട്ടിൽ തന്നെ ഇരിക്കുന്നത് നല്ലതായിരിക്കും. രോഗത്തിന്റെ രീതി അനുസരിച്ച് ആരോഗ്യ പ്രവർത്തകരുടെ ഉപദേശം തേടുകയും ചികിത്സ തേടുകയും വേണം. എച്ച് വൺ എൻ വൺ തുടങ്ങിയ മറ്റു പനികളും മഴക്കാലത്ത് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. രോഗം വരാതെ നോക്കുന്നതാണ് രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ പ്രധാനം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് രോഗങ്ങളെ അകറ്റിനിർത്താൻ സഹായിക്കും. ■

കെട്ടിക്കിടക്കുന്ന വെള്ളത്തിലൂടെയും കന്നുകാലികൾ ഉൾപ്പെടെയുള്ള മൃഗങ്ങളിലൂടെയും എലിപ്പനി മനുഷ്യരിലേക്കെത്താം

# സ്നേഹമഴ നനഞ്ഞ കുട്ടി



**കെ.പി. രാമനുണ്ണി**
നോവലിസ്റ്റ്,
കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാര ജേതാവ്



ആയിരത്തിത്തൊള്ളായിരത്തി അറുപതിലാണ് ഞാൻ കുടചൂടി, പാടംമുറിച്ച്, വെള്ളംനീന്തി അരക്കിലോ മീറ്റർ ദൂരത്തുള്ള പൊന്നാനി ന്യൂ എൽ. പി. സ്കൂളിലേക്ക് ഒന്നാം ക്ലാസിൽ ചേരാൻ പോകുന്നത്. സ്കൂളിലേക്ക് അനുഗമിച്ച ചന്ദ്രേട്ടൻ സൂത്രത്തിൽ പിൻവലിഞ്ഞതോടെ ഞാൻ അലറിക്കരഞ്ഞു. *"അമ്മേക്കാണണേയ്, അമ്മേക്കാണണേയ്, എനിക്ക് അമ്മേക്കാണണേയ്."* മാഷന്മാരും ടീച്ചർമാരും പ്യൂൺമാരും ഓടിക്കൂടി.

*"ങ്ഹാ, രാമനുണ്ണിക്കുട്ടിക്ക് അറിയുന്ന ഭാനുമതിട്ടീച്ചറ്, ഭാനുവേടത്തി ഇവിടെ ഉണ്ടല്ലോ. പേടിക്കേണ്ട."* ആരോ ആശ്വസിപ്പിച്ചു.

ഉടനെ ഞാൻ എന്റെ കരച്ചിലിന്റെ മട്ടു മാറ്റി. *"ഭാനുവേടത്തിയെ കാണണേയ്, ഭാനുവേടത്തിയെ കാണണേയ്. എനിക്ക് ഭാനുവേടത്തിയെ കാണണേയ്!"*

ബന്ധുവീടുകളിലും കല്യാണച്ചടങ്ങുകളിലും പരിചയപ്പെട്ടിട്ടുള്ള ഭാനുവേടത്തി പെട്ടെന്ന് തിക്കിത്തിരക്കി വന്നു. *വാ, ഉണ്ണ്യേ* എന്ന്പറഞ്ഞ് മിനുസമുള്ള സാരിയിൽ, തൂവെള്ള ഉദരത്തിന്റെ സമീപത്ത് എന്നെ ഒട്ടിച്ച് നിർത്തി. എന്നിലെ കർണ്ണകഠോരൻ ഒന്നടങ്ങി. നിലവിളികൾ തേങ്ങലുകളായി മെരുങ്ങി. ആ ദിവസം ഭാനുവേടത്തിയുടെ, ഭാനുമതിട്ടീച്ചറുടെ കസേരയുടെ ഓരംപറ്റിയാണ് ഞാൻ ഇരുന്നത്. മറ്റു കുട്ടികൾക്കൊപ്പം ബെഞ്ചിൽപ്പോയി ഇരിക്കാൻ കൂട്ടാക്കിയില്ല. ഇന്റർവെല്ലുകൾക്കും ഭാനുമതിച്ചീട്ടറുടെ സാരിത്തലപ്പിൽ തൂങ്ങിപ്പിടിച്ച് നടന്നു.

*"ടീച്ചറ് പെറ്റോ!"*

പിന്നിൽനിന്ന് ആരുടെയോ പരിഹാസശബ്ദം പൊങ്ങി. എന്നാൽ സ്കൂളുമായി ഇണങ്ങിച്ചേരാൻ ഭാനുവേടത്തി എന്നെ സാവകാശം പ്രേരിപ്പിക്കുകയായിരുന്നു. വാലായി കൂടെ നടക്കുന്ന എനിക്ക് അവർ പൂന്തോട്ടം, ക്ലാസുമുറികൾ, നെറ്റിട്ട്മൂടിയ കിണർ ഒക്കെ കാട്ടിത്തന്നു. കുഞ്ഞുലക്ഷ്മിടീച്ചറെയും ത്രേസ്യാമ്മടീച്ചറെയും ഹെഡ് മാസ്റ്റർ എഴുത്തച്ഛനെയും ദൂരെ നിന്ന് ചൂണ്ടിക്കാട്ടിത്തന്നു. *"രാമനുണ്ണിയാണിത്. തലാപ്പിലെ ജാനുവേടത്തീടെ മകൻ."*


ഭാനുമതിട്ടീച്ചർ ഉണർത്തിച്ചതും ങ്ഹാ, നീയാണല്ലേ ഇവിടെ അലറിപ്പൊളിച്ചത് എന്ന ആർമ്മാദത്തോടെ ഗൗരിട്ടീച്ചർ സടകുടഞ്ഞെത്തി. ചിരിച്ചട്ടഹസിച്ച് എന്നെ മുകളിലേക്ക് എടുത്ത്പൊക്കി. തല പിടിച്ചുഴിഞ്ഞു. രണ്ട് കവിളുകളിലും തട്ടി. അലറിയാർക്കുന്ന ചിരിപ്പുഴയിൽ എനിക്ക് പിടിച്ചുനിൽക്കാനായില്ല. സ്കൂളിൽ എത്തിയശേഷം ഞാൻ ആദ്യമായി പല്ലൊന്ന് പുറത്തുകാണിച്ചു. *"മിടുക്കൻ."*അവർ എന്റെ പുറത്ത് താളംപിടിച്ചു. പിന്നീട് ഗൗരിട്ടീച്ചറുടെ മലയാളം ക്ലാസിൽ പോകുമ്പോഴെല്ലാം എന്റെ ചുണ്ടുകൾ അറിയാതെ പൊട്ടിവിടർന്നു, മുല്ലമൊട്ടുകൾ അനാവൃതമായി.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ന്യൂ എൽ.പി.യിലെ ഓരോ ഗുരുക്കന്മാരുടെയും ആത്മാംശങ്ങളാണ് എന്നിൽ ചില ഗുണഗണങ്ങളായി വർത്തിക്കുന്നതെന്ന് കാണാം.

പഠനമാരംഭിക്കുന്ന വിദ്യാലയവും അധ്യാപകരുമാണ് ഏതൊരു വ്യക്തിയുടെയും ഭാഗധേയം ഒരു പരിധി വരെയെങ്കിലും നിർണ്ണയിക്കുന്നത്. സ്ക്കൂൾ തുറപ്പിന്റെ ആ പ്രാധാന്യം ആഘോഷിക്കാനാകാം അന്നേദിവസം കാലവർഷവും തെറ്റാതെ പെയ്യുന്നത്. ■

# ഈറൻ കൂട്ടുപാതകൾ





**അനന്തപത്മനാഭൻ**
**തിരക്കഥാകൃത്ത്**

സ്കൂൾഓർമകൾക്ക് ഒരു പൊതുഭാവമുണ്ട്. നിഷ്കളങ്കതയുടെ മണംപുരണ്ട, പഴയ സെപിയടോണിലെ നിറങ്ങൾ പടർന്ന ഓർമ്മയുടെ ഒരേതാളുകൾ. ഒരേഗൃഹാതുരത, ഒരേബാല്യവിശുദ്ധി, ഒരേനഷ്ടശ്രുതിയുടെ ഏകതാര. പിന്നെ പാതുവിൽ-ഒരേമഴത്തുള്ളികൾ, ഒരേവളപ്പൊട്ടുകൾ, ഒരേമയിൽപ്പീലികൾ, ചോക്പെൻസിലുകൾ, ഒന്നാംപാഠങ്ങൾ. അത്കൊണ്ട് തന്നെ അത്തരം മഷിത്തണ്ട് നനവുകൾക്ക് ഒരേരാഗാവർത്തിയുടെ ഏകതാനത എന്ന അപകടവുമുണ്ട്. ഒരൊറ്റഓർമയുടെ പക്ഷിക്കണ്ണിൽനിർത്തി ഞാനൊന്ന് പിൻതൊടുക്കട്ടെ...

**വർഷം 1978**

ഒന്നാം ക്ളാസിന്റെ കൗതുകങ്ങൾ കുഞ്ഞിക്കണ്ണ് തുറക്കുന്നത് മഴമേഘങ്ങൾ അഴകെട്ടിയ ആകാശത്തേക്കായിരുന്നു.

എപ്പോളും പൊട്ടിവീണുകൊണ്ടിരുന്ന അതിമാരികളിൽ, ഇടിവാളുകളിൽ പകലുകൾ മുനിഞ്ഞുകത്തി. ഇടയ്ക്കിടെ സ്കൂളിൽ വെള്ളംകയറുമ്പോൾ ഞങ്ങളെ പൊട്ടിത്തരിപ്പിച്ചുകൊണ്ട് അവധിപ്രഖ്യാപനം റേഡിയോയും പത്രങ്ങളും വിളിച്ചുപറഞ്ഞു. അങ്ങനെ കരിമാനം തിക്കുമുട്ടിനിന്ന ഒരു സ്കൂൾദിവസം എന്റെ നിയന്ത്രണങ്ങൾ പിടിവിട്ടു. നിക്കറിൽ ശോധനയുടെ മലവെള്ളം നിറഞ്ഞു. പൊത്തിപ്പിടിച്ച് സ്കൂളിലെ ബാത്റൂമിലേക്ക് പാഞ്ഞ എനിക്ക് പുറകിൽ കൂട്ടുകാരുടെ കൂക്കുവിളിക്കുകൾ മുഴങ്ങി. 'തൂറിപപ്പാ' പുറകിൽ ഉയർന്നുകേട്ട ആ കശ്മലൻ മുരളിയുടെ(ഇപ്പഴത്തെ മുരളിഗോപി) ശബ്ദം ഇന്നും കാതിൽകിരുകിരുക്കുന്നു.

കർക്കിടകം, ചിങ്ങവും കന്നിയും കവർന്ന് തുലാത്തിലേക്ക് തുള്ളിയിട്ട് കേറിയപ്പോൾ, തിരുവനന്തപുരത്തിന്റെ ആകാശങ്ങൾ ഒന്നൂടി ചിറികോട്ടിതുറന്നു. മാനത്തെകായൽ താഴേക്ക് പതിച്ച്പരന്നു. എമർജെൻസി സൈറണുകൾ മുഴങ്ങി. സ്ക്കൂളുകളും, ഓഫീസുകളും പൂട്ടാനറിയിപ്പ് വന്നു. കരമനയാർ കരകവിഞ്ഞ് പറമ്പുകളെ വരിഞ്ഞുമുറുക്കിയതോടെ ഞങ്ങൾപഠിച്ചിരുന്ന മന്നംമെമ്മോറിയൽ റെസിഡൻഷ്യൽ ഹൈസ്കൂളിന്റെ ഒരുനില മുഴുവനും മുങ്ങി. ഒറ്റരാത്രി കൊണ്ടുള്ള വെള്ളമേറ്റത്തിൽ ബോർഡിങ്ങിൽ ഉണ്ടായിരുന്ന കുട്ടികൾ ഒറ്റപ്പെട്ടു. പോലീസ് വള്ളങ്ങളുമായി രക്ഷാപ്രവർത്തിനിറങ്ങി. ആ കൂട്ടപ്പൊരിച്ചിലിനിടയിൽ കുട്ടികളുടെ രക്ഷക്കായിവന്ന ഒരു പോലീസ് കോൺസ്റ്റബിൾ, രാമചന്ദ്രൻ അടുത്തുള്ള അമ്പലക്കുളത്തിൽ മുങ്ങിമരിച്ചു എന്നറിഞ്ഞു. പിന്നെ ഒന്നരമാസത്തേക്ക് സ്കൂൾപൂട്ടി.

ഇതേസമയത്തുതന്നെ അച്ഛന്റെ (പി.പത്മരാജൻ) ആദ്യ സംവിധാനസംരംഭം 'പെരുവഴിയമ്പല'ത്തിന്റെ ഷൂട്ടിങ്ങ് തിരുവനന്തപുരത്തിന്റെ കിഴക്കൻ ഗ്രാമപ്രദേശങ്ങളിലും, നെയ്യാർഡാമിന് പിന്നിലെ മലകളിലും തുടങ്ങിയിരുന്നു. ആദ്യസിനിമയുടെ ഉത്സാഹം ഞങ്ങളെമാത്രമല്ല, അയൽവീടുകളെയും ഗ്രസിച്ചു. ചിത്രത്തിലെ കഥാപാത്രമായ പരമുനായരുടെ (ജോസ്പ്രകാശ്) മൂന്നുമക്കളായി തൊട്ടടുത്ത കൊച്ചുകാട്ടിൽ കുടുംബത്തിലെ ഗോപൻചേട്ടനും, മോളിചേച്ചിയും പിന്നെ ഞാനും. ഡയലോഗ് ഒന്നുമില്ല, വെറുതെ സാന്നിധ്യമായി ഇടക്കിടെ ഫ്രെയിമിൽ വന്നുപോയി. മഴയിൽ കുതിർന്ന ഷൂട്ടിങ്ങ് ദിനങ്ങൾ. അതിലൊരുദിവസം ഞങ്ങളുടെ വീട്ടിൽ ഒരു ഫോൺ, അയൽപ്പക്കത്തുള്ള കുമാരൻനായരുടെ മൂത്തമകൻ അനി കോവളം കടലിൽ കൂട്ടുകാരുമൊത്ത് കുളിക്കാൻപോയി. അടിച്ചുഴിയിൽ കടൽ വലിച്ചെടുത്തു. ഒപ്പം പെട്ട്പോയ രണ്ട്പേരെ കടൽമടക്കിക്കൊടുത്തു. അനിച്ചേട്ടനെ കൊണ്ടുപോയി. പെരുവഴിയമ്പലത്തിലഭിനയിക്കുന്ന കുഞ്ഞിച്ചേട്ടന്റെ മൂത്തജ്യേഷ്ഠനാണ് അനി.


ഞങ്ങളുടെ മഴയിൽ കുതിർന്ന റോഡ് കണ്ണീർപ്പാടമായി. ആ വിലാപങ്ങൾക്കിടയിലേക്കാണ് ലൊക്കേഷനിൽനിന്നും അച്ഛനും സംഘവും കുഞ്ഞിച്ചേട്ടനെയും കൊണ്ടുവന്നത്. കനത്തമഴ കുത്തിവീണ രാത്രികൾ. അനിച്ചേട്ടനെ കടൽ മൂന്നാംപക്കവും മടക്കിതന്നില്ല. എന്നേക്കുമായും... ആ കണ്ണീരിൽനിന്നാണ് അച്ഛന്റെ 'മൂന്നാംപക്കം' 10 വർഷങ്ങൾക്കുശേഷം മുളച്ചത്...

വീണ്ടും സ്കൂളിലേക്കുപോകുമ്പോൾ പോലീസുകാരൻ വീണുമരിച്ച കുളത്തിന്റെ പായൽപ്പരപ്പിലേക്ക് ഞങ്ങൾ ഭയത്തോടെ നോക്കി.

ഏതാണ്ട് വേനലവധിയോളംതന്നെ വലിയ അവധി കഴിഞ്ഞാണ് സ്കൂൾമടക്കം.. പക്ഷിക്കുഞ്ഞ് ദേഹത്തെ വെള്ളം കുടഞ്ഞെറിഞ്ഞ് ചിറക്വിരിക്കും പോലെ ദിവസങ്ങൾ നനവെറ്റിയെറിഞ്ഞുണർന്നു-ആ തുലാവർഷത്തോളം ഭീതിദമായ ഒരു സ്കൂളോർമ എനിക്ക് വേറെയില്ല. ■

License to Post Without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: 01.06.2023
KERMAL2014/58028 Price: 12.00
Reg. No. KL/TV(N)/660/2022-2024




Printed and Published by T. V Subhash IAS, Director, Information Public Relations Department on behalf of Government of Kerala and Printed at Orange Printers Pvt Ltd, Thiruvananthapuram, Kerala. Published from Information Public Relations Department, Govt of Kerala, Government Secretariat, Thiruvananthapuram-695001. Editor: T V Subhash IAS